വോള്യം -7 ലക്കം -129 ആഗസ്റ്റ് 2024 മലയാളം - ഇംഗ്ലീഷ്

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

KSFDC

കേരള ഭാഗ്യക്കുറി

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY
Website : www.filca.in E-mail: filcakerala@gmail.com
PH:8089036090

FILCA FILM SOCIETY IN ASSOCIATION WITH KSFDC, PRIYADARSHINI FS, CHALACHITHRA AKADEMY, LOTTERY DEPT. ,BEAM FS, JOINT COUNCIL NANMA FS , BSS CHALACHITHRA MANDALAM .



ഫിലിം വിഷൻ
filca
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





Painting. Aji Adoor

ഓണം ബമ്പർ 25 കോടി!

| 2ാം സമ്മാനം | 3ാം സമ്മാനം | 4ാം സമ്മാനം | 5ാം സമ്മാനം | കൂടാതെ |
|---|---|---|---|---|
| ₹1 കോടി വീതം 20 പേർക്ക് COMMON TO ALL SERIES | ₹50 ലക്ഷം വീതം 20 പേർക്ക്, ഓരോ പരമ്പരയിലും 2 സമ്മാനം. | ₹5 ലക്ഷം വീതം 10 പരമ്പരകൾക്ക് | ₹2 ലക്ഷം വീതം 10 പരമ്പരകൾക്ക് | 5000, 2000, 1000, 500 രൂപയുടെ നിരവധി സമ്മാനങ്ങൾ |

കേരള സംസ്ഥാന ഭാഗ്യക്കുറി

കേരള സർക്കാർ

ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി

**With best compliments from**

ഫിലിം വിഷൻ
filca

Adoor Gopalakrishnan Film Festival
Published by Filca Film Society

KSFDC
കേരള ഭാഗ്യക്കുറി



# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE

AUGUST 2024

INDEX

1 . (വാർത്ത) ദൂരദർശിനികളായ ജാലകങ്ങളാണ് ക്ലാസിക് സിനിമകൾ – ബിനോയ് വിശ്വം – സാം ആന്റണി (ഫിൽക്ക) 11


2 . (പ്രതികരണം) ഫിൽക്കയുടെ ബ്ലൂ പ്ലാനറ്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ – ജോൺ തോമസ് (ഫിൽക്ക) 13


3. കേരളീയ സാമൂഹികതയുടെ നേർക്കാഴ്ചകൾ – ജിജോ ജേക്കബ് ( ഫിൽക്ക 18


4. കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം, നവസിനിമ , അടൂർ ഗോപാലകൃഷ്ണൻ - ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 20


5. അടൂർ ഗോപാലകൃഷ്ണൻ : ജീവിതരേഖ– അർപ്പണ (വൈസ്പ്രസിഡന്റ്,ഫിൽക 22


6. ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പോപ്പുലർ സിനിമകൾ ഉൾപ്പെടുത്തരുത് – അടൂർ ഗോപാലകൃഷ്ണൻ (സാബു ശങ്കർ / ഫിൽക്ക ) 25



7. അടൂരിന്റെ സിനിമയുടെ ലോകം – സുരേഷ്കുമാർ. സി ( ബീം ഫിലിം സൊസൈറ്റി) 31


8. ഫ്യൂഡൽ അവശേഷിപ്പുകൾ – അടൂർ സിനിമയിൽ – തോംസൺ ലോറൻസ് ( പ്രിയദർശിനി ഫിലിം സൊസൈറ്റി) 34


9. സ്വയംവരം – മലയാള സിനിമയിലെ വഴിത്തിരിവ് – ജയചന്ദ്രൻ കല്ലിങ്കൽ (ജോയിന്റ് കൗൺസിൽ – നന്മ ഫിലിം സൊസൈറ്റി ) 36


10. അടൂർ സിനിമയിലെ സ്ത്രീ കഥാപാത്രങ്ങൾ – ആശ നായർ ( ഫിൽക്ക ) 38


11. എലിപ്പത്തായം – വിദ്യ ശോഭന ( ഫിൽക്ക ) 44


12. മുഖാമുഖം – ഷീബ. എസ്. ജെയിംസ് ( ഫിൽക്ക) 48


13. Mathilukal...that speak – Jacintha Morris ( Filca) 52


14. അനന്തരം – വിനോദ്കുമാർ . പി. ( ഫിൽക്ക) 54


15. വിധേയൻ – ഡോ. പി. അജികുമാർ ( ഫിൽക്ക) 56


16. അടൂർ സിനിമകളിലെ പുരുഷ കഥാപാത്രങ്ങൾ– സാം ആന്റണി ( ഫിൽക്ക) 60


17. അടൂർ ഗോപാലകൃഷ്ണൻ ഫിലിം ആർക്കൈവ് ആൻഡ് റിസർച്ച് സെന്റർ – പി. എസ്. ജ്യോതിഷ്കുമാർ ( ഫിൽക്ക) 71


18. നൊമ്പരത്താൽ ഇണക്കപ്പെട്ട പ്രണയ ജീവിതം നയിച്ച ചലച്ചിത്ര പ്രതിഭകൾ – IDSFFK 2024 ജോൺ തോമസ് ( ഫിൽക്ക) 72


Website:www.filca.in
Email:filcakerala@gmail.com

# FILCA FILM SOCIETY

Press Club (SS Ram A/C hall),
Trivandrum.

**PROGRAM** **INAUGURATION:** **10 AM, 27 TUESDAY AUGUST 2024**

**FILCA FILM SOCIETY IN ASSOCIATION WITH KSFDC, PRIYADARSHINI FS, CHALACHITHRA AKADEMY, LOTTERY DEPT. ,BEAM FS, JOINT COUNCIL NANMA FS , BSS CHALACHITHRA MANDALAM .**

Filca


12:05 PM - 12: 50 PM

Inaugural Program


Welcome : **ARPANAA**
( Actress & Vice President , Filca )



Chief Guest : **PADMA VIBHOOSHAN ADOOR GOPALAKRISHNAN**




Festival Inauguration: **RAMESH CHENNITHALA**
(Former Home Minister ).



Presides over: **THOMSON LAWRENCZ**
( President, Priyadarshini Film Society)



About Film Festival : **SABU SANKAR**
(( Novelist, Film Author, Documentary Director )



About Film Magazine: **JAYACHANDRAN KALLINKAL**
( Joint Council - Nanma Film Society)



Felicitation : **PALODU RAVI**
( Former Dy. Speaker & DCC President)



Gratitude : **JACINTHA MORRIS**
( P. R.O Filca )



27 TUESDAY AUGUST, 2024.



# FILCA Adoor Film Festival 2024

കേരള ഭാഗ്യക്കുറി

KSFDC

filca

## SCREENING SCHEDULE

Press Club (SS Ram A/C hall), Trivandrum.

FILCA FILM SOCIETY IN ASSOCIATION WITH KSFDC, PRIYADARSHINI FS, CHALACHITHRA AKADEMY, LOTTERY DEPT. ,BEAM FS, JOINT COUNCIL NANMA FS , BSS CHALACHITHRA MANDALAM .

F I L C A

10:00 AM - 12:01 PM : എലിപ്പത്തായം

12:45 PM -1:25 PM — THESIS FILM: VISUAL GRAMMAR IN ADOOR FILMS / INTERVIEW WITH ADOOR GOPALAKRISHNAN/ FILCA PRODUCTION.

LUNCH BREAK

2:30 PM - 4:35 PM — അനന്തരം

TEA BREAK

4:45 PM - 6:45 PM — മതിലുകൾ

TEA BREAK

7 PM - 8:52 PM — വിധേയൻ

FILCA film society, Trivandrum

filcakerala@gmail.com

PH: 80890 36090



THERE ARE
FILMS
IN
FROM
Golden Sparrow International Film Festival
ONE LEAF INTERNATIONAL FILM FESTIVAL
NFA
IFFK
KERALA STATE FILM AWARDS
Virgin Spring Cinefest
URUVATTI INTERNATIONAL FILM FESTIVAL
CYBER FILM FESTIVAL
MTIFF
DURGAPUR INTERNATIONAL FILM FESTIVAL
Madrid International Film Festival
Eurasia International Monthly Film Festival
Sacramento International Film Festival
Durban International Film Festival
Kalakari
& Curated by the Creators of Cultural contents and more...
Owned by
Department of Cultural Affairs
Government of Kerala
CSPACE
Developed and managed by
Kerala State
Film Development Corporation
WORLD'S FIRST GOVERNMENT OPERATED OTT PLATFORM
GET IT ON Google Play
Download on the App Store

ഫിലിം
filca വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി





ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി






കെ എസ് എഫ് ഇ
ഗോൾഡ് ലോൺ

ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...

കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com



Felicitations to GIRIJA SURENDRAN (ARPANAA),
Vice President, Filca Film Society.
സ്ത്രീജീവിതത്തിന്റെ ഉള്ളാഴങ്ങളിൽ നിന്ന് യാതനകളുടെയും ചെറുത്തുനിൽപ്പിന്റെയും
പ്രമേയം ആസ്പദമാക്കിയുള്ള ധ്വന്യാത്മക ഏകപാത്ര നാടക ആവിഷ്കാരം.
അൻപത് മിനിറ്റ് ദൈർഘ്യമുള്ള ആഖ്യാനം. ഭാരതീയ നാട്യസംസ്കൃതിയുടെ
സംഗീതാത്മക രംഗഭാഷ. രാജ്യാന്തരവേദികളിൽ അവതരിപ്പിക്കാൻ
അനുയോജ്യം. ഫോൺ - 94953 76760
ARPANAA FOUNDATION
ARPANAA FOUNDATION
Thiruvananthapuram
Reg no.38/4/2021
ARPANAA FOUNDATION PRESENTS
KANALATTAM
On stage : GIRIJA SURENDRAN (ARPANAA)
Direction: Dr. Raja Varier, Script : Dr. Aromal.T. ,
Theme : Prabha Varma ( Poetry - Kanalchilambu),
Singer : Kavalam Sreekumar, Light Design : Gireesh Chandran ,
Music : Satheesh. K. Narayanan, Set : Pradeep Ayirooppara ,
Costume: Shobha, Make - Up : Narayanan.

ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി




വാർത്ത

# ദൂരദർശനികളായ ജാലകങ്ങളാണ് സിനിമകൾ - ബിനോയ് വിശ്വം



സാം ആന്റണി
( ഫിൽക്ക)



ഫിൽക്ക ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ബ്ലൂ പ്ലാനറ്റ് ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ഇക്കഴിഞ്ഞ ജൂലൈ ഇരുപത്തിയൊന്നാം തീയതി തിരുവനന്തപുരം ജോയിന്റ് കൗൺസിൽ കെ എൻ രാമൻ ഹോളിൽ വച്ച് നടന്നു. മുൻമന്ത്രിയും മുൻ എം.പിയുമായ ബിനോയ് വിശ്വം ജോയിന്റ് കൗൺസിൽ നന്മ ഫിലിം സൊസൈറ്റിയുടെ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ നോവലിസ്റ്റും പത്രപ്രവർത്തകനുമായ സാബു ശങ്കർ, ജോയിന്റ് കൗൺസിൽ സംസ്ഥാന ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ, എന്നിവർ പ്രസംഗിച്ചു. ഫിൽക്ക പ്രസിഡണ്ട് ഡോ. ബി. രാധാകൃഷ്ണൻ, ഫിൽക്ക വൈസ് പ്രസിഡന്റ് അർപ്പണ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഭൂപ്രകൃതി വിചിന്തന സംബന്ധികളായ അഗിര, ദ് റാത്ത് ഓഫ് ഗോഡ്, ഫിറ്റ്സ്കരാൾഡോ, എ ലൈഫ് ഓൺ അവർ പ്ലാനറ്റ്, എക്സ്റ്റിങ്ഷൻ : ദ് ഫാക്ട്സ് എന്നീ സിനിമകളാണ് ഇത്തവണ പ്രദർശിപ്പിച്ചത്. കെ.എസ്.എഫ്.ഡി.സി, ബീം ഫിലിം സൊസൈറ്റി, ലോട്ടറി ഡിപ്പാർട്ട്മെൻറ്, സൂര്യ ഫിലിം സൊസൈറ്റി, ചലചിത്ര ഫിലിം സൊസൈറ്റി, ജോയിന്റ് കൗൺസിൽ , തലസ്ഥാന പൗര സമിതി എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ജൂലൈ മാസത്തെ ഫെസ്റ്റിവൽ.
ഉൽകൃഷ്ട സംസ്കാര സ്തംഭങ്ങളായി നില കൊള്ളുന്ന ലോക ക്ലാസിക് സിനിമകളുടെ പ്രദർശനം സംഘടിപ്പിക്കുന്ന ഫിലിം



ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി





സൊസൈറ്റികളുടെ പ്രാധാന്യത്തെ കുറിച്ചും ജോയിന്റ് കൗൺസിൽ - നന്മ ഫിലിം സൊസൈറ്റിയുടെ പിറവിയെക്കുറിച്ചും ജയചന്ദ്രൻ കല്ലിങ്കൽ സംസാരിച്ചു.

ഉദ്ഘാടന പ്രസംഗത്തിൽ ബിനോയ് വിശ്വം , കലയോടും സിനിമയോടും ഉള്ള പ്രത്യേക താൽപര്യപ്രകാരമാണ് പുതിയ ഫിലിം സൊസൈറ്റി ഉദ്ഘാടനം ചെയ്യാൻ എത്തിയിരിക്കുന്നത് എന്ന് അറിയിച്ചു. സമൂഹത്തിന്റെ സാംസ്കാരിക തലങ്ങളിലേക്ക് ഇറങ്ങി പ്രവർത്തിക്കാനായി ജോയിന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ പുതുതായി ആരംഭിച്ച ഫിലിം സൊസൈറ്റിയിലൂടെ കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം കൂടുതൽ വളരും . വിദൂരവും അദൃശ്യവുമായ ദേശങ്ങളിലെ ജീവിതങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും മലർക്കെ തുറക്കുന്ന ദൂരദർശനികളായ ജാലകങ്ങളാണ് സിനിമകൾ. മനുഷ്യമനസ്സുകളെ ആഴത്തിൽ സ്വാധീനിക്കാൻ തക്കവണ്ണം അതിശക്തവും സ്തോഭജനകവും സമ്മോഹനങ്ങളുമായ മുഹൂർത്തങ്ങൾ കൊണ്ടു നിറഞ്ഞ സിനിമകൾ മനുഷ്യന്റെ സാമൂഹ്യ സാംസ്കാരിക വളർച്ചയ്ക്ക് ഉതകുന്നവയാണ്. കൊമേഴ്സ്യൽ സിനിമകൾ വിനോദോപാധികളായി നിൽക്കുമ്പോൾ ക്ലാസിക് സിനിമകൾ നമുക്ക് ദൈനംദിന ജീവിതത്തിൽ അത്ര പരിചിതമല്ലാത്ത മനുഷ്യ ജീവിതങ്ങളെയും പ്രകൃതിയുടെ അവസ്ഥകളെയും പ്രശ്നങ്ങളെയും പോരാട്ടങ്ങളെയും അതിനോടൊക്കെയുള്ള അവന്റെ പ്രതികരണങ്ങളെയും കുറിച്ച് വളരെ ആഴത്തിൽ സംസാരിക്കുന്നു. തങ്ങൾക്ക് ഒരു പരിചയവുമില്ലാത്ത, ഒരിക്കലും കണ്ടിട്ടില്ലാത്ത ദേശങ്ങളിലെ ആളുകളുടെ ജീവിതങ്ങളും അനുഭവങ്ങളും പോരാട്ടങ്ങളും വിജയപരാജയ കാരണങ്ങളും ഇത്തരം സിനിമകളിലൂടെ കാണുന്നത് വഴി സാധാരണ മനുഷ്യർക്ക് തങ്ങൾക്ക് പരിചിതമല്ലാത്ത പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിടാൻ മനോബലവും പ്രചോദനവും ലഭിക്കുന്നു എന്നുള്ളത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. ഇത്തരം ക്ലാസിക് സിനിമകൾ പ്രദർശിപ്പിക്കുകയും പ്രചരിപ്പിക്കുകയും അതിനെക്കുറിച്ച് പഠനങ്ങൾ നടത്തുകയും വഴിയായി പുതിയ തലമുറയേയും പഴയ തലമുറയേയും ലോക സംസ്കാരത്തിലേക്കും വിശ്വപൗരത്വത്തിലേക്ക് ഉയർത്തുകയും ചെയ്യുന്ന ശക്തികേന്ദ്രങ്ങളാണ് ഫിലിം സൊസൈറ്റികൾ. കേരളത്തിലെ ഫിലിം സൊസൈറ്റികൾക്കിടയിൽ അതിശക്തവും സുതാര്യവുമായ പ്രവർത്തനങ്ങൾ നടത്തുന്ന ഫിൽക്ക ഫിലിം സൊസൈറ്റിയുമായി യോജിച്ചു ജോയിന്റ് കൗൺസിൽ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നു.

സാബു ശങ്കർ പ്രദർശിപ്പിക്കാൻ പോകുന്ന സിനിമകളുടെ സിനോപ്സിസ് കാണികൾക്കായി വിശദീകരിച്ചു. വൈസ് പ്രസിഡന്റ് അർപ്പണ ഉൽഘാടകനും മറ്റ് അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും നന്ദി പറഞ്ഞു.

ഫിലിം വിഷൻ
filca
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



പ്രതികരണം

# ഫിൽക്കയുടെ ബ്ലൂ പ്ലാനറ്റ് ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ



ജോൺ തോമസ്
( ഫിൽക്ക)


സിനിമയെന്ന ദൃശ്യമാധ്യമം കോടികളുടെ മുതൽമുടക്ക് ആവശ്യമുള്ള കലാരൂപമായി മാറിയിരിക്കുന്നു. കലാമൂല്യമുള്ള സിനിമകളുടെ ആസ്വാദനത്തിന് വലിയ സിനിമാശാലകൾ ലഭ്യമാകാതെ വരുന്ന സാഹചര്യവും നിലവിലുണ്ട്. ആ സാഹചര്യത്തിൽ ചെറിയ ഗ്രൂപ്പുകളിലൂടെ സിനിമാസ്വാദനം നടത്താൻ നിർബന്ധിതമായ കാലയളവാണിത്.

കഴിഞ്ഞ കാൽനൂറ്റാണ്ടായി തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന ഫിലിം സൊസൈറ്റി എന്ന നിലയിൽ , ആസ്വാദകരുടെ ചെറിയ വൃന്ദത്തെ ഉൾക്കൊള്ളുന്ന പുതിയ ഫിലിം സൊസൈറ്റികളുടെ രൂപീകരണത്തിന് മുൻ കൈ എടുക്കുക എന്നത് കാലഘട്ടം ഞങ്ങളോട് ആവശ്യപ്പെടുന്ന ഉത്തരവാദിത്വമാണെന്ന തിരിച്ചറിവോടെ,ഫിൽക്ക ഫിലിം സൊസൈറ്റി നടത്തിയ ഒരു പ്രവർത്തനമാണ് 2024 ജൂലൈ 21 തീയതി കാണാൻ കഴിഞ്ഞത്.

സർക്കാർ ജീവനക്കാരുടെ സർവീസ് സംഘടനയായ ജോയിന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നന്മഎന്ന പേരിലുള്ള ഫിലിം സൊസൈറ്റി രൂപീകരിക്കുന്നതിന് നേതൃത്വം വഹിക്കുക ! അവരോടൊപ്പം ചേർന്ന് ജോയിൻറ് കൗൺസിൽ ഹാളിൽ വച്ച് ബ്ലൂ പ്ലാനറ്റ് ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ എന്ന പേരിൽ ഏകദിന ഫിലിം ഫെസ്റ്റിവൽ നടത്തുക ! ആസ്വാദകനോട് തിയേറ്ററിൽ എത്തി സിനിമ കാണാൻ ആവശ്യപ്പെടുന്നതിന് പകരം നല്ല സിനിമയെ അവരുടെ അടുത്തേക്ക് എത്തിക്കാനുള്ള ശ്രമം.

നന്മ ഫിലിം സൊസൈറ്റിയുടെയും ബ്ലൂ പ്ലാനറ്റ് ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെയും ഉദ്ഘാടനം നിർവഹിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വമായിരുന്നു. വനംവകുപ്പ് മന്ത്രി എന്ന നിലയിൽ പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകി ക്കൊണ്ട് നടത്തിയ പ്രവർത്തനത്തിന് സുഗതകുമാരി ടീച്ചറെ പോലുള്ളവരുടെ അഭിനന്ദനത്തിന് പാത്രമായ രാഷ്ട്രീയ വ്യക്തിത്വമാണ് ബിനോയ് വിശ്വം. ജോയിൻറ് കൗൺസിൽ സംസ്ഥാന സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ, ഫിൽക്കാ ഫിലിം സൊസൈറ്റി ജനറൽ സെക്രട്ടറി സാബു ശങ്കർ എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ലോകത്തിലേക്ക് തുറക്കുന്ന ജാലകമാണ് സിനിമയെന്നു വിശേഷിപ്പിച്ചു.

മാറിയ ലോകത്തിൽ സിനിമയ്ക്കുള്ള സ്ഥാനവും ഫിലിം സൊസൈറ്റികൾക്ക് ഒരു കാലത്തുണ്ടായിരുന്ന പ്രാധാന്യം ഇന്ന് ഇല്ലാതായതിനെക്കുറിച്ചും ബിനോയ് വിശ്വം പരാമർശിച്ചു. സർവീസ് സംഘടനയുടെ നേതൃത്വത്തിൽ ഫിലിം സൊസൈറ്റി രൂപം കൊള്ളുന്നതിനെ




ഫിലിം (വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി



അദ്ദേഹം അഭിനന്ദിച്ചു. സിനിമകൾ പ്രദർശി പ്പിക്കാനുള്ള നല്ല ഹാളുകളുടെ അപര്യാപ്തത, പല ഹാൾ ഉടമകളും ഈടാക്കുന്ന ദുർവ്വഹമായ ചാർജ്, കൂട്ടായിരുന്നു നല്ല സിനിമകൾ കാണാൻ താല്പര്യം ഉള്ള ആൾക്കാരുടെ കുറവ്, സിനിമ കാണാനുള്ള ബദൽ സംവിധാനങ്ങ ളുടെ സാദ്ധ്യത എന്നിവയൊക്കെ കണക്കി ലെടുക്കുമ്പോൾ വലിയ സൊസൈറ്റികൾക്ക് പകരം ചെറിയ ഫിലിം സൊസൈറ്റികൾ രൂപം കൊള്ളുന്നത് ശുഭദോർക്കമായ കാര്യമാണെന്ന് സൂചിപ്പിക്കാതെ വയ്യ.

സിനിമ എന്ന ആധുനിക കാലത്തിന്റെ കലയെ ഗൗരവമായി കാണുകയും കാണുന്ന ചിത്ര ങ്ങളെ പഠനത്തിന് വിധേയമാക്കുകയും ചെയ്യുന്ന ചെറിയ ഗ്രൂപ്പുകൾ. അതാണ് നമുക്ക് ഇന്ന് ആവശ്യം.

ജൂലൈ 21 ന് നടത്തിയ ഫിലിം ഫെസ്റ്റിവലിന്റെ തലക്കെട്ട് ബ്ലൂ പ്ലാനറ്റ് ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ എന്നായിരുന്നു. ഭൂമിക്ക് ബ്ലൂ പ്ലാനറ്റ് എന്ന പേര് ലഭിച്ചതിനെ കുറിച്ച് റിച്ചാർഡ് ആറ്റൻബറോ യുടെ ചിത്രത്തിൽ പറയുന്നുണ്ട്. ചാന്ദ്രയാത്ര നടത്തിയ പേടകത്തിൽ നിന്നും





എടുത്ത ചിത്രങ്ങളാണ് ഭൂമി ഒരു നീലഗോളം ആണെന്ന് തെളിയിച്ചത്.മൂന്നിൽ രണ്ടു ഭാഗം വെള്ളത്താൽ നിറയെപ്പെട്ടു കിടക്കുന്നതു കൊണ്ടാണ് ഭൂമി ഇത്തരത്തിൽ കാണപ്പെടുന്നത് എന്ന അഭിപ്രായവും ശാസ്ത്രജ്ഞന്മാർ നടത്തു ന്നുണ്ട്.

Werner Herzog, Fassbinder എന്നിവരുടെ സിനിമകളാണ് എഴുപതുകളിൽ ഫിലിം സൊസൈറ്റികൾ വഴി ആദ്യമായി കണ്ട ജർമൻ സിനിമകൾ. തുടർന്ന് മാർഗ്ഗരീത്ത വോൺ ട്രോട്ട, വിം വെൻഡേഴ്സ് തുടങ്ങിയവരുടെ ചിത്രങ്ങളും കാണാനുള്ള അവസരം ലഭിച്ചു. തന്റെ ജീവിതം പോലെ തന്നെ സാഹസിക തയും പ്രകൃതി- പ്രപഞ്ചശക്തികളെ വെല്ലുന്ന കഥാപാത്രങ്ങളും ഉള്ള ഹെർസോഗിന്റെ ചിത്രങ്ങൾ പ്രത്യേക താല്പര്യം ഉണർത്തിയ സിനിമകളാണ്. ജർമൻ സിനിമയുടെ മാതൃ ബിംബമായ ലോട്ടീ ഈസ്നർ മരണക്കിലാ യിരുന്നപ്പോൾ അവരെ കാണാൻ ഒരു വ്രതം പോലെ മ്യൂണിച്ചിൽ നിന്നും പാരീസ് വരെ മഞ്ഞിൽ കൂടി നടക്കുക, ചാർലി ചാപ്ലിനെ ആദരപൂർവ്വം സ്മരിച്ചുകൊണ്ട് സ്വയം ഷൂസ് തിന്നുന്ന രംഗം ചിത്രീകരിക്കുക, പറക്കാനുള്ള മോഹം, അപകടം സംഭവിക്കാമെന്ന അനിവാര്യ തയെ മറികടന്ന് ചിത്രീകരിക്കുക, തന്റെ പ്രധാന ചിത്രങ്ങളിൽ നായക കഥാപാത്രങ്ങളെ അവതരിപ്പിച്ച ക്ലോസ് കിൻസ്കിയെതോക്ക് ചൂണ്ടി സാഹസിക രംഗങ്ങൾ ചിത്രീകരി ക്കുക അങ്ങനെ എത്രയെത്ര കഥകളാണ് ഹെർസോഗിനെ കുറിച്ച് കേട്ടത്. 2010ലെ ഐ എഫ് എഫ് കെ യിൽ ലൈഫ് ടൈം അച്ചീവ്മെൻറ് പുരസ്കാരം ഇദ്ദേഹത്തിന് ആയിരുന്നു.Woyzeck, Enigma of Kasper Hauser, Queen of the Desert, Cobra Verde തുടങ്ങിയ അദ്ദേഹത്തിന്റെ സിനിമകൾ ഫിലിം സൊസൈറ്റികൾ വഴി കാണാനും കഴിഞ്ഞു .ഏറ്റവും അവസാനം ഐ എഫ് എഫ് കെ യിൽ മീറ്റിംഗ് ഗോർബച്ചേവ്, Grizzly Man എന്നീ സിനിമകൾ കണ്ടത് ഓർക്കുന്നു. അമേരിക്കൻ പ്രകൃതി സംരക്ഷകൻ Timothy Treadwell ന്റെ

ജീവിതം അദ്ദേഹത്തിന്റെ ദുരന്തപൂർണ്ണമായ അന്ത്യം ഉൾപ്പെടെ ചിത്രീകരിച്ച ഡോക്യുമെൻററി ആണ് Grizzly Man. മനുഷ്യരെക്കാൾ വിശ്വസിക്കാവുന്നവരാണ് കരടികൾ എന്ന് പറഞ്ഞുകൊണ്ടിരുന്ന ട്രെഡ് വെല്ലും സഹപ്രവർത്തകയും അലാസ്കയിൽ വച്ച് തങ്ങൾ തമ്പടിച്ചിരുന്ന കൂടാരത്തിൽ വച്ച് ഒരു കൂറ്റൻ കരടിയാൽ കൊല്ലപ്പെടുന്നത് നിരവധി ഫുട്ടേജുകളുടെ സഹായത്തോടെ ചിത്രീകരിച്ച ഡോക്യുമെൻററി ആയിരുന്നു അത്.

പതിനാറാം നൂറ്റാണ്ടിൽ എൽ ഡൊറാഡൊ എന്ന മിത്തിക്കൽ സ്വർണ്ണ ഭൂമി തേടി ഒരു സ്പാനിഷ്സംഘം ദക്ഷിണ അമേരിക്കയിലെ പെറുവിലെ മലഞ്ചെരുവുകളിലൂടെയും ആമസോൺ നദിയുടെ കൈവഴിയിലൂടെയും നടത്തിയ സാഹസിക യാത്രയാണ് ബ്ലൂ പ്ലാനറ്റ് ഫെസ്റ്റിവലിലെ ആദ്യ ചിത്രമായ അഗ്വിറെ ദി റാത്ത് ഓഫ് ഗോഡിന് പശ്ചാത്തല മായത്. സ്പാനിഷ് രാജാവിന്റെ പ്രതിനിധിയും ക്രൈസ്തവ പുരോഹിതനും ആദിമ നിവാസികളിൽ നിന്ന് റിക്രൂട്ട് ചെയ്യപ്പെട്ടവരും രണ്ട് സ്ത്രീകളുമൊക്കെ അടങ്ങുന്ന സംഘത്തിലെ വൈസ് ക്യാപ്റ്റൻ ആയിരുന്നു സിനിമയുടെ തുടക്കത്തിൽ അഗ്വിറെ. സംഘത്തലവന്റെ ഭാര്യയും അഗ്വീരെയുടെ യൗവനയുക്തയായ മകളും ആണ് സംഘത്തിലെ സ്ത്രീകൾ. ആമസോൺ നദിയിലൂടെയുള്ള യാത്ര ദുഷ്കരം







എന്ന് തിരിച്ചറിയുന്ന സംഘം പിന്തിരിയാൻ ശ്രമിക്കുമ്പോൾ അഗ്വിരെയുടെ സാഹസിക ബുദ്ധിയും പൈശാചിക തന്ത്രവുമാണ് അവരെ മുന്നോട്ടു നയിക്കുന്നത്. സംഘത്തലവനെ ഉന്മൂലനം ചെയ്ത് സംഘത്തിന്റെ നേതൃത്വം അയാൾ നേടിയെടുക്കുന്നു. ആർത്തലച്ച് അതിവേഗം ഒഴുകുന്ന നദിയിലൂടെയുള്ള ചങ്ങാടയാത്രയിൽ ആദിമ നിവാസികളായ ആൾക്കാർ ഉൾപ്പെടെ കുറച്ചുപേർ വനത്തിലേക്ക് രക്ഷപ്പെടുന്നു. മറ്റുള്ളവർ വനവാസികളായ ആൾക്കാരുടെ അമ്പേറ്റും നദിയിലെ ദുഷ്കരമായ യാത്രയെ അതിജീവിക്കാനാവാ തെയും മരിച്ചു വീഴുന്നു. സംഘത്തലവന്റെ ഭാര്യയാകട്ടെ അഗ്വിരേയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ക്രൂരതകളെ താങ്ങാൻ കഴിയില്ല എന്ന വണ്ണം ഒരു സ്വപ്നാടകയെ പോലെ വനത്തിനുള്ളിലേക്ക് കടന്നു പോകുന്നതായി ചിത്രീകരിച്ചിരിക്കുന്നു. ഒടുവിൽ അവശേഷിക്കുന്നത് അഗ്വിരെ മാത്രം. ചങ്ങാടത്തിൽ കടന്നുകൂടിയ കുരങ്ങനെ കയ്യിലെടുത്ത് അയാൾചോദിക്കുന്നു, ഇനി എന്നോടൊപ്പം ആരുണ്ട് ?

1972 ൽ നിർമ്മിച്ച അഗ്വിരെ ദി റാത്ത് ഓഫ് ഗോഡിന്റെ കഥാതന്തുവാണ് മുകളിൽ വിവരിച്ചതെങ്കിൽ പത്തുവർഷത്തിനുശേഷം 1982ൽ നിർമ്മിച്ച ഫിറ്റ്സ് കരാൾഡൊയുടെ പ്രമേയം മറ്റൊരു ഭ്രാന്തൻ സ്വപ്നത്തിന് പിന്നാലെ പോയ മനുഷ്യൻെറ കഥയാണ്. കാട്ടിൽ മലമുകളിൽ ഒരു ഓപ്പറ ഹൗസ് നിർമ്മിച്ച് അവിടെ താൻ സ്നേഹിക്കുന്ന ഓപ്പറ ഗായകൻ



കാരുസോയുടെ പാട്ടുകൾ കേൾപ്പിക്കുക എന്ന സ്വപ്നം. ഇതിനു വേണ്ട പണം റബറിലൂടെ കണ്ടെത്താൻ ഒരു പഴയ കപ്പൽ വിലയ്ക്ക് വാങ്ങി മലയുടെ ഒരു വശത്തുകൂടി ഒഴുകുന്ന നദിയിലൂടെ മലമുകളിലേക്ക് വലിച്ചു കയറ്റി മലയ്ക്കപ്പുറത്തുള്ള അറ്റ്ലാന്റിക് സമുദ്രത്തിൽ ചേരുന്ന നദിയിലേക്ക് എത്തിക്കുക എന്ന സാഹസിക കർമ്മം. ഇതിനു വേണ്ടിയുള്ള ശ്രമത്തിൽ വടംപൊട്ടി ആ യത്നം വിഫലമാവുന്നതോടെ കപ്പൽ വിറ്റ് അതിൽ നിന്നും കിട്ടിയ പണം ഇക്വിറ്റോസിൽ ഒരു ഓപ്പറ സംഘത്തിൻെറ സന്ദർശനത്തിന് വിനിയോഗിക്കുകയാണ് ചെയ്യുന്നത്.
തുടർന്ന് അവതരിപ്പിച്ച രണ്ട് ഡോക്യുമെൻററി ചിത്രങ്ങൾ തന്റെ ആയുഷ്കാലമൊക്കെയും ജന്തുജാലങ്ങളുടെ ജീവിത നിരീക്ഷണത്തിനും പ്രകൃതി- പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടി ചെലവഴിച്ച ഒരു താപസന്റെ - ഡേവിഡ് ആറ്റൻബറോ യുടെ - ചിത്രങ്ങൾ ആയിരുന്നു.

ചെർണോബിൽ ആണവ ദുരന്ത മുഖത്തു നിന്നും ചിത്രീകരിച്ച രംഗങ്ങളോടെയാണ് ഏ ലൈഫ് ഓൺ അവർ പ്ലാനെറ്റ് തുടങ്ങിയത്. ബാലനായ ആറ്റൻബറോ കണ്ട പ്രകൃതി. തുടർന്ന് ഓരോ ഇരുപതു വർഷം കൂടുമ്പോഴും ലോകജനസംഖ്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അമ്പരപ്പിക്കുന്ന പെരുപ്പം, അന്തരീക്ഷത്തിലെ കാർബണിന്റെ സാന്നിധ്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ്, ഭൂമിയിൽ അവശേഷിക്കുന്ന വനത്തിന്റെ വിസ്തൃതിയിൽ വന്നു കൊണ്ടിരിക്കുന്ന ശോഷണം, ഇവയുടെ കണക്ക് കാണിച്ച് ലോകമാസകലം പരിസ്ഥിതിക്ക് വന്നു കൊണ്ടിരിക്കുന്ന മാറ്റം ചിത്രീകരിച്ച് ഇവയെ എങ്ങനെ നമുക്ക് അതിജീവിക്കാം എന്ന് ഉപദേശവും നൽകി അവസാനിക്കുന്ന ചിത്രം. ദുരന്തത്തോടെ മനുഷ്യവാസം തീർത്തും ഇല്ലാതായ ചെർണോബിലിൽ ഇത്രയും വർഷങ്ങൾക്ക് ശേഷം വന്നിരിക്കുന്ന ഗുണപരമായ മാറ്റം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു .അവശേഷിക്കുന്ന വനങ്ങളെ എങ്കിലും നശിപ്പിക്കാതെ നിലനിർത്തുന്നത് നിലവിലുള്ള പക്ഷി മൃഗാദികളുടെ അതിജീവനത്തിനും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ആവശ്യമാണെന്ന് അദ്ദേഹം ഉപദേശിക്കുന്നു... ശ്രീ. പന്ന്യൻ രവീന്ദ്രൻ ഉൾപ്പടെയുള്ള കാണികൾ ഡേവിഡ് ആറ്റൻ



ബറോയുടെ ഈ ചിത്രം കാണാനെത്തിയിരുന്നു. പിന്നീട് മൂവാറ്റുപുഴ ഫിലിം സൊസൈറ്റിയും കോട്ടയത്തെ ന്യൂ വേവ് ഫിലിം സൊസൈറ്റിയും ഈ ചിത്രം പ്രദർശിപ്പിച്ചു. യൂനിവേഴ്സിറ്റി തലത്തിൽ പ്രദർശിപ്പിക്കേണ്ട ചിത്രമാണിത്.

രണ്ടാമത്തെ ചിത്രമായ എക്സ്റ്റിംഗ്ഷൻ: ദ ഫാക്റ്റ്സ് എന്ന ചിത്രത്തിലൂടെ അന്യം നിന്നു പോയതും അതിവേഗം വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്നതുമായ വിവിധ രാജ്യങ്ങളിൽ ഉള്ള മൃഗസമ്പത്തിനെ അദ്ദേഹം നേരിട്ട്

പരിചയപ്പെടുത്തുന്നു.

പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും സ്വാഭാവിക താളത്തെ തകർക്കുകയും തന്റെ താൽപര്യങ്ങൾ നേടിയെടുക്കാൻ ഏതറ്റം വരെ പോകുകയും ചെയ്യുന്ന സ്വേച്ഛാധിപതിയാണ് അഗ്വിരെ. തന്നോടൊപ്പം ഉള്ളവരെ മനസ്സിലാക്കാൻ അയാൾക്ക് കഴിഞ്ഞില്ല. മനുഷ്യൻെറ പരിമിതികളെ കുറിച്ചുള്ള ബോധ്യത്തോടെ ഉപദേശം നൽകിയവരെ കേൾക്കാൻ തുനിഞ്ഞില്ല. I am the wrath of God എന്ന് ഉരുവിടുന്ന അയാൾക്ക് കൂട്ടായി അവസാനം ചങ്ങാടത്തിൽ എത്തുന്നത് വാനര വൃന്ദവും എലികളും. പരിണാമത്തിലേക്കുള്ള തിരിച്ചുപോക്ക് ആയി ഇതിനെ കാണാം. മകളോടൊപ്പം ട്രിനിഡാഡ് വരെയുള്ള പ്രദേശത്തിന്റെ അധിപനായി കഴിയണ മെന്നുള്ള മോഹം വംശുദ്ധിയെ കുറിച്ചുള്ള ഹിറ്റ്ലറിന്റെ ഭ്രാന്തൻ സങ്കൽപ്പങ്ങളെ ഓർമിപ്പിക്കുന്നു എന്നു പറഞ്ഞാൽ ഇത്തരം നിലപാടുകളെ എതിർത്ത ജർമൻകാരനായ സംവിധായകൻ ബോധപൂർവ്വം സിനിമയിൽ ഉൾക്കൊള്ളിച്ചതാണെന്ന് നമുക്ക് അവകാശപ്പെടാം. തെറ്റായ പ്രവർത്തികൾ തിരുത്താൻ ത്രാണിയില്ലാത്ത പൗരോഹിത്യത്തിന്റെ പ്രതിനിധിയും ഈ സിനിമയിലുണ്ട്.

ഫിറ്റ്സ്കരാൾഡൊയിൽ ആകട്ടെ നായക കഥാപാത്രത്തിന്റെ താൽപര്യം നേടിയെടുക്കാൻ വേണ്ടി ഇടിച്ചുനിരത്തുന്ന മലയും വെട്ടിമാറ്റപ്പെടുന്ന വൻ മരങ്ങളും ഈ സംരംഭത്തിൽ ജീവൻ വെടിയേണ്ടി വരുന്ന ആദിമ നിവാസികളും ഒക്കെ പ്രേക്ഷകരുടെ ഉള്ളുലയ്ക്കുന്ന കാഴ്ചയാണ്. സംഗീതത്തിന്റെ മാഹാത്മ്യം ഉൾക്കൊണ്ട വ്യക്തി അത് കേൾപ്പിക്കുവാൻ വേണ്ടി ഓപ്പറ ഹൗസ് നിർമ്മിക്കുവാൻ പ്രകൃതിക്കുമേൽ നടത്തുന്ന കടന്നാക്രമണം ന്യായീകരിക്കാനാവില്ല. അത്തരം യത്നങ്ങൾ പരാജയപ്പെടുമെന്ന സന്ദേശമാണ് ഹെർസോഗിന്റെ രണ്ടു ചിത്രങ്ങളും നൽകുന്നത്. അധിനിവേശം, റബർകൃഷി, ഐസ് നിർമ്മാണം കണ്ട് അമ്പരക്കുകയും കാണുന്നതൊക്കെയും അതീതശക്തികളുടെ വിളയാട്ടം ആണെന്ന് കരുതുകയും ചെയ്യുന്ന ശുദ്ധമനസ്കരായ ആദിമ നിവാസികൾ. അങ്ങനെ അസംബന്ധമെന്നു വിശേഷിപ്പിക്കാവുന്ന പ്രവർത്തികളുടെ ഒരു നീണ്ട നിര ഈ ചിത്രത്തിൽ കാണാം.

മുളന്തണ്ടുകൾ കൂട്ടിക്കെട്ടി നമ്മുടെ ഓടക്കുഴലിനെ അനുസ്മരിപ്പിക്കുന്ന ഉപകരണത്തിലൂടെ ആദിവാസി കേൾപ്പിക്കുന്ന സംഗീതം അഗ്വിരെയിൽ ഉണ്ട്. അധിനിവേശം മൂലം വംശഹത്യ നേരിടുന്ന ഒരു വിഭാഗത്തിൻെറ ആത്മനൊമ്പരത്തിന്റെ ബഹിർസ്ഫുരണമായി ഈ സംഗീതം നമ്മുടെ മനസ്സിൽ നിലനിൽക്കും. ഈ നാലു ചിത്രങ്ങളും വ്യത്യസ്തമായ രീതിയിൽ നമുക്ക് നൽകുന്ന സന്ദേശം ഒന്നാണെന്ന് കാണാം.

നാം അധിവസിക്കുന്ന ഭൂമിയോടും അവയിലെ മനുഷ്യരടക്കമുള്ള ജന്തുജാലങ്ങളോടും ഉള്ള നമ്മുടെ സമീപനം എത്തരത്തിൽ ആയിരിക്കണമെന്ന് ഓർമിപ്പിക്കുന്ന സിനിമകൾ. നമ്മുടെ സംസ്ഥാനത്ത് വയനാട്ടിൽ സമീപകാലത്ത് നടന്ന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ വളരെ പ്രസക്തമായ സന്ദേശം അടങ്ങുന്ന സിനിമകൾ. ബ്ലൂ പ്ലാനറ്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഒരു മുന്നറി യിപ്പായിരുന്നു. വെറും 8 ദിവസങ്ങൾ കഴിഞ്ഞപ്പോഴാണ് വയനാട് പ്രകൃതി ദുരന്തം !



ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# കേരളീയ സാമൂഹികതയുടെ നേർക്കാഴ്ചകൾ



ജിജോ ജേക്കബ്

അടൂർ ഗോപാലകൃഷ്ണൻ ഇന്ത്യൻ സിനിമ യിലെ തന്നെ അഗ്രഗണ്യനും സത്യജിത്ത് റായിയുടെ പിന്തുടർച്ച അവകാശം പറയാവുന്ന ലോക പ്രശസ്ത സംവിധായക നുമാണ്.12 മുഴുനീള ചിത്രങ്ങളും നാല്പതിലേറെ ഡോക്യുമെന്റുകളും ഷോട്ടുകളും നിർമ്മിച്ച അദ്ദേഹം 16 തവണ നാഷണൽ അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്.

വെനീസ് , കാൻസ്, മോസ്കോ, ടൊറോന്റോ തുടങ്ങി ഒട്ടേറെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകളിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. 1984 ൽ ഫ്രാൻസ് ലിജിയൻ ഡി ഓണർ നൽകി ആദരിച്ചിട്ടു ്.1982ൽ എലിപ്പത്തായത്തിന് ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് ലഭിച്ചു. 6 തവണ ഫിപ്രെസ്കി പുരസ്കാരം നേടിയിട്ടുണ്ട്. 2004 ൽ ദാദാ സാഹേബ് ഫാൽക്കേ അവാർഡും 2006 ൽ പത്മവിഭൂഷനും നല്കി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

കലയിൽ മനുഷ്യത്വത്തിന് ഊന്നൽ നൽകുന്ന അദ്ദേഹത്തിൻറെ സിനിമകൾ ഒരേസമയം പ്രാദേശികവും സാർവത്രികവുമാണ്. സംവിധായകൻ എന്ന പേരിന്റെ കൂടെ തന്നെ ചരിത്രകാരൻ, സോഷ്യൽ സൈക്കോളജിസ്റ്റ് എന്നീ പേരുകളും അദ്ദേഹത്തിന് ഇണങ്ങും. കേരളത്തിന്റെ സങ്കീർണ്ണമായ സാമൂഹികരൂപം നവ റിയലിസം വഴി അദ്ദേഹം വരച്ചുകാട്ടുന്നു. കേരളത്തിൻറെ ചരിത്ര ഘട്ടങ്ങളുടെ അനന്യ സവിശേഷത അദ്ദേഹം അവതരിപ്പിക്കുന്നു.

എലിപ്പത്തായം, മുഖാമുഖം , വിധേയൻ, കഥാപുരുഷൻ എന്നിവ പോലെ വ്യക്തമായ പൊളിറ്റിക്കൽ തീമുള്ള, മനുഷ്യബോധങ്ങളെ വിഷയമാക്കുന്ന, സിനിമകളിൽ , ഇന്ത്യയിൽ ഫ്യൂഡലിസം തുടരുന്ന അവസ്ഥ കാണാം .

1960 കളിൽ നെഹ്റുവിന്റെ പഞ്ചവത്സര പദ്ധതികളിലെ ഏറ്റക്കുറച്ചിലുകളും തുടർന്ന് സാമ്പത്തിക അസമത്വവും സൃഷ്ടിച്ച നിരാശയും പലായനവും ഫ്യൂഡലിസത്തിന്റെ അസ്തമയവും ഒക്കെ സോഷ്യൽ റിയലിസ്റ്റ് ചിന്തകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. സാഹിത്യ നവോത്ഥാന എഴുത്തുകാരന്മാരുടെ കൃതികൾ മലയാള സിനിമയെ സ്വാധീനിച്ചിട്ടു്. തകഴി , വൈക്കം മുഹമ്മദ് ബഷീർ, കേശവദേവ് തുടങ്ങിയവരുടെ സാഹിത്യം നവസിനിമയുടെ പ്രചോദനത്തിന് കാരണമായിട്ടുണ്ട് .

1965 – ൽ ആരംഭിച്ച കേരളത്തിലെ ആദ്യ ഫിലിം സൊസൈറ്റി ആയ ചിത്രലേഖ ഫിലിം സൊസൈറ്റി വഴി അടൂർ ഗോപാലകൃഷ്ണൻ നവതരംഗ സിനിമയുടെ വളർച്ചയിൽ സുപ്രധാന സ്വാധീനം ചെലുത്തി . ആധുനിക സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കടന്നുവരവും ചെറുകിട സംരംഭങ്ങളും വിദേശ തൊഴിൽ സാദ്ധ്യതയും പരമ്പരാഗത കാർഷിക സമ്പദ് വ്യവസ്ഥയിലെ പ്രതിസന്ധികളും ഭൂപരിഷ്കരണവും ഫ്യൂഡൽ തറവാടുകളുടെ പ്രതാപവും പഴയ സമ്പദ് ഘടനയും ക്ഷയിപ്പിച്ചു. ആ കേരളീയ പശ്ചാത്തലത്തിൽ എന്താണ് ഒരു വ്യക്തി ? അസ്തിത്വം എന്നാൽ എന്ത് ? സത്യവും മിഥ്യയും എന്ത് ? യാഥാർഥ്യം ഏത് രൂപത്തിലാണ് ? ആത്മവ്യഥ എന്നൊന്ന് ഉണ്ടോ? തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം തേടുകയാണ് ചില ചിത്രങ്ങൾ .


സ്വാതന്ത്ര്യം , തിരഞ്ഞെടുപ്പ് , അകപ്പെടൽ തുടങ്ങിയ വിഷയങ്ങൾ ഗൗരവമായി കൈകാര്യം ചെയ്യുന്നു് എലിപ്പത്തായം. മുഖാമുഖം സ്വയം എരിഞ്ഞടങ്ങുന്ന യൂണിയൻ നേതാവിനെ അവതരിപ്പിക്കുന്നു. പെട്ടെന്ന് ആർക്കും മനസ്സിലാക്കാൻ പറ്റാത്ത നിഗൂഢതയിലേക്ക് പോകുന്ന നേതാവിന്റെ

മൗനം എന്തുകൊണ്ടായിരുന്നു ? വിധേയനിൽ അധികാരത്തിന്റെ പ്രതീകമാണ് പട്ടേലർ .സഹസ്രാബ്ദങ്ങൾ നീണ്ടുനിന്ന അടിമ വ്യവസ്ഥിതി സ്വാതന്ത്ര്യം കഴിഞ്ഞും നില നിൽക്കുന്നു എന്നതിന്റെ സൂചന കാണാം .


അനന്തരം എന്ന സിനിമയിൽ , സമൂഹത്തിൽ നിന്ന് , കുടുംബ സാഹചര്യത്തിൽ നിന്ന്, ഒറ്റപ്പെടുന്ന മനുഷ്യമനസിനെ അടൂർ ഗോപാലകൃഷ്ണൻ നോക്കി കാണുന്നു. മാതാപിതാക്കളുടെ അഭാവവും ഏകാന്തതയും ഒരാളെ എങ്ങനെ മാനസികമായി വിഹ്വല അവസ്ഥയിൽ എത്തിക്കുമെന്ന് അന്വേഷിക്കുന്നു. ജീവിതത്തിൽ കാല്പനികതയും യാഥാർത്ഥ്യവും മാനസിക സംഘർഷത്തിന് ആക്കം കൂട്ടുന്നു. കാല്പനികതയുടെയും യാഥാർത്ഥ്യത്തിന്റെയും അതിർവരമ്പുകൾ നേർത്തതാണ് എന്ന് അനന്തരം ഓർമിപ്പിക്കുന്നു.

അതുപോലെ നിഴൽക്കൂത്ത് എന്ന സിനിമ ഒരു ആരാച്ചാരുടെ മാനസിക സംഘർഷം അവതരിപ്പിക്കുന്നു . കഥാപുരുഷൻ എന്ന സിനിമയാവട്ടെ, ഗാന്ധിയുടെ കൊലപാതകം ,1968ലെ നക്സൽ മൂവ്മെൻറ്, 1975ലെ അടിയന്തരാവസ്ഥ എന്നിവ പ്രതിപാദിക്കുന്നു.ജാതി വിവേചനം സൃഷ്ടിക്കുന്ന സാമൂഹിക മതിലുകൾ ഈ സിനിമ വിളിച്ചോതുന്നു.ഫ്യൂഡലിസം പിന്നെയും പ്രതിപാദ്യവിഷയമാകുന്നു.നക്സൽ ആശയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച കഥാപുരുഷൻ ജയിൽവാസം കഴിഞ്ഞതിനു ശേഷം യാഥാർഥ്യം തേടി എഴുത്തുകാരൻ ആവുകയാണ് .

ഒരു പെണ്ണും രാണ്ടും എന്ന ചിത്രത്തിൽ പങ്കിയമ്മ തന്റെ സ്വാതന്ത്ര്യത്തിലേക്ക് കുതിക്കുന്നു. കുഞ്ഞിപ്പെണ്ണം കാമാക്ഷിയും തങ്ങളുടെ നിലനിൽപ്പിന് വേിയുള്ള അലച്ചിൽ നിർത്തുന്നില്ല.ഒരിക്കലും തടുക്കാൻ ആവാത്ത നിശ്ചയദാർഢ്യത്തെയും പ്രത്യാശയെയും നാൾ പെണ്ണുങ്ങളിലെ സ്ത്രീകഥാപാത്രങ്ങൾ സൂചിപ്പിക്കുന്നു. നിരവധി ചരിത്ര നേർക്കാഴ്ചകൾ കലാപരമായി ആവിഷ്കരിച്ച , കേരള സമൂഹത്തിനും സിനിമയ്ക്കും പകരം വയ്ക്കാൻ പറ്റാത്ത , ക്ലാസിക് സംഭാവനകൾ നല്കിയ , മഹത്വമുള്ള സംവിധായകനാണ് ശ്രീ അടൂർ ഗോപലകൃഷ്ണൻ



# കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനം , നവസിനിമ , അടൂർ ഗോപാലകൃഷ്ണൻ



ഡോ.ബി.രാധാകൃഷ്ണൻ
(പ്രസിഡന്റ് ,ഫിൽക്ക )

ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ ലോകചരിത്രം നോക്കിയാൽ നൂറ്റിമൂന്ന് വർഷം പിന്നിട്ടിരിക്കുന്നു . 1921 -ൽ പാരീസിൽ തുടങ്ങിയ ഫിലിം ക്ലബ് വഴി യൂറോപ്പിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം പിന്നീട് വിപുലീകൃത ഏകോപിത സംഘടന യായി. അവിടെയും പുതിയ രാജ്യാന്തര സംഘടനകൾ രംഗത്ത് വന്നു പ്രവർത്തി ക്കുന്നു . യുനെസ്കോ ഉൾപ്പടെ ചലച്ചിത്രകലയെ ലോകമാകെ എത്തിക്കുവാനും മെച്ചപ്പെട്ട ആസ്വാദന സമൂഹത്തെ വളർത്തിയെടുക്കു വാനും ശ്രമിക്കുന്നു . മനുഷ്യചരിത്രത്തിൽ മെച്ചപ്പെട്ട ബോധനിലവാരത്തെ കലാപരമായി പ്രോത്സാഹിപ്പിക്കുന്നു .

ഇന്ത്യയിൽ ബോംബെ ഫിലിം സൊസൈറ്റി 1942 -ലാണ് ആരംഭിച്ചത് . അങ്ങനെ നോക്കിയാൽ 82 വർഷം . 1954 -ൽ സത്യജിത് റായിയുടെ നേതൃത്വത്തിൽ , ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിസ് ഓഫ് ഇന്ത്യ കൽക്കത്തയിൽ രജിസ്റ്റർ ചെയ്ത് , പാരീസിലെ ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിസിൽ ചേർന്ന് വിവിധ സംസ്ഥാനങ്ങളിലായി പ്രവർത്തിക്കാൻ തുടങ്ങി . കേരളത്തിൽ , 1965 -ൽ ആരംഭിച്ച ചിത്രലേഖ എന്ന ആദ്യ ഫിലിം സൊസൈറ്റിയ്ക്ക് നേതൃത്വം നൽകിയത് പദ്മ വിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ .

സ്ഥല - കാല അനുഭവങ്ങളുടെ പുന രാവിഷ്കാര പ്രതലത്തിൽ സാധാരണ യുക്തിക്കുപരി , കഥാരംഗമാണെങ്കിൽ കൂടി , ആന്തരികമായി ഒരു ചർച്ച തന്നെ നിശബ്ദമായി സിനിമയിൽ നടക്കുന്നു . അതാണ് കാമ്പുള്ള സിനിമ . അത് ആനുഭൂതിക അഴക് കൂടിയാണ് . കാലഭേദ പരിധികൾക്കപ്പുറം എളുപ്പം സഞ്ചരിക്കുന്ന സിനിമ ദൃശ്യകലയിലെ ശൈലീമാറ്റങ്ങൾക്കും സാക്ഷ്യം വഹിക്കുന്നു . അങ്ങനെ ചിന്തിക്കുമ്പോഴാണ് മലയാളത്തിലെ യഥാർത്ഥ നവസിനിമയുടെ തുടക്കം അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരം ആണെന്ന് നാം തിരിച്ചറിയുന്നത് .

തീയേറ്റർ ടിക്കറ്റ് കൗണ്ടറിലെ കളക്ഷൻ മാന ദണ്ഡമാക്കിയുള്ള കമ്പോള സിനിമ ഒരു സമൂഹത്തിന്റെ സാംസ്കാരിക പ്രവർത്തന മാകുന്നില്ല . അവികസിത സമൂഹത്തിന്റെ നിലവാരത്തിന് അനുസൃതമായ ഒരു വിനോദോപാധിയാവുക എന്നതിന് അപ്പുറം അതിനു സ്വന്തമായ അസ്തിത്വം ചലച്ചിത്രകലയുടെ ചരിത്രത്തിലില്ല . അത് അത്തരം പാതയിലെ ലക്ഷ്യവുമല്ല . വൈജ്ഞാനിക സാക്ഷരത നേടുന്ന ന്യൂനപക്ഷ പ്രേക്ഷകർ പ്രതീക്ഷിക്കുന്ന കലാസൃഷ്ടികളുമല്ലത് . കേരളത്തിന്റെ സാംസ് കാരിക മണ്ഡലത്തിൽ അത്തരം സിനിമകൾക്ക് പ്രസക്തിയുമില്ല . ഇതിനെ മുഖ്യധാര എന്ന് പറയാനുമാവില്ല . മുഖ്യമായത് ഒരു മാധ്യമം എന്ന നിലയിൽ , സാംസ്കാരിക കലാ പ്രവർത്തനമെന്ന് നിലയിൽ , ഔന്നത്യമുള്ള സ്വതന്ത്ര സർഗ്ഗ സൃഷ്ടികളാണ് . ഈ ക്ലാസിക് ധാരയാണ് മുഖ്യമായത്. തരം താഴ്ന്നതിനെ മുഖ്യധാരയെന്നു പറയുമ്പോൾ അത് മലയാളത്തിന് അഭിമാനക്ഷതമുണ്ടാ ക്കുന്ന കാര്യമാണ് . മുഖ്യമായതിനെ സമാന്തര മെന്നു പറയുന്നതിൽ ആരുടെയോ ഒരു ആക്ഷേപം ഒളിഞ്ഞിരിപ്പില്ലേ ? എന്തായാലും മാധ്യമങ്ങൾ കാര്യമറിയാതെ പിന്തുടരുന്ന പദപ്രയോഗമായ സമാന്തര സിനിമ അല്ലെങ്കിൽ നവതരംഗ സിനിമ , സ്വയംവരം ഇറങ്ങിയ 1972 മുതൽ അതിവേഗം മുന്നോട്ട് പോകുകയും ചിലപ്പോൾ മാന്ദ്യത്തിലാവുകയും ഇടയ്ക്കിടെ വഴിതെറ്റുകയും ചെയ്തുപോരുന്നു .




അടൂർ ഗോപാലകൃഷ്ണന് ദേശീയവും അന്തർദേശീയവുമായ പുരസ്കാരങ്ങൾ ഒട്ടേറെ ലഭിച്ചിട്ടു് . പുരസ്കാരങ്ങൾക്കപ്പുറം ചരിത്രത്തിൽ നിലനിൽക്കുന്ന,ഇന്നും എന്നും ചർച്ച ചെയ്യുന്ന,എപ്പോഴും നവ്യാനുഭവമുള്ള, സർഗ്ഗ സൃഷ്ടികളാണ് യഥാർത്ഥ സിനിമകൾ . പുരസ്കാരങ്ങൾ കലയുടെ ചരിത്രാപ ഗ്രഥനത്തിൽ മൂല്യമോ മാനദണ്ഡമോ അല്ല . അടൂർ സിനിമകൾ കാലത്തെ അതിജീവിക്കുന്നു .

എഫ്.എഫ്.എസ്.ഐ യിൽ അംഗമായ ഫിൽക്ക ഫിലിം സൊസൈറ്റി 25 – )o വർഷത്തിലേക്ക് പ്രവേശിക്കുകയാണ് . ഫിൽക്കയുടെ പ്രതിമാസ രാജ്യാന്തര ചലച്ചിത്രമേളയിൽ, ഓഗസ്റ്റ് മാസം 27 ന് പ്രസ് ക്ലബിൽ വെച്ച് , അടൂർ സിനിമകളുടെ ഉത്സവമാണ് . ഫിൽക്കയുടെ ആരംഭം മുതൽക്കേ സഹകരിക്കുന്ന അടൂർ ഗോപാലകൃഷ്ണൻ തന്നെയാണ് മുഖ്യാതിഥി . ഫിൽക്കയുടെ ഫിലിം വിഷൻ ഡിജിറ്റൽ മാഗസിന്റെ ഓഗസ്റ്റ് ലക്കം അടൂർ സിനിമാ പതിപ്പാണ് . കൂടാതെ , ദൃശ്യവ്യാകരണം – അടൂർ സിനിമയിൽ എന്നൊരു അഭിമുഖചിത്രവും ( 37 മിനിറ്റ് ) പ്രദർശനത്തി നായി ഫിൽക്ക ഒരുക്കിയിട്ടു് . സഹകരിച്ചവർക്ക് കൃതജ്ഞത . ഏവർക്കും സ്വാഗതം .



# അടൂർ ഗോപാലകൃഷ്ണൻ : ജീവിതരേഖ



അർപ്പണ
(വൈസ് പ്രസിഡന്റ്,ഫിൽക്ക)



ഇന്ത്യൻ സിനിമയിലെ പ്രതിഭാശാലിയായ സംവിധായകനാണ് അടൂർ ഗോപാലകൃഷ്ണൻ. അദ്ദേഹം സംവിധാനം ചെയ്ത ചലച്ചിത്രങ്ങൾ എല്ലാം തന്നെ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ടവയാണ്. എഴുത്തുകാരൻ , സംവിധായകൻ, തിരക്കഥാകൃത്ത്, എന്ന നിലയിൽ പ്രസിദ്ധി നേടിയ അടൂർ ഗോപാല കൃഷ്ണൻ 1941-ൽ ജൂലൈ 3 ന് പത്തനംതിട്ടയിൽ കഥകളിയെയും മറ്റ് ക്ലാസിക്കൽ പെർ ഫോമിംഗ് കലകളെയും പരിപോഷിപ്പിക്കുന്ന കുടുംബത്തിൽ മാധവൻ ഉണ്ണിത്താന്റെയും ഗൗരി കുഞ്ഞമ്മയുടെയും മകനായി (മൗട്ടത്തു ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ ) ജനിച്ചു.

എട്ടാം വയസ്സിൽ തന്നെ അമച്വർ സ്റ്റേജിൽ അഭിനയിച്ചു തുടങ്ങി. വിദ്യാർത്ഥി കാലഘട്ടത്തിൽ നിരവധി സ്റ്റേജ് നാടകങ്ങൾ എഴുതി സംവിധാനം ചെയ്തു. ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ബിരുദം നേടി യത്. പൊളിറ്റിക്കൽ സയൻസിലും പബ്ലിക് അഡ്മിനി സ്ട്രേഷനിലും ബിരുദം നേടിയ ശേഷം, അദ്ദേഹം തമിഴ് നാട്ടിലെ ദിഗലിനടുത്ത് സർക്കാർ ഉദ്യോഗസ്ഥ നായി ജോലി ചെയ്തു.

1962- ൽ പൂനെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ തിരക്കഥാരചന യും സംവിധാനവും പഠിക്കാൻ ജോലി ഉപേക്ഷിച്ചു. അവിടെ നിന്ന് ഇന്ത്യാ ഗവൺ മെന്റിന്റെ സ്കോളർഷിപ്പോടെ കോഴ്സ് പൂർത്തിയാക്കി.സഹപാഠികളും സുഹൃത്തു ക്കളും ചേർന്ന് ഗോപാലകൃഷ്ണൻ ചിത്രലേഖ ഫിലിം സൊസൈറ്റിയും ചലച്ചിത്ര സഹകരണ സംഘവും സ്ഥാപിച്ചു. കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റിയാണ് ഈ സംഘടന. സഹകരണ മേഖലയിലെ സിനി മകളുടെ നിർമ്മാണം, വിതരണം, പ്രദർശനം എന്നിവയായിരുന്നു ലക്ഷ്യം. അടൂർ ഗോപാ ലകൃഷ്ണന്റെ ആദ്യചിത്രം, ദേശീയ അവാർഡ് നേടിയ സ്വയംവരം (1972) മലയാള ചലച്ചിത്ര

ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് . സ്വയംവരം സിനിമയോടെ അടൂർ ഗോപാലകൃഷ്ണൻ മലയാള സിനിമയിൽ പുതിയ തരംഗത്തിന് തുടക്കമിട്ടു. മികച്ച സിനിമയ്ക്കുള്ള ദേശീയ അവാർഡുകൾ ലഭിച്ചെങ്കിലും മികച്ച സിനിമയ്ക്കുള്ള സംസ്ഥാന അവാർഡിൽ നിന്നും ഒഴിവാക്കപ്പെട്ടു. മെൽബൺ, ലൻ, പാരീസ് എന്നിവിടങ്ങളിൽ നടന്ന വിവിധ അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ ഈ ചിത്രം പ്രദർശിപ്പിച്ചു .


കൊടിയേറ്റം എന്ന സിനിമയ്ക്കും ദേശീയ - സംസ്ഥാന അവാർഡുകൾ ലഭിച്ചു. എലിപ്പത്തായം, മുഖാമുഖം, അനന്തരം, മതിലുകൾ, വിധേയൻ, കഥാപുരുഷൻ എന്നീ ചിത്രങ്ങൾ വിവിധ അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ നിരൂപകരുടെ സ്വീകാര്യത നേടുകയും പുരസ്കാരങ്ങൾ നേടുകയും ചെയ്തു. താൻ തൂക്കിക്കൊന്നയാൾ നിരപരാധിയാണെന്ന് മനസ്സിലാക്കുന്ന ആരാച്ചാരുടെ അനുഭവങ്ങൾ വിവരിക്കുന്ന നിഴൽക്കുത്ത്, തകഴി ശിവശങ്കരപ്പിള്ളയുടെ നാല് ചെറുകഥകളുടെ ചലച്ചിത്രാവിഷ്കാരമായ നാലു പെണ്ണുങ്ങൾ , രണ്ടാണും ഒരു പെണ്ണും, പിന്നെയും എന്നിവയാണ് അടൂർ ഗോപാലകൃഷ്ണന്റെ മറ്റ് ചിത്രങ്ങൾ. മികച്ച ചിത്രത്തിനുള്ള അവാർഡുകൾ കൂടാതെ, മികച്ച സംവിധായകൻ, മികച്ച തിരക്കഥ എന്നിവയ്ക്കും അഭിനേതാക്കൾക്കും സാങ്കേതിക വിദഗ്ധർക്കും അവാർഡുകൾ ലഭിച്ചിട്ട് . ചിത്രങ്ങൾ കാൻസ്, വെനീസ്, ബെർലിൻ, ടൊറന്റോ , ലൻ, റോട്ടർഡാം തുടങ്ങി എല്ലാ പ്രധാന മേളകളിലും ലോകമെമ്പാടും പ്രദർശിപ്പിച്ചിട്ടുണ്ട്.

അഞ്ച് പതിറ്റാണ്ടിലേറെ നീണ്ട ചലച്ചിത്ര ജീവിതത്തിൽ 12 ഫീച്ചർ സിനിമകളും നിരവധി ഡോക്യുമെന്ററികളും നിർമ്മിച്ചു. അദ്ദേഹത്തിന്റെ സിനിമകൾ കേരളത്തിന്റെ സമൂഹത്തെയും സംസ്കാരത്തെയും ചിത്രീകരിക്കുന്നു .തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കി കൊണ്ടാണ് ചലച്ചിത്ര പ്രവർത്തനങ്ങൾ നിർവഹിച്ചത്. അദ്ദേഹത്തിന്റെ ഭാര്യ സുനന്ദ 2015 ൽ അന്തരിച്ചു. മകൾ അശ്വതി ഡോർജെ ഐ.പി.എസ് ഓഫീസറാണ് (അസം കേഡർ,2000 ബാച്ച്). 2010 ജൂൺ



മുതൽ മുംബൈയിൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണറായി പ്രവർത്തിക്കുന്നു .സത്യജിത്ത് റേയ്ക്കും മൃണാൾ സെന്നിനും ഒപ്പം ലോക സിനിമയിലെ ഏറ്റവും അംഗീകൃത ഇന്ത്യൻ ചലച്ചിത്ര സംവിധായകരിൽ ഒരാളാണ് അടൂർ ഗോപാല കൃഷ്ണൻ. സംസ്ഥാന - ദേശീയ - അന്തർദേശീയ പുരസ്കാരങ്ങൾ കൂടാതെ ദാദാ സാഹേബ് ഫാൽക്കെ അവാർഡ്, ജെ.സി.ഡാനിയേൽ അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്.

ഇന്ത്യൻ സിനിമയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ കണക്കിലെടുത്ത് രാഷ്ട്രം 1984-ൽ പത്മശ്രീയും 2006-ൽ പത്മവിഭൂഷൺ ബഹുമതിയും നൽകി ആദരിച്ചു.



ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പോപ്പുലർ സിനിമ ഉൾപ്പെടുത്തരുത് - അടൂർ ഗോപാലകൃഷ്ണൻ



സാബു ശങ്കർ ( ഫിൽക്ക)
(നോവലിസ്റ്റ് , ചലച്ചിത്ര ഗ്രന്ഥകാരൻ,
സീരിയൽ -ഡോക്യുമെന്ററി സംവിധായകൻ)



## ദൃശ്യ വ്യാകരണം അടൂർ സിനിമകളിൽ - അഭിമുഖചിത്രം

*( ദൃശ്യ വ്യാകരണം - അടൂർ സിനിമകളിൽ . അടൂർ ഗോപാലകൃഷ്ണനുമായി സാബു ശങ്കർ നടത്തിയ അഭിമുഖ ചിത്രത്തിൽ നിന്ന്....)*

**അടൂർ ഗോപാലകൃഷ്ണൻ :**

നിയോ റിയലിസം എന്ന് പറയുന്നത് രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ദുരിതാവസ്ഥകളും തൊഴിലില്ലായ്മയും നിറഞ്ഞ മനുഷ്യ ജീവിതത്തിന്റെ യാഥാർഥ്യമാണ് കാണിക്കുന്നത് . ബൈസിക്കിൾ തീവ്സ് എന്ന ചിത്രമാണ് ഉദാഹരണം . നിയോ റിയലിസത്തിൽ നിന്ന് മാറ്റമുായത് ഫെല്ലി നിയുടെ ലാ സ്ട്രാഡ എന്ന ചിത്രത്തോടെ യാണ് . ഇന്ത്യൻ സിനിമയിൽ സത്യജിത് റായിയുടെ പഥേർ പാഞ്ജലിയെ കുറിച്ച് അത് നിയോ റിയലിസം ആണെന്ന് നിരൂപ കർ പറയുന്നു . അത് ശരിയല്ല . 1910 കളിലെ സാമൂഹിക യാഥാർഥ്യമാണ് ബിഭൂതി ഭൂഷന്റെ നോവലിലുള്ളത് . അതാണ് ആ ചിത്രത്തിലൂടെ കാണിക്കുന്നത് . അത് നിയോ റിയലിസം അല്ല . റായിയുടെ സിനിമയിൽ ലിറിക്കൽ റിയലിസം - കാവ്യാത്മക യാഥാർഥ്യം ആണ് ഉള്ളത് .

റിയലിസം എന്നുപറഞ്ഞാൽ നമുക്ക് മുന്നിലുള്ള യാഥാർഥ്യത്തെ അതേ പടിഒപ്പി യെടുക്കുന്നതല്ല . സിനിമയിലെ ബാഹ്യ ത്തിൽ നിന്ന് ഉള്ളിലേക്ക് കടക്കണം . ഉള്ള് കാണിക്കണമെങ്കിൽ സിനിമയുടെ ബാഹ്യത്തിൽ നിന്ന് യാഥാർഥ്യത്തിലേക്ക് കടക്കണം . പല സിനിമകളും ബാഹ്യതലത്തിനപ്പുറത്തേക്ക് പോകുന്നില്ല . സിനിമയിൽ ബാഹ്യത്തിൽ കാണുന്ന യാഥാർഥ്യം ഉള്ളിലേക്കുള്ള വഴിയാവണം . റായിയുടെ പടങ്ങളിലെ ലിറിക്ക ൽ റിയലിസമല്ല എന്റെ പടങ്ങ ളിൽ ഉള്ളത് . എന്റേത് കേരളത്തിലെ യാഥാർഥ്യത്തിന്റെ പശ്ചാത്തലമാണ് . അത് പ്രതിപാദിക്കുമ്പോൾ കാവ്യാത്മകമാകാൻ പറ്റുകയില്ല . അതിൽ കവിത വരില്ല . പ്രമേയത്തിൽ കുറച്ച് അതൃപ്തിയും രോഷവുമൊക്കെ ഉണ്ടാവും .



പിന്നെ നമ്മുടെ രാഷ്ട്രീയവും . അത് പറയാതെ പോവാൻ പറ്റില്ല . പുറന്തോടിലുള്ള രാഷ്ട്രീയമാണ് നമ്മുടേതെങ്കിലും അത് നമ്മുടെ ജീവിതത്തിൽ ഉണ്ട് .

സ്വയംവരം തുടങ്ങുന്നത് എഴുപതുകളിൽ രൂക്ഷമായ തൊഴിലില്ലായ്മയുടെ കാലത്താണ് . അതാണ് സിനിമയുടെ പശ്ചാത്തലം . പ്രണയവും സ്വപ്നങ്ങളും ജീവിതം കരു



പിടിപ്പിക്കാനുള്ള യാത്രയും വിപരീത യാഥാർഥ്യങ്ങളുമാണ് സ്വയംവരത്തിലുള്ളത് . എന്റെ ഉത്തരവാദിത്വം യാഥാർഥ്യത്തിലേക്കുള്ള ഒരു യാത്രയാണ് . കള്ളമൊന്നുമില്ല . സത്യം മാത്രമേയുള്ളൂ . നമ്മുടെ ജീവിതത്തെ ഒപ്പി യെടുക്കുന്നതാണെന്നു തോന്നാമെങ്കിലും അത് അങ്ങനെ ഒപ്പിയെടുക്കുന്നതല്ല . കലാകാരൻ ചെയ്യുന്നത് അയാളുടെ കാഴ്ചപ്പാടിലുള്ള അയാൾ തെരഞ്ഞെടുക്കുന്ന ദൃശ്യങ്ങളാണ് .

സിനിമയ്ക്കകത്ത് ഒന്നും യാദൃച്ഛികമായിട്ട് വരുന്നതല്ല . എന്റെ സിനിമയിൽ കൃത്യമായി പ്ലാൻ ചെയ്ത് അങ്ങനെ പ്ലെയ്സ് ചെയ്യു ന്നതാണ് . ഒരു സീനിൽ കഥാനായിക ജനലിലൂടെ പുറത്തേക്ക് നോക്കുമ്പോൾ പുരപ്പുറത്ത് കൂടി പൂച്ച പോകുന്നത് കാണാം . ആ പൂച്ചയെ അങ്ങനെ വിടാൻ വളരെ പാടുപ്പെട്ടിട്ടുണ്ട് . അത്തരം ദൃശ്യങ്ങൾ വേറെ വേറെ എടുത്തതല്ല .

കൊടിയേറ്റത്തിൽ പ്രകൃതിയിലുള്ള ശബ്ദങ്ങളാണ് വിശേഷ ശബ്ദങ്ങളായി ഉപ യോഗിച്ചിട്ടുള്ളത് . ഞാൻ തന്നെ റെക്കോർഡ് ചെയ്തിട്ടുള്ളതാണ് മിക്കതും . ഈ ചിത്രത്തിൽ പശ്ചാത്തല സംഗീതം ഇല്ല എന്ന വിവരം പ്രേക്ഷകർ അറിയുന്നത് പടം കണ്ടു കഴിഞ്ഞ് അതിനെ കുറിച്ച് പറയുമ്പോഴാണ് . നമ്മുടെ സാധാരണ സിനിമയിൽ പശ്ചാത്തല സംഗീതം ഓരോ സന്ദർഭത്തിനും കൊടുക്കും . അത് നാടകീയ രീതിയാണ് . ദുഃഖം വന്നാൽ സംഗീതം മാത്രമല്ല , ഒരു പാട്ട് തന്നെ പ ാടിക്കളയും . അങ്ങനെയുള്ള ശീലങ്ങളിൽ നിന്ന് മാറിയാണ് ആ പടം ചെയ്തിട്ടുള്ളത് . കൊടിയേറ്റത്തിലെ നായകൻ ഒരു സാധാരണക്കാരനാണ് . ബുദ്ധിമാനല്ല . താൻ സമൂഹത്തിലെ ഒരു വ്യക്തിയാണ് എന്ന ബോധം അയാൾക്കില്ല . അത് കുറേശ്ശേ ആയിട്ടാണ് അയാൾക്ക് വരുന്നത് . നാട്ടിലെയും കുടുംബത്തിലെയും പല സന്ദർഭങ്ങളിലും വ്യക്തിത്വമില്ലാത്ത അയാൾ ചെയ്യുന്ന പ്രവൃത്തികൾ നിഷ്കളങ്കമാണെങ്കിലും ചിലപ്പോൾ വിനയായി മാറുന്നു . ഒടുവിൽ വ്യക്തിത്വം തിരിച്ചറിയാൻ തുടങ്ങുന്നു . എലിപ്പത്തായത്തിൽ എലികളും മനു



ഷ്യരും തമ്മിലുള്ള ഒരു സമവാക്യമുണ്ട് . എലിപ്പത്തായത്തിലെ എലികളെ പോലെ ആ വീട്ടിലെ മനുഷ്യരും ഒരു കെണിയിലാണ് . വീട്ടിൽ നിന്ന് മാറിപ്പോകുന്നവർക്കൊപ്പം ആ വീട്ടിൽ എരിഞ്ഞടങ്ങുന്നവരുമു് . എലി കുടുങ്ങിയ എലിപ്പത്തായം കുളത്തിലേക്ക് കൊുപോകുമ്പോഴും രോഗാവസ്ഥയിലെത്തിയ സഹോദരിയെ മഞ്ചത്തിൽ കൊുപോകുമ്പോഴും

ഒടുവിൽ ഉണ്ണി എന്ന കേന്ദ്ര കഥാപാത്രത്തെ ഒരു സംഘം പേർ പിടികൂടി കുളത്തിലെറിയാൻ കൊണ്ടുപോകുമ്പോഴും കേൾക്കുന്നത് ഒരേ സംഗീതം . ഒരേ അവസ്ഥയാണ് എലികൾക്കും മനുഷ്യർക്കും ഉള്ളതിനാലാണ് ഒരേ പ്രമേയ സംഗീതം ഉപയോഗിച്ചിരിക്കുന്നത് .

ഇത് എന്റെ ആദ്യത്തെ കളർ സിനിമയാണ് . കളർ അർത്ഥപരമായി ഉപയോഗിക്കണമെന്ന് എനിക്ക് നിശ്ചയമുായിരുന്നു . ഏറ്റവും ഇളയ സഹോദരിക്ക് ചുവപ്പ് വേഷം . നടുക്കുള്ള സഹോദരിക്ക് നീല വേഷം . മൂത്ത സഹോദരിക്ക് പച്ച വേഷം . ചുവപ്പിന



ർത്ഥം സ്വാതന്ത്ര്യവും വിപ്ലവ വീര്യവുമാണ് . നീലയ്ക്ക് സൗമ്യതയും നന്മയും സഹതാപവുമാണ് അർഥം. പച്ചയാകട്ടെ പ്രായോഗികതയും . ഈ മൂന്ന് കളറും കൂടി മിക്സ് ചെയ്താൽ വെള്ളയാകും . അതാണ് ഉണ്ണിക്ക് കൊടുത്തിരിക്കുന്നത് . ആ വേഷത്തിലെ വെളുപ്പിൽ മുകളിൽ നിന്ന് താഴേക്കുള്ള
വരകളുണ്ട് . അത് അസ്വസ്ഥതയുടേതാണ് . തിരശ്ചീന രേഖകൾ ശാന്തിയുടേതാണ് . എന്നാൽ ഉണ്ണിയുടെ വേഷത്തിലെ ലംബമായ വരകൾ അശാന്തിയുടേതാണ് . ഉണ്ണി എന്ന കഥാപാത്രം മാറുന്ന കാലത്തോട് പൊരുത്തപ്പെടുന്നില്ല .

അനന്തരം എന്ന സിനിമയുടെ ട്രീറ്റ്മെന്റി ലേക്കുള്ള ഒരു താക്കോലാണ് അതിൽ പടികൾ എണ്ണുന്ന രീതി . 1,3,5,7 എന്നിങ്ങനെ



യും 2,4,6,8 എന്ന രീതിയിലും എണ്ണുന്ന പടിക്കെട്ടുകൾക്ക് മാറ്റമില്ല . പടിക്കെട്ട് സ്ഥായിയായ യാഥാർഥ്യമാണ് . സിനിമ യിൽ അജയൻ പറയുന്ന ഒരു കഥ ബഹിർമുഖതയുടേതാണെങ്കിൽ മറ്റൊരു കഥ അന്തർമുഖതയുടേതാണ് . ബഹിർമുഖാ വസ്ഥയിൽ താനൊരു സമർത്ഥനാണെന്നു അതിശയോക്തിയോടെ തെളിയിക്കാൻ ശ്രമിക്കുന്നു . അന്തർമുഖാവസ്ഥയിൽ സത്യവും ഭാവനയും തമ്മിൽ തിരിച്ചറിയാനാവാത്ത രീതിയിലാണ് താൻ വളർന്നതെന്ന് പറയുന്നു . അജയനെ എടുത്ത് വളർത്തിയ ഡോക്ടറുടെ വീട്ടിലെ മൂന്നു ഭൃത്യന്മാരുടെ പ്രവൃത്തികൾ കൊച്ചുകുട്ടിയായ അജയനെ ഭാവനാ ലോകത്തിലേക്ക് നയിക്കുന്നു . നേർവിപ രീതങ്ങളുടെ ലോകം . അതുപോലെ യുവാവായ അജയൻ തന്റെ വളർത്തു ജ്യേഷ്ഠൻ വിവാഹം കഴിച്ച പെണ്ണിനെ കാണുമ്പോൾ അവൾ താൻ മുൻപ് പ്രേമിച്ചിരുന്ന പെണ്ണായിട്ടാണ് . ആ യുവതിയും അജയനും തമ്മിൽ പ്രണയ മായിരുന്നു എന്ന് സ്ഥാപിക്കാൻ അയാൾ വേറൊരു കഥ പറയുന്നു . സത്യവും മിഥ്യയും



ഫിലിം വിഷൻ filca
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി




തിരിച്ചറിയാനാവാത്ത അവസ്ഥ . ഒന്നും പൂർണ്ണമാവുന്നില്ല . സിനിമയുടെ ഘടന അത്തരത്തിലുള്ളതാണ് .

വിധേയനിൽ സാധാരണക്കാരുടെ പ്രതിനിധാന മായ തൊമ്മി എന്ന കഥാപാത്രത്തിന് അരുത് അല്ലെങ്കിൽ പാടില്ല എന്ന് പറയാനുള്ള ധൈര്യം ഇല്ലാതെ പോകുന്നു . വിധേയനായ ഒരു കർഷക തൊഴിലാളി . പട്ടേലർ എന്ന അധികാരിയുടെ ദുഷ്ടതയെ നിഷേധിക്കാനാ വുന്നില്ല . വിധേയത്വമുള്ളത് കൊണ്ടാണ് അധികാരം അതിന്റെ പ്രമത്തതയിലേക്ക് വളരുന്നത് . അധികാരത്തിന്റെയും വിധേയത്വത്തിന്റെയും പരസ്പര പൂരകത്വം ആ സിനിമയിലുണ്ട് .
മതിലുകൾ എന്ന കഥ ബാലകൃഷ്ണന്റെ



കൗമുദിയിൽ പ്രസിദ്ധീകരിച്ചപ്പോൾ വായനക്കാരിൽ ഒരു വിചാര വിപ്ലവം തന്നെയു ണ്ടായി . ഞാനുൾപ്പടെ എല്ലാവർക്കും അത് ഇഷ്ടമായി . അത് സിനിമയാക്കാൻ പലരും ശ്രമിച്ചു . പ്രൊഡക്ഷന്റെ സ്റ്റേജ് വരുമ്പോൾ വേ എന്ന് വെയ്ക്കും . കാരണം നായിക അദൃശ്യമാണ് . അത് നീട്ടിപോയി . പിന്നെ കൊല്ലത്തെ രവീന്ദ്രനാഥൻ നായർ ആ കഥ വാങ്ങി വെച്ചിരിക്കുകയായിരുന്നു . പക്ഷെ മുന്നോട്ട് പോയില്ല . ഒടുവിൽ ദൂരദർശനു വേി ഒരു സിനിമ നിർമ്മിക്കാൻ സാഹചര്യം വന്നപ്പോൾ ഞാനത് സിനിമയാക്കാൻ ആലോചിച്ചു . നായികയെ കാണിക്കുന്നില്ല എന്ന കാരണത്താലാണ് മുൻപ് നിർമ്മാണം മാറിപ്പോയത് . ചിലർ അതിബുദ്ധി കാണിച്ചു .കഥയിൽ ഓരോ തവണയും ബഷീർ സംസാരിക്കുമ്പോൾ വിവിധ നായികമാരെ അവതരിപ്പിക്കുക . ബഷീർ തന്നെ എന്നോട് ചോദിച്ചു - ആരാ നായികയായി അഭിന യിക്കുന്നതെന്ന് . ഞാൻ പറഞ്ഞു - ആരും




അഭിനയിക്കുന്നില്ല എന്ന് . അതുകേട്ട് ബഷീർ പറഞ്ഞു -അപ്പോൾ സിനിമ നന്നാവുമല്ലോ എന്ന് . കാണാത്ത നായിക സിനിമയിൽ പ്ര ധാന കഥാപാത്രമായി മാറുക എന്നത് ഒരു വെല്ലുവിളിയായിരുന്നു . ജയിലിലെ മതിലിനു അപ്പുറത്ത് നിന്നും കേൾക്കുന്ന സ്ത്രീശബ്ദം ശക്തിയുള്ളതാണ് . ജയിലിലെ ഏകാന്തതയിൽ ബഷീർ കഴിയുന്ന കാലമാണത് . ആ സ്ത്രീ ശബ്ദം പെട്ടെന്ന് പുതിയൊരു ലോകം തുറക്കുന്നത് പോലെയായിരുന്നു ബഷീറിന് .

ശബ്ദത്തിന്റെ ഭംഗി ആ സ്ത്രീയെ നേരിൽ കാൽ ഉാവണമെന്നില്ല . കൊലക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ട സ്ത്രീയാണത് . അതിനു പിന്നിലൊരു യഥാർത്ഥ സ്ത്രീയും അവരുടെ കഥയുമുണ്ട് . പല ഇന്റർനാഷണൽ ഫിലിം



ഫെസ്റ്റിവലുകളിൽ ആ സിനിമകാണിച്ചപ്പോൾ പലരും അഭിപ്രായം പറഞ്ഞിട്ടുണ്ട് . സ്ത്രീ കൾ തന്നെ അത്ഭുതപ്പെട്ടിട്ട് . സൗത്ത് അമേരിക്കയിലെ ഒരു ഫിലിം മേക്കർ സ്ത്രീ പറഞ്ഞു ഞങ്ങളൊക്കെ വിശദമായി കാണിച്ചുകൊണ്ടാണ് ചിത്രം നിർമ്മിക്കുന്നത് . എന്നാൽ ഇത് നായികയെ കാണിക്കാതെ തന്നെ അവതരിപ്പിച്ചിരിക്കുന്നു . നായികയെ കാണിക്കുന്നതിനേക്കാൾ ശക്തമായി . ഇതെങ്ങനെ സാധിച്ചു എന്ന് അവർ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു - അതിന്റെ ക്രെഡിറ്റ് കഥാകൃത്തിനുള്ളതാണെന്ന് . അതിൽ നായികയെ കാണാതിരുന്നത് കൊണ്ട് അതിന്റെ ശക്തി കൂടുകയാണ് . ഒരു പക്ഷെ നേരിൽ കാണിച്ചിരുന്നുവെങ്കിൽ ഇത്രയ്ക്കും എഫക്റ്റ് ഉണ്ടാകുമായിരുന്നില്ല . ഇൻവിസിബിൾ ആയിരിക്കുന്ന ഒരു യാഥാർഥ്യത്തെ വിസിബിൾ ആക്കുന്നത് പോലുള്ള ഒരു അനുഭവം .

നാല് പെണ്ണുങ്ങളിൽ നിത്യകന്യക എന്ന നാലാമത്തെ കഥയിലുള്ള കടവിന് പല അർത്ഥങ്ങളുണ്ട് . ആ വെള്ളം തടഞ്ഞു



നിൽക്കുന്നതാണ് . ഒഴുകുന്നതല്ല . അവിടെ റെയിൽവേയ്ക്ക് വേണ്ടി സ്ഥലമെടുത്തപ്പോൾ പല തോടുകളും അടഞ്ഞുപോയി . അങ്ങനെ യുള്ളൊരു കടവ് ആണ് ഞാൻ ഉദ്ദേശിച്ചത് . നിറഞ്ഞുകിടക്കുന്ന പായൽ മുറിച്ചാണ് വള്ളം പോകുന്നത് .

സിനിമയെ സംബന്ധിച്ചിടത്തോളം പലരുടെയും ധാരണ സിനിമയെന്നാൽ സംഭാഷണമാണെന്നാണ് . നാടകത്തിൽ നിന്നും മുന്നോട്ട് പോയിട്ടില്ല . സ്റ്റേജ് പ്രേക്ഷകൻ ബന്ധം പോലെയാണ് സാധാരണ സിനിമാ സങ്കല്പം . നാടക രംഗത്തെ കാമറ വെച്ച് ഒപ്പിയെടുക്കുന്നു . എന്നാൽ കാമറ



കൊുള്ള സാദ്ധ്യതകൾ ഉപയോഗിക്കാറില്ല . ആ മാധ്യമത്തിന് സ്വന്തമായുള്ള ഫാക്കൽറ്റി യും സൗകര്യങ്ങളും അന്വേഷിക്കാറില്ല . പ്രേക്ഷകരും അങ്ങനെ ശീലിച്ചു പോയി . സംഭാഷണമാണ് പ്രധാനം . കഥ മുന്നോട്ട് പോകുന്നത് അങ്ങനെയാണ്. അതു കൊണ്ട ാ ണ് ആകാശവാണിയിലൊക്കെ സിനിമ സംപ്രേഷണം ചെയ്യുന്നത് . നാടകം പോലെ സംഭാഷണത്തിനാണ് പ്രാധാന ്യം . എന്റെ ഒരു പടവും അങ്ങനെയല്ല . അതുകൊണ്ട് ആകാശവാണി എടുത്തിട്ടുമില്ല . സിനിമകളിൽ ദൃശ്യത്തിനാണ് പ്രാധാന ്യം . അത് കേട്ടാൽ മാത്രം പറ്റില്ല . കാണണം . ആ മാധ്യമത്തെ കുറിച്ച് അറിവില്ലാത്തത് കൊണ്ടാണ് അങ്ങനെ തുടരുന്നത് . ഒരു സീക്വൻസിൽ നിന്ന് വേറൊരു

സീക്വൻസിലേക്ക് പോവുമ്പോൾ അതെങ്ങനെ യെന്നത് ദൃശ്യപരമായി പ്രധാനപ്പെട്ട കാര്യമാണ്

ദൃശ്യഭാഷയുള്ള സിനിമ ജനങ്ങളെ കാണിക്കാനുള്ള ഏകമാർഗം പണ്ട് ഫിലിം സൊസൈറ്റികളായിരുന്നു . ഇപ്പോൾ അങ്ങനെ യല്ല . വിദേശ ചാനലുകളിൽ ഭേദപ്പെട്ട സിനിമകൾ കാണാൻ സൗകര്യമുണ്ട് . കൂടാതെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകളിലും കാണാൻ പറ്റുന്നു . കുറെ ചെറുപ്പക്കാരെ കേരളത്തിലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ആകർഷിക്കുന്നുണ്ട് . കാണാൻ വരുന്നവർ ഭേദപ്പെട്ട സിനിമയെ കുറിച്ച് പരിചയം ഉള്ളവർ ആയിരിക്കണമെന്നില്ല .


തീയേറ്റർ സിനിമയുടെ താരാരാധന ഉള്ളവർ ആയിരിക്കാം . എങ്കിൽകൂടി വ്യത്യസ്ത സിനിമ കാണുമ്പോൾ അവരിൽ കുറച്ചുപേർ ഗുണപരമായി മാറും . പക്വത ഉണ്ടാവും .

ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലുകളിൽ തീയേറ്ററിൽ ഓടുന്ന പോപ്പുലർ സിനിമ കാണിക്കേണ്ട ആവശ്യമില്ല . അത് ഫെസ്റ്റിവലിന്റെ ലക്ഷ്യത്തെയും ഗുണത്തെയും പ്രതികൂലമായി ബാധിക്കും . ഔന്നത്യമുള്ള സിനിമകളാണ് ഫെസ്റ്റിവലുകളിൽ കാണി ക്കേണ്ടത് . ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ദേശം അതാണ് .



ഫിലിം (filca) വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി

# അടൂരിന്റെ സിനിമയുടെ ലോകം



സുരേഷ്കുമാർ.സി
(ബീം ഫിലിം സൊസൈറ്റി)

മുൻ കാലങ്ങളിലും ദേശീയ തലത്തിൽ വിഖ്യാതമായ സിനി മകൾ ഉണ്ടായിട്ടുങ്കിലും മലയാളത്തിലെ നവസിനിമാ പ്രസ്ഥാനങ്ങളുടെ പ്രഭവ കേന്ദ്രമായി അടയാളപ്പെടുത്തപ്പെടുന്നത് 1972 -ൽ പുറത്തിറങ്ങിയ, അടൂർ ഗോപാലകൃഷ്ണന്റെ സ്വയംവരം ആണ്. തുടർന്നുള്ള വർഷങ്ങളിൽ പരമ്പരാഗത സിനിമാ നിർമ്മാണ രീതികളിൽ നിന്നെല്ലാം വ്യത്യസ്തമായി, പരസ്പരം സ്വതന്ത്രവും വ്യതിരിക്തവുമായ ശൈലികളിൽ കുറെ നല്ല സിനിമകളും സിനിമാരചയിതാക്കളും മലയാളത്തിലുണ്ടായി.

അരവിന്ദന്റെ ഉത്തരായണം (1975) , കെ.ജി. ജോർജിന്റെ സ്വപ്നാടനം (1976) , പി എ ബക്കറിന്റെ കബനീ നദി ചുവന്നപ്പോൾ(1976) , ജോൺ ഏബ്രഹാമിന്റെ തമിഴ് സിനിമ അഗ്രഹാരത്തിൽ കഴുതൈ (1977) , ജി.എസ്. പണിക്കരുടെ ഏകാകിനി (1978) , തുടങ്ങിയവ അവയിൽ ചിലതാണ്. നാടകങ്ങളുടെ ക്യാമറാ പകർപ്പുകൾ എന്നിടത്തു നിന്നും സിനിമയെ സ്വന്തമായ അസ്തിത്വവും വ്യക്തിത്വവുമുള്ള ഒരു കലാരൂപമായി കാണാൻ ശ്രമിച്ചു എന്നതാണ് ഈ വിഭാഗം ചലച്ചിത്രകാരന്മാരിൽ കാണാൻ കഴിയുന്ന പൊതുസമീപനം.

പുതിയ ഭാവുകത്വവുമായി സിനിമകൾ പുറത്തിറങ്ങുന്നതോടൊപ്പം തന്നെ നല്ല സിനമയെപ്പറ്റിയുള്ള പഠനങ്ങളും വ്യാഖ്യാനങ്ങളും കലാദർശനങ്ങളും രൂപപ്പെടാനും തുടങ്ങി. ആസ്വാദനക്കുറിപ്പുകൾക്കപ്പുറത്ത് ചലച്ചിത്ര കലയെക്കുറിച്ചുള്ള ഗൗരവ ചിന്തകളുമായി പുറത്തിറങ്ങിയ കൃതികളിൽ പ്രഥമ പരിഗണന യർഹിക്കുന്ന താണ് 1983 -ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച, അടൂർ ഗോപാലകൃഷ്ണന്റെ സിനിമയുടെ ലോകം എന്ന പുസ്തകം.

ആദ്യ ദശകങ്ങളിലെ അറിവും അനു ഭവവും മുൻനിർത്തി രചിച്ചിട്ടുള്ള പുസ്തകം അടൂർ ഗോപാലകൃഷ്ണൻ എന്ന ചലച്ചിത്ര കാരന്റെ സിനിമാ സങ്കൽപ്പങ്ങളുടേയും കലാ ദർശനങ്ങളുടേയും പ്രാഥമികമായ ഒരു ചിത്രം നമുക്ക് തരുന്നുണ്ട്.

സംവിധായകൻ താൻ ഒരുക്കുന്ന ചലിക്കുന്ന ചിത്രങ്ങളിലൂടെ അനന്യപ്രകാശന സാധ്യമായ ആശയാവിഷ്കരണം നടത്തി സർഗ്ഗ സൃഷ്ടി യുടെ സുഖമനുഭവിക്കുന്നു എന്ന പ്രസ്താവനയിലൂടെ സിനിമ സംവിധായകന്റെ കലയാണെന്ന തന്റെ ഉറച്ച നില പാട് ആദ്യമേ വ്യക്തമാക്കുന്നുണ്ട്. കല സംവേദനക്ഷമമാവണം. ആസ്വാദകരിലെത്തി യെങ്കിലേ കലാസൃഷ്ടി പൂർണമാകു ന്നുള്ളൂ എന്ന് അംഗീകരി ക്കുമ്പോഴും ഒരു തലമുറയുടെ മുഴുവൻ ശരാശരി ധിഷണാ പാരമ്പര്യത്തിനു പിന്നിൽ നിന്നു കൊണ്ടു വേണം ചലച്ചിത്ര സൃഷ്ടി നടത്തുവാൻ എന്നു ശഠിക്കരുത് എന്ന് അടൂർ ആവശ്യപ്പെടുന്നു.

ഉത്തമകൃതികളുടെ ആസ്വാദനത്തിന് , അനുവാചകൻ, സൃഷ്ടാവ് ആവശ്യപ്പെടുന്ന നിലവാരത്തിലേക്ക് ഉയരാതെ വയ്യ എന്ന് പറയുന്നതിലൂടെ, കലാകാരൻ സമൂഹത്തിന് മുന്നേ നടക്കേവനാണെന്ന സാമൂഹ്യ ചിന്തയുടെ ഭാഗമാകുന്നു അടൂർ ഗോപാ ലകൃഷ്ണൻ. (ലേഖനം: സംവിധായകന്റെ കല). യഥാർത്ഥ ചലച്ചിത്രകാരന്റെ സിനിമയിൽ ഒരു താരമേയുള്ളൂ .അത് അയാൾ തന്നെയാണ്. അയാളുടെ സിനിമയ്ക്ക് ഒരു സന്ദേശമേയുള്ളൂ .അത് ആ സിനിമ തന്നെയാണ് .തന്റെ സിനിമകളിലൂടെയും വാക്കുകളിലൂടെയും അടൂർ ആവർത്തിച്ചുറപ്പിക്കുന്ന നയപ്രഖ്യാപന മാണിത് (കലയും കച്ചവടവും).

സിനിമ - വ്യവസായവും കച്ചവടവും: ആയിരക്കണക്കിന് വർഷങ്ങളുടെ പാരമ്പര്യമുള്ള നാടകത്തിന്റെയും മറ്റു കലാ സാഹിത്യരൂപങ്ങളുടേയും , തലമുറ പെരുമാറി, കൈമാറി നമ്മിലെത്തിയിട്ടുള്ള സൗന്ദര്യ സിദ്ധാന്തങ്ങൾ ഒരു നൂറ്റാണ്ടോളം മാത്രം പ്രായമുള്ള സിനിമയെ കീഴ്പ്പെടുത്തുകയായിരുന്നു. അവയുടേതിൽ നിന്നും വ്യത്യസ്തമായ കഥന രീതി ആസ്വാദകരെ അകറ്റി നിർത്തുമെന്ന് വ്യവസായക്കാർ ഭയന്നു. അപകട ലേശമില്ലാത്ത എളുപ്പവഴികളിൽ അന്യരുടെ വിഴുപ്പു ഭാണ്ഡം ചുമന്നു നടന്ന വ്യവസായ സിനിമ നമ്മുടെ നാട്ടിലെത്തിയപ്പോൾ ശരിക്കും കച്ചവട സിനിമയായി മാറി. (ജനകീയ കല).

വ്യവസായ - കച്ചവട സിനിമയുടെ വളർച്ചക്ക് കാരണമായി അടൂർ നടത്തുന്ന മറ്റൊരു നിരീക്ഷണവും ശ്രദ്ധേയമാണ്. സിനിമാ സംപ്രേഷണം ഭിന്ന രുചിക്കാരുടെ വമ്പിച്ച ഒരാൾക്കൂട്ടത്തിനു നടുവിലിരുന്നു വേണം സാധിക്കുവാൻ. വലിപ്പത്തിൽ പെരുകി വന്ന പ്രദർശന ശാലകളാണ് ബാദ്ധ്യത യായിത്തീർന്നത്. എല്ലാ തരം രുചിഭേദങ്ങളേയും തൃപ്തിപ്പെടുത്താനുതകുന്ന വിവിധ ചേരുവകളുടെ സമാഹൃതരൂപമായി സിനിമ മാറി. സംഗീതവും പെയിന്റിംഗും നോവലും എന്ന പോലെ ഓരോ സിനിമയും അതിന്റേതായ ഒരു അനുവാചക സമൂഹത്തെ കാത്തിരിക്കു ന്നുണ്ട്. എത്ര ചെറുതായാലും ആ സമൂഹ ത്തിനു മുന്നിലേ ആ സൃഷ്ടി പൂർണത നേടുകയും ചെയ്യുന്നുള്ളൂ.

വർഷങ്ങൾക്കിപ്പുറം, നല്ല സിനിമകളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയോടൊപ്പം പ്രദർശന ശാലകളുടെ വലുപ്പത്തിലുണ്ടാകുന്ന ചെറുപ്പവും നാം കാണുകയാണല്ലോ. സാമ്പ്രദായിക സിനിമാ സങ്കേതങ്ങളിൽ നിന്ന് പുറത്തു കടക്കാൻ സമൂഹത്തിന്റെ സിനിമാ സംസ്കാരവും ഉയരേണ്ടതുണ്ട്.

ഏറ്റത്താഴ്ചകളോടെ മുന്നോട്ടു പോകുന്ന ഫിലിം സൊസൈറ്റി പ്രസ്ഥാനം ഈ നിയോഗം ഏറ്റെടുക്കുന്നുണ്ടെങ്കിലും അതിന്റെ പ്രവർത്തന സാധ്യതകൾ പരിമിതമാണ്. സാഹിത്യം , സംഗീതം, നാടകം, ചിത്രമെഴുത്ത് എന്നീ പരമ്പരാഗത കലകൾക്ക് ബഹുമാന്യതയും പദവിയും ഉദാരമായി നൽകിയിട്ടുള്ള നമ്മുടെ സർവ്വകലാശാലകളിൽ സിനിമയും സിനിമാപഠനവും ഇനിയും സജീവ പരിഗണനക്ക് വിധേയമായിട്ടില്ല ( സമാന്തര സിനിമ).

ആർട്ട് ഫിലിം, പരീക്ഷണ ചിത്രം എന്നീ പേരുകളിൽ പുറത്തിറങ്ങുന്ന പല സിനിമകളും സെല്ലുലോയിഡ് കൊു നടത്തുന്ന ഉദാസീനവും നിരുത്തരവാദപരവുമായ വൃഥാവ്യായാമങ്ങൾ മാത്രമാണെന്ന പരിഭവം അടൂർ മലയാള സിനിമ എങ്ങോട്ട് എന്ന ലേഖനത്തിൽ പങ്കുവയ്ക്കുന്നു. ഏത് കലാസൃഷ്ടിക്കും ആദ്യ മുണ്ടാകേണ്ടത് ജീവനാണ്. എന്തിനാണ് ഞാനീ സിനി മ യെടുക്കുന്നത് ? എന്ന ചോദ്യത്തിന് സ്വയം ഉത്തരം കണ്ടെത്താനാവുമ്പോഴാണ് ഒരു നല്ല കലാകാരനും നല്ല സിനിമയും പിറവിയെടുക്കുന്നത്. കരുവറിഞ്ഞവൻ കരുതിക്കൂട്ടിത്തന്നെ ചെയ്യുന്ന കരണമാണ് ഉൽകൃഷ്ടമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഓരോ ചലച്ചിത്രകൃതിയുടെയും സൃഷ്ടി.

**ഫിലിം സൊസൈറ്റികൾ:**
ഫ്രഞ്ച് നിരൂപകനായ റിക്കോ കൊണ്ടോയുടെ മേൽനോട്ടത്തിൽ 1921 ൽ പാരീസിലാരംഭിച്ച ഏഴാം കലയുടെ പ്രണയികളുടെ ക്ലബ് എന്ന സ്വകാര്യ ചിത്രദർശന സംഘമാണ് ഫിലിം സൊസൈറ്റികൾ എന്ന ആശയത്തിന് വഴി തുറന്നത്. ആ ദശാബ്ദത്തിന്റെ പകുതി യാകുമ്പോഴേക്കും ഫ്രാൻസിലും ജർമ്മ നിയിലും ബ്രിട്ടനിലുമെല്ലാം ഫിലിം സൊസൈറ്റി പ്രസ്ഥാനം വ്യാപകമായി. ഇന്ന് മിക്കവാറും എല്ലാ രാജ്യങ്ങളിലും ഫിലിം സൊസൈറ്റികളു ണ്ട്. പ്രേക്ഷകന്റെ ചലച്ചിത്രാസ്വാദന ശേഷി ഉയർത്തിയെടുക്കുന്നതിൽ ഫിലിം

സൊസൈറ്റികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഇന്ത്യയിലെ ആദ്യത്തെ ചലച്ചിത്രാസ്വാദക സംഘടനയായ ബോംബെ ഫിലിം സൊസൈറ്റി ജന്മമെടുത്തത് 1942 ലാണ്. സത്യജിത് റേയുടെയും മറ്റും നേതൃത്വത്തിൽ 1947 ൽ കൽക്കത്താ ഫിലിം സൊസൈറ്റി നിലവിൽ വന്നു. തുടർന്ന് വിവിധ നഗര കേന്ദ്രങ്ങളിലായി നിരവധി ഫിലിം സൊസൈറ്റികൾ രൂപീകരിക്കപ്പെട്ടു.

1959 ൽ റേയുടെ തന്നെ നേതൃത്വത്തിൽ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് ഓഫ് ഇന്ത്യ എന്ന കേന്ദ്ര സംഘടനയും രൂപം കൊണ്ടു. 1965 ൽ തിരുവനന്തപുരത്ത് ചിത്രലേഖാ ഫിലിം സൊസൈറ്റിയുടെ രൂപീകരണത്തോടെയാണ് കേരളത്തിൽ ഒരു പുതിയ സിനിമാസാക്ഷരതയ്ക്കായുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത കൈവന്നത്. ഒരു ദശകം പിന്നിട്ടപ്പോഴേക്കും രാജ്യത്ത് ഏറ്റവും കൂടുതൽ ഫിലിം സൊസൈറ്റികൾ പ്രവർത്തിക്കുന്ന സംസ്ഥാന മായി കേരളം മാറി. യുദ്ധം എങ്ങനെ എന്നും സിനിമയുടെ മുഖ്യ പ്രമേയമായി മാറുന്നു എന്നതിന്റെ കൗതുകകരമായ ന ിരീക്ഷണങ്ങളാണ് യുദ്ധവും സിനിമയും എന്ന ലേഖനത്തിൽ. സിനിമ പ്രാഥമികമായും ചലനശാസ്ത്രവുമായി ബന്ധപ്പെട്ടതാണ്. യുദ്ധം എന്ന വിധ്വംസ പ്രക്രിയ ചലനത്തിനും ക്രിയയ്ക്കും അനന്തമായ അവസരങ്ങൾ സൃഷ്ടിക്കുന്നു. ഏറ്റവും സംസ്കൃതവും സംസ്കാരസ്വരൂപ വുമായ കലയെന്ന് വിശേഷിപ്പിക്കാവുന്ന ചലച്ചിത്രം യുദ്ധത്താൽ സംപ്രീതമായി പരിണമിച്ചിരിക്കുന്നു. ചലച്ചിത്ര കല , അതിന് അനുയോജ്യമായ സമൃദ്ധിയുടെ ഒരു മേച്ചിൽ പുറം യുദ്ധഭൂമിയിൽ, ശബ്ദമുഖരിതവും പ്രക്ഷുബ്ധവുമായ സംഘട്ടന സന്ധികളിൽ കണ്ടെത്തുകയാണ്. യുദ്ധാനന്തര സംക്ഷോഭം ജർമ്മൻ സിനിമയ്ക്ക് സമ്മാനിച്ച പുതിയ ഭാഷയുടെ സന്തതിയായിരുന്നു എക്സ്പ്രഷ നിസ്റ്റ് സിനിമ. യുദ്ധം സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ മറികടക്കലായാണ് റഷ്യൻ സിനിമയിൽ മൊൺടാഷി ന് പ്രധാനപ്പെട്ട സ്ഥാനം കൈവന്നത്. ഡോക്കുമെന്ററികളുടെ വിശ്വാസ്യതയെ വളരെയേറെ ഉയർത്തിയ കാലമായിരുന്നു യുദ്ധാനന്തര വർഷങ്ങൾ. യുദ്ധമെന്ന ഭീകരതയെ ഉപജീവിച്ച് അസംഖ്യമായ ഇതിവൃത്തങ്ങൾ നെയ്തെടുത്തിട്ടുണ്ട്, ലോകസിനിമ ഇതുവരെ.

റേയുടെ പഥേർ പാഞ്ചാലിയെപ്പറ്റിയുള്ള മനോഹരമായ ഒരു ആസ്വാദന പഠനം ഈ പുസ്തകത്തിലെ ശ്രദ്ധേയമായ ഒരു ലേഖന മാണ്.ഫ്രാൻസിലെ ന്യൂവേവ് സിനിമ, ബ്രിട്ടനിലെ ഫ്രീ സിനിമ, അമേരിക്കയിലെ അണ്ടർ ഗ്രൗണ്ട് സിനിമ എന്നിവയുടെ വികാസവും ഇന്ത്യൻ സിനിമയിൽ അവയുടെ സ്വാധീനവും പ്രതി പാദിക്കുന്ന 60കളിലെ സിനിമ, അണ്ടർ ഗ്രൗണ്ട് സിനിമയുടെ പ്രയോക്താവായിരുന്ന യോനാസ് മേകാസിന്റെ സിനിമാ ജീവിതത്തെപ്പറ്റി യോനാസും അണ്ടർ ഗ്രൗണ്ട്, റഷ്യൻ ചലച്ചിത്രകാരനായ ലെവ് കുളെഷോവിനെ പറ്റിയുള്ള ആദ്യത്തെ സിദ്ധാന്തകാരൻ , ചിത്ര സന്നിവേശം , ശബ്ദപഥം, അഭിനയത്തിന്റെ അതിരുകൾ എന്നിവ ഈ പുസ്തകത്തിലെ മറ്റു ലേഖനങ്ങളാണ്.

നാലു പതിറ്റാണ്ടുകൾക്കിപ്പുറവും ഈ പുസ്തകത്തിലെ പല നിരീക്ഷണങ്ങളും നിലപാടുകളും പ്രസക്തമായി അനുഭ വപ്പെടുന്നു എന്നത് ഒരു ചലച്ചിത്രകാരൻ എന്ന നിലയിൽ അടൂർ ഗോപാലകൃഷ്ണൻ സൂക്ഷിക്കുന്ന മൗലിക ചിന്തയുടെ നിദർശന മാണ്. സിനിമയെസംബന്ധിച്ച് കൂടുതൽ ഗഹന വും സമഗ്രവുമായ ഏറെ പഠനങ്ങൾ ഇന്ന് ലഭ്യമാണെങ്കിലും ലോകസിനിമാ ഭൂമികയിലേക്ക് വാതിൽ തുറക്കുന്ന പ്രാഥമിക വായനാനു ഭവമായി ഈ പുസ്തകം ഇന്നും പ്രസക്തമാണ്.

( അടൂർ ഗോപാല കൃഷ്ണന്റെ സിനിമയുടെ ലോകം (1984) എന്ന പുസ്തകത്തിന്റെ ഒരു പ ുനർവായന ഉണർത്തിയ ചിന്തകളാണ് ഈ കുറിപ്പ്)

ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# ഫ്യൂഡൽ അവശേഷിപ്പുകൾ - അടൂർ സിനിമയിൽ



തോംസൺ ലോറൻസ്
(പ്രിയദർശിനി ഫിലിം സൊസൈറ്റി)

വിശ്വചലച്ചിത്രകാരനായ അടൂർ ഗോപാലകൃഷ്ണന്റെ സിനിമകൾ കേരളത്തിന്റെ സാമൂഹിക - രാഷ്ട്രീയ - കുടുംബ - മാനസിക അവസ്ഥകൾ സവിശേഷമായും ആഖ്യാനം സൂക്ഷ്മമായും ചെയ്തിട്ടുള്ളവയാണ് . അതിൽ കാലഘട്ടങ്ങൾ കടന്നുപോകുന്നു . സംഭവങ്ങൾ ഓർമ്മപ്പെടുത്തുന്നു . ചരിത്രം അപ ഗ്രഥിക്കപ്പെടുന്നു . സ്ത്രീകഥാപാത്രങ്ങൾക്കു പ്രാധാന്യം നൽകുന്നു . പ്രമേയങ്ങൾ പ്രതീക ങ്ങളാണ് . സ്വയംവരം മുതൽ പിന്നെയും വരെയുള്ള സിനിമകളിൽ ഫ്യൂഡൽ വ്യവസ്ഥിതിയും നായർ കുടുംബ പശ്ചാത്ത ലവും ഒളിഞ്ഞും തെളിഞ്ഞും കാണാം .

കേരളീയ ഫ്യൂഡൽ സാമൂഹിക വ്യവസ്ഥിതിയുടെ അവശേഷിപ്പാണ് എലിപ്പത്തായം എന്ന സിനിമയിൽ നാം കാണുന്നത് .കാലത്തിന്റെ ഗതിമാറ്റത്തിൽ, ഭൗതിക -സാമ്പത്തിക-സാംസ് കാരിക അധികാര തകർച്ചയുടെ ബാക്കി പത്രമാണ് ഈ സിനിമയിലെ വീട് . ആ വീട് ഒരു എലിപ്പത്തായം പോലെയായിരിക്കുന്നു . ഉണ്ണി എന്ന കഥാപാത്രം കാലത്തിന്റെ മാറ്റത്തിന് മുന്നിൽ നിസ്സഹായനാണ് . അയാൾക്ക് പുതിയ കാലത്തിലേക്ക് മാറാനാവുന്നില്ല . അതു കൊണ്ടുതന്നെ ആ എലിപ്പത്തായത്തിൽ എലിയെ പോലെ കുരുങ്ങിക്കിടക്കുന്നു . ആ വീട്ടിലുള്ള മൂന്ന് സഹോദരിമാർ മൂന്നു വിധത്തിലാണ് പുതിയ അവസ്ഥകളോട് പ്രതികരിക്കുന്നത് . വിവാഹിതയായ മൂത്ത സഹോദരി ഇടയ്ക്കിടെ വീട്ടിലെത്തി ഫ്യൂഡൽ നിയമങ്ങൾക്ക് വിരുദ്ധമായി സ്വത്തവകാശം ആവശ്യപ്പെടുന്നു . എന്നാൽ സൗമ്യയും അവിവാഹിതയുമായ രണ്ടാമത്തെ സഹോദരി എല്ലാം സഹിച്ചു ജീവിച്ച് മരണത്തിനു കീഴ്പ്പെടുന്നു . മൂന്നാമത്തെ സഹോദരി ആ വീട്ടിൽ നിന്നും കാമുകനോടൊപ്പം പലായനം ചെയ്യുന്നു . പാരമ്പര്യ സ്വത്ത് അനു ഭവിച്ചു ശീലിച്ച ഉണ്ണി , ആ പഴയ ഭൗതിക സാഹചര്യത്തെ കാലോചിതം നവീകരിക്കാൻ





ശ്രമിക്കുന്നില്ല . പ്രതാപത്തിന്റെ ഓർമ്മയുമായി , നിഷ്ക്രിയനായി , ഏകനായി , മാനസിക വിഭ്രമത്തിലെത്തുന്നു .

സമത്വ സുന്ദര ലോകത്തിൽ നിന്ന് സ്വകീയ സുന്ദര ലോകത്തിലേക്കുള്ള വഴിമാറ്റവും വിശ്വാസ ഗോപുരങ്ങളുടെ തകർച്ചയിൽ ആത്മാവ് പിളർന്ന വ്യഥയും നിശബ്ദതയും ആവിഷ്കരിക്കുന്ന മുഖാമുഖം എന്ന സിനിമയിൽ ഫ്യൂഡൽ സാമൂഹികഘടന വ്യാവസായിക കേരളത്തിലേക്ക് പരിണമിക്കുന്ന കാഴ്ച കാണാം . മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത നീതിബോധത്തിന്റെ ആഹ്വാനം ശ്രീധരൻ എന്ന നേതാവിലൂടെ ആദ്യം ധ്വനിക്കുന്നു . എന്നാൽ പുരോഗമന പ്രസ്ഥാനത്തിനു ള്ളിൽ ഉയർന്നുവന്ന ആശയ ധ്രുവീകരണവും പിളർപ്പും ശ്രീധരനെ ഉത്തരമില്ലാത്ത ചോദ്യ ത്തിന്റെ നിശ്ശബ്ദതയിലേക്ക് നയിക്കുന്നു . ജീവിക്കുന്ന രക്തസാക്ഷിയാക്കുന്നു . പിളർപ്പിന് ശേഷം പുതിയ നേതാക്കന്മാരിൽ വളർന്നുവന്ന വലതുപക്ഷ സ്വഭാവം ശ്രീധരൻ ഗൂഢമൗനത്തിലൂടെ നിരാകരിക്കുന്നു . ആ വിപ്ലവകാരിക്ക് ഒരു പക്ഷത്തും ചേരാ നാവുന്നില്ല . പ്രസ്ഥാനത്തിൽ പുതുതായി കടന്നുവന്നവരുടെ സാമ്പത്തിക സ്വപ്നങ്ങൾ വാസ്തവത്തിൽ തങ്ങൾക്ക് ലഭിക്കാതെപോയ ഫ്യൂഡൽ അധീശത്വത്തിന്റെ പകർപ്പുകളാണ് . ഭാസ്കര പട്ടേലർ എന്ന കഥാപാത്രത്തിലൂടെ ഫ്യൂഡൽ വ്യവസ്ഥിതിയിലെ അധികാര പ്രമത്തതയും ക്രൂരതയും പ്രകടമാവുന്ന ചിത്രമാണ് വിധേയൻ . ഒരു ഭൂമേഖലയുടെ സർവ്വാധികാരത്തിനു മുന്നിൽ വിധേയരാവുന്ന മനുഷ്യരുടെ ജീവിതം ഇവിടെയുണ്ട് . തൊമ്മി എന്ന നിസ്സഹായ കഥാപാത്രം ജന്മിത്തത്തിനു പൂർണ്ണമായും വിധേയനായി ജീവിക്കുന്നു . പട്ടേലരുടെ സെന്റിന്റെ വാസന തന്റെ ഭാര്യ ഓമനയുടെ ശരീരത്തിൽ തങ്ങി നിൽക്കു ന്നത് മുകരുന്ന തൊമ്മി അടിമപ്പെട്ടും കൂട്ടിക്കൊടുത്തും ജീവിക്കുന്നതായി ചിത്രത്തിൽ കാണാം . അധീശത്വവും അടിമത്തവും പ്രകടമാവുന്ന നിരവധി രംഗങ്ങളിലൂടെ മനു ഷ്യന 1ലെ അടിമത്തവാസന സ്വാതന്ത്ര്യാനന്തര സമൂഹത്തിൽ നിലനിൽക്കുന്നു എന്ന മനഃശാസ്ത്ര നിരീക്ഷണവും ഈ ചിത്രത്തി ലുണ്ട് . വിധേയത്വം അടിമത്തമായി മാറുന്നു .

രണ്ട് ആനകളുായിരുന്ന തറവാടിന്റെ തകർച്ച കഥാപുരുഷനിൽ കാണാം . ഫ്യൂഡൽ കാലഘട്ടത്തിലെ ജന്മി - കുടിയൻ ബന്ധങ്ങൾ നിലനിന്ന വ്യവസ്ഥിതിയുടെ മാറ്റങ്ങൾ മൂന്ന് സാമൂഹിക ഘട്ടങ്ങളുടെ സൂചന കളിലൂടെ ഈ ചിത്രങ്ങളിൽ വ്യക്തമാണ് . സ്വാതന്ത്ര്യസമരവും ഭൂപരിഷ്കരണവും നക്സൽ തീവ്രവാദ രാഷ്ട്രീയവും പ രാമർശിക്കപ്പെടുന്നു . കേരള ചരിത്രത്തിന്റെ അരശതാബ്ദത്തിലെ രാഷ്ട്രീയത്തിലും കുടുംബബന്ധങ്ങളിലും വന്ന മാറ്റങ്ങൾ കുഞ്ഞുണ്ണി എന്ന കഥാപുരുഷ നിലൂടെ അടൂർ ഗോപാലകൃഷ്ണൻ വരച്ചിടുന്നു.

മലയാളി മധ്യവർഗത്തിന്റെ അവസ്ഥാന്തരവും സ്വപ്നഭംഗങ്ങളും ദുരന്ത സാഹചര്യങ്ങളും പേറുന്ന കഥകളാണ് പൊതുവെ അടൂർ സിനിമകളിൽ വിടർന്നുനിൽക്കുന്നത് . സിനി മയുടെ ഭാഷയും രീതിയും കലാപരമായി വ്യത്യസ്തവും തനിമയാർന്നതുമാണ് . പ്രമേയങ്ങളിൽ ഫ്യൂഡൽ അവശേഷിപ്പുകൾ പുതിയൊരു സാമൂഹിക ക്രമത്തിലേക്ക് പരിണമിക്കാനാവാത്ത സങ്കീർണതകൾ യുക്തിഭദ്രം പ്രതിപാദിക്കുന്നതുമാണ് .

ഫിലിം വിഷൻ
filca
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# സ്വയംവരം മലയാള സിനിമയിലെ വഴിത്തിരിവ്



ജയചന്ദ്രൻ കല്ലിങ്കൽ
(ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി)

കാല്പനിക സന്ദർഭങ്ങളും അതിഭാവുകത്വവും നാടകരംഗരീതിയും മലയാള സിനിമയുടെ ജനപ്രിയ സിനിമാധാരയിൽ വാണിജ്യമൂല്യം നിലനിർത്തിപോരുമ്പോൾ 1972- ൽ ഒരു വഴിത്തിരിവായി മാറിയ നവതരംഗ സിനിമ യാണ് സ്വയംവരം . പ്രണയബദ്ധരായ ഒരു യുവാവും യുവതിയും നാടുവിട്ട് മറ്റൊരു സ്ഥലത്തെത്തുന്നു . അവരൊന്നിച്ചുള്ള ജീവിതയാത്ര . സ്വപ്നങ്ങൾ , സ്വപ്നഭംഗങ്ങൾ . നിഷ്കളങ്കരും കളങ്കരുമായ സ്ത്രീ പുരുഷന്മാരുടെ ചുറ്റുവട്ടങ്ങൾ . മുന്നോട്ട് പോകുന്തോറും ബുദ്ധിമുട്ടുകൾ .എഴുപകളിലെ രൂക്ഷമായ തൊഴിലില്ലായ്മയിൽ നട്ടംതിരിഞ്ഞ യുവജനത . യാഥാർഥ്യ പ്രതീതിയുള്ള ജീവിത കാഴ്ചകൾ. പാട്ടും നൃത്തവും മറ്റു വാണിജ്യ ചേരുവകളും കലരാത്ത, സൂക്ഷ്മ നിരീക്ഷണങ്ങളുള്ള , എണ്ണൂറ്റിപ്പത്ത് ഷോട്ടുകളിലൂടെ യഥാതഥ അനുഭവം . കേരളീയ നിയോ റിയലിസമെന്നും ഉള്ളടക്കം കൊഴുപ്പിക്കാത്ത ഫോർമലിസ്റ്റ് ആഖ്യാനമെന്നും നിരൂപകർ . സുതാര്യത. സ്വാഭാവികത . ഗ്രാമീണതയുടെ ചാരുത . ചിത്രലേഖ എന്ന കേരളത്തിലെ ആദ്യത്തെ ഫിലിം സൊസൈറ്റി സാമ്പത്തിക പ്രതിസന്ധികൾ കടന്ന് പൂർത്തീകരിച്ചത് . എന്തായാലും ഈ സിനിമ അങ്ങ് കാൻ ഫിലിം ഫെസ്റ്റിവൽ വരെയെത്തി . മോസ്കോ ഫിലിം ഫെസ്റ്റിവലിലും ഇടം നേടി . കേരള സംസ്ഥാന ഫിലിം അവാർഡ് കമ്മറ്റി പാടെ തഴഞ്ഞെങ്കിലും മികച്ച സിനിമ ,മികച്ച സംവിധായകൻ , മികച്ച നടി , മികച്ച ഛായാഗ്രാഹകൻ എന്നിങ്ങനെ ദേശീയ പുരസ്കാരങ്ങളും കരസ്ഥമാക്കി . ഇന്നും സ്വയംവരം മലയാള സിനിമയുടെ ചരിത്ര പാഠത്തിൽ അരശതാബ്ദം പിന്നിട്ട് ജൈത്രയാത്ര തുടരുന്നു .


എഴുപതുകളിലെ കേരളവും ജീവിതവും ഈ ചിത്രത്തിൽ കാണുമ്പോൾ, ജന്മിത്വത്തിന്റെ തകർച്ചയും മറ്റൊന്നിലേക്ക് വികസിക്കാത്ത



സാമൂഹിക അവസ്ഥയും തൊഴിലില്ലായ്മയും രാഷ്ട്രീയ അരക്ഷിതാവസ്ഥ ചൂഴ്ന്ന ചുറ്റുവട്ടത്തിൽ അഭ്യസ്തവിദ്യരായ യുവജനത നേരിട്ട ദുരവസ്ഥയും പലായനവും വഴിതെറ്റിവീഴുന്ന പ്രതീക്ഷകളും സ്വയംവരത്തിൽ ദർശിക്കാനാവുന്നു . സാമൂഹിക സത്യത്തിന്റെ പ്രതിഫലനം പ്രമേയമായി മാറുന്നു . സാമൂഹിക യാഥാർഥ്യത്തിന്റെ ആകെത്തുകയുടെ ശരാശരി ഗ്രഹിച്ചാൽ വ്യക്തമാവുന്ന സോഷ്യൽ റിയലിസവും ഈ സിനിമയിലുണ്ട് .



കാർഷികമേഖലയുടെ ഫ്യൂഡൽ സമ്പദ് ഘടനയിലെ പരിമിതിയുടെ പരിധി കൈവിട്ട കേരളം വ്യവസായ സ്വപ്നങ്ങളിൽ മയങ്ങി നിൽക്കേ , വികസനം മുരടിച്ചുനിൽക്കേ , യുവത നേരിട്ട നിലനിൽപ്പിന്റെ പ്രശ്നങ്ങളാണ് സ്വയംവരത്തിലെ അടിയൊഴുക്ക് . ലോക സിനിമയിലെ ഇറ്റാലിയൻ നിയോ റിയലിസ്റ്റ് സങ്കേതത്തിന്റെ സൗന്ദര്യദർശനം തന്നെ യുദ്ധാനന്തര ജീവിതത്തിലെ തൊഴിലില്ലായ്മയും നിലനിൽപ്പിന്റെ പ്രതിസന്ധിയുമാണ് . ബൈസിക്കിൾ തീവ്സ് എന്ന സിനിമ വ്യക്തമായ ഉദാഹരണമാണ് . നാല്പതുകളിലെ ഇറ്റാലിയൻ നിയോ റിയലിസമാണോ എന്ന് ചോദിച്ചാൽ അല്ല . എന്നാൽ കേരളത്തിന്റെ നിയോ റിയലിസവും മലയാള സിനിമയിലെ നിയോ റിയലിസവും അല്ലേ എന്ന് ചോദിച്ചാൽ ആണ് . കേരളീയതയുടെ സാരാംശം പ്രതിനിധാനം ചെയ്യുന്നവരാണ് ഈ സിനിമയിലെ നായികാനായകന്മാർ . നിഷ്കളങ്കമായ സ്വഭാവസവിശേഷതകൾ . വികസിത രാജ്യങ്ങളിലെ സ്വതന്ത്ര സംരംഭകത്വത്തിന് പ്രോത്സാഹനമില്ലാത്ത സാമ്പത്തിക ശാസ്ത്രത്തിൽ അവശേഷിക്കുന്ന ബ്യൂറോക്രസിയാണ് നായകനു മുന്നിലുള്ള പ്രധാന വരുമാന സ്വപ്നം . പരസ്പരം സ്നേഹിച്ചു ഒന്നിച്ചു ജീവിക്കാൻ ആഗ്രഹിച്ച രണ്ടു സ്വതന്ത്ര വ്യക്തികളുടെ കഥകൂടിയാണ് സ്വയംവരം . എഴുപതുകളിലെ അവസ്ഥകൾ ഇപ്പോഴും നിലനിൽക്കുന്നു എന്നാണ് വീണ്ടും സ്വയംവരം കാണുമ്പോൾ ഓർമ്മിക്കുക . മലയാള സിനിമയിലെ വഴിത്തിരിവാണ് വിശ്വപ്രസിദ്ധ സംവിധായകൻ അടൂർ ഗോപാലകൃഷ്ണന്റെ ആദ്യ സിനിമയായ സ്വയംവരം .



ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# അടൂർ സിനിമയിലെ സ്ത്രീ കഥാപാത്രങ്ങൾ



ആശ നായർ
( ഫിൽക്ക)

ഫ്യൂഡൽ സാമൂഹിക ഘടനയിൽ നിന്ന് ജനാധിപത്യ ഘടന യിലേക്കുള്ള ദുർഘട യാത്രയിൽ , പുരുഷ മേധാവിത്വ സമൂഹത്തിൽ വനിതകൾക്ക് തങ്ങളുടെ കഴിവ് തെളിയിക്കാനുള്ള വഴി തുറന്നുകിടക്കുന്ന രംഗങ്ങളാണ് സാഹിത്യവും നാടകവും നൃത്തവും സംഗീതമൊക്കെ. എന്നാൽ ഇന്ത്യൻ പോപ്പുലർ സിനിമയിൽ അങ്ങനെയൊരു വഴി അപ്രായോഗികമായി തുടരുകയാണ്.

സിനിമ വ്യവസായത്തിൽ പ്രേക്ഷരിൽ ഭൂരിഭാഗവും പുരുഷന്മാർ ആയതിനാലാവും സ്ത്രീകളെ ഉപരി പ്രദർശന വസ്തുക്കൾ ആയി ഉപയോഗിച്ച് പോരുന്നത്. കാണിയുടെ കണ്ണ് നനയിപ്പിക്കാനും പുരുഷന്മാരുടെ ആവശ്യങ്ങൾ നിറവേറ്റാനുമായുള്ള ഒരു ഉപഭോഗ വസ്തു ആയിട്ടാണ് പൊതുവേ സ്ത്രീകളെ പണ്ടു മുതൽക്കേ നിർമ്മാണ സൂത്രവാക്യം പരിഗ ണിച്ചിരുന്നത് . പക്ഷേ മലയാള പോപ്പുലർ സിനിമയിൽ അപൂർവമെങ്കിലും വനിതാ പ്രാധി നിധ്യം സജീവമാണ്. മുഖ്യ കഥാപാത്രമായി വനിതകളും സ്ത്രീയുടെ ജീവിത പ്രാധാന്യമുള്ള പ്രമേയങ്ങളും മുന്നേറുന്നു.

കേരളത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാന ത്തിന്റെ തുടക്കക്കാരനും വിശ്വ ചലച്ചിത്രകാര നുമായ അടൂർ ഗോപാലകൃഷ്ണന്റെ മലയാള ക്ലാസിക് സിനിമ കളിൽ, സ്ത്രീകഥാപാത്ര ങ്ങൾക്ക് സ്വത്വവും അസ്തിത്വവും ഉണ്ട്. അടൂരിന്റെ പ്രമേയങ്ങളിലെ സ്ത്രീ കഥാ പാത്രങ്ങൾ അവരുടെ ഏറ്റവും അടിസ്ഥാന പരമായ മനുഷ്യാവകാശങ്ങൾക്കൊപ്പം നിൽക്കുന്നവരാണ്. പോപ്പുലർ സിനി മയിൽ സ്ത്രീകൾക്ക് നൽകിയിരുന്ന സാധാരണ കഥാപാത്രങ്ങളിൽ നിന്ന് അവർ വ്യത്യസ്തരാണ്. അവർ സ്വാതന്ത്ര്യം തേടിയുള്ള യാത്രയിലാണ്.

വിശ്വചലച്ചിത്ര വേദിയിൽ ഫിലിം മാസ്റ്റർ പദവിയുള്ള അടൂർ ഗോപാലകൃഷ്ണൻ തനിക്കു അന്യമായ പ്രമേയങ്ങളല്ല സിനി മയാക്കുന്നത്. അത് കൃത്യമായി സാമൂഹ്യ പ്ര തിബദ്ധത ഉള്ള വിഷയങ്ങളെ ആസ്പദമാക്കി ഉള്ളവയാണ്. ഗാഢമായ സാമൂഹിക ചിന്തകളുടെ ആവരണമുണ്ട് . സ്വഭാവം കൊണ്ടും സ്വാഭാവികത കൊണ്ടും അദ്ദേഹം മാനവികതയും പാരമ്പര്യവും കാത്തു സൂക്ഷിക്കുന്നു . അതിനാൽ സ്ത്രീകളും അവരുടെ ദുരവസ്ഥയും അതിജീവനവും എപ്പോഴും ഒരു പ്രധാന ഘടകമാണ്.

വിശദാംശങ്ങളോടും സങ്കീർണ്ണതയോടും കൂടി അദ്ദേഹം അവയെ വരച്ചു കാട്ടുന്നു. അവരുടെ സ്വഭാവരൂപീകരണം എല്ലായ്പ്പോഴും എടുത്തു കാട്ടുന്നു. അദ്ദേഹത്തിന്റെ സിനിമകളിൽ മൂന്ന് തരത്തിലുള്ള സ്ത്രീകളുണ്ട് : ഇരകൾ, അതിജീവിച്ചവർ, മോചിപ്പിക്കപ്പെട്ടവർ. അദ്ദേഹത്തിന്റെ സിനിമകൾ, പ്രത്യേകിച്ച്, സ്വയംവരം, എലിപ്പത്തായം, മതിലുകൾ, നാലുപെണ്ണുങ്ങൾ, രണ്ടാണും ഒരു പെണ്ണും, എന്നിവ ചരിത്രപരമായി സ്ത്രീകളെ സാന്ദർഭികമാക്കിയവയാണ്.

**സീത (ശാരദ) - സ്വയംവരം, 1972**

സ്വയംവരം മലയാളത്തിലെ നവതരംഗ സിനി മയുടെ തുടക്കമായിരുന്നു. സീത (ശാരദ) പ ക്വതയുള്ള, ബഹുമുഖ കഥാപാത്രമായി കടന്നുവരുന്നു. അവൾ മറ്റ് കഥാപാത്രങ്ങ ളുമായുള്ള ആശയവിനിമയത്തിന്റെ



പാതയിൽ പരിണമിക്കുകയും സ്വതന്ത്രമായി തീരുമാനമെടുക്കാൻ കഴിവുള്ള ഒരാളായി മാറുകയും ചെയ്യുന്നു.

സമൂഹത്തിന്റെ യാഥാസ്ഥിതിക മാന ദണ്ഡങ്ങൾക്ക് വിരുദ്ധമായി അവൾ ഇഷ്ടപ്പെട്ട ഒരു പുരുഷനെ വിവാഹം കഴിച്ചു. ഒരു സ്വയംവരം തന്നെ. സ്വപ്നങ്ങളുമായി മറ്റൊരിടത്തേക്ക് പലായനം ചെയ്യുന്നു. പ്രതി സന്ധികളിലൂടെ ജീവിതം കടന്നു പോകുന്നു. ഒരു കുഞ്ഞിനെ പ്രസവിക്കുന്നു. ഒടുവിൽ അപ്ര തീക്ഷിതമായി ഭർത്താവിന്റെ മരണം . ഒറ്റപ്പെടൽ . ഒരു പരാജിതയെ പോലെ സ്വന്തം വീട്ടിലേക്ക് മടങ്ങാൻ അവൾ ആഗ്രഹിക്കുന്നുമില്ല. അയൽ പക്കത്തുള്ള പുരുഷന്മാരുടെ പരിഹാസവും ദ്രോഹവും അവഗണിച്ച് അവൾ തന്റെ കുട്ടിയുമായി തനിച്ചു ജീവിക്കാൻ തീരുമാനി ക്കുന്നു .

അവസാന രംഗത്തിൽ വാതിലിൽ ആരോ മുട്ടുന്നത് കേൾക്കുന്നു. വാതിൽക്കൽ ഉറ്റു നോക്കുന്നു. നിശ്ചയ ദാർഢ്യമുള്ള കണ്ണുകളോടെ പ്രേക്ഷകരെ നോക്കുന്നു .സ്ത്രീയുടെ അതിജീവനത്തിന്റെ പ്രഖ്യാപനം കൂടി യാണ് അവളുടെ നോട്ടം.

**രാജമ്മ (ശാരദ), ശ്രീദേവി (ജലജ), ജാനമ്മ (രാജം.കെ.നായർ) എലിപ്പത്തായം, 1982**

പുരുഷാധിപത്യത്തിന്റെയും ജന്മിത്വത്തിന്റെയും ഇടയിൽ ഒരു ഇരയെ പോലെ കഷ്ടപ്പെടു ന്നവളാണ് രാജമ്മ . കുടുംബപരമായ ഉത്തര വാദിത്തങ്ങളും നിരാശകളും രാജമ്മയെ വേട്ടയാടുന്നു. ഒരു അടിമയെ പോലെയാണ്



രാജമ്മയെ അവളുടെ സഹോദരൻ ഉണ്ണി (കരമന) പരിഗണിക്കുന്നത്. അവൾ ജീവിതത്തിന്റെ എലിപ്പത്തായത്തിനുള്ളിലാണ്. അതിൽ ഇരയാവുന്ന അവസ്ഥ അവളെ ദയനീയ മരണത്തിലേക്ക് നയിക്കുന്നു. എന്നാൽ, രാജമ്മയിൽ നിന്ന് വ്യത്യസ്തമായി അനുജത്തി ശ്രീദേവിയും (ജലജ) മൂത്ത സഹോദരി ജാനമ്മയും (രാജം.കെ. നായർ) ഉണ്ണിയുടെ മാടമ്പി ഭരണത്തിനെ തിരസ്കരിക്കുന്നു. അവർ അവരുടെ സ്വന്തം തീരുമാനങ്ങൾ വഴി, വീട് എന്ന എലിപ്പത്തായത്തിൽ നിന്ന് രക്ഷപ്പെടുകയാണ്.

കേരളത്തിലെ ഫ്യൂഡൽ വ്യവസ്ഥിതിക്കുള്ളിൽ സ്ത്രീകൾ എങ്ങനെ പ്രതിഷ്ഠിക്കപ്പെട്ടുവെന്ന് എലിപ്പത്തായം നമ്മെ കാണിച്ചു തരു ന്നു.ഫ്യൂഡൽ വ്യവസ്ഥിതിക്കുള്ളിൽ കുടുങ്ങി ക്കിടക്കുന്ന ഒരു മനുഷ്യന്റെ ഭ്രമാത്മ കതയിലേക്കുള്ള വീഴ്ച്ച ഉണ്ണിയിലൂടെ

സംവിധായകൻ കറുത്ത ഹാസ്യത്തിൽ പകർത്തുന്നു . ആ മൂന്ന് സ്ത്രീകൾക്കും മൂന്ന് വ്യത്യസ്ത നിറങ്ങൾ വേഷത്തിലൂടെ നിർദ്ദേശിക്കുന്നുമുണ്ട് . രാജമ്മയുടെ നീലവേഷം സൗമ്യയും സന്നദ്ധതയും സഹിഷ്ണുതയും അറിയിക്കുന്നു. രാജമ്മ പുരുഷാധിപത്യത്തിന് കീഴട ങ്ങുന്നുവെങ്കിൽ വിപ്ലവത്തിന്റെയും യുവത്വത്തിന്റെയും ചുവപ്പുമായി ശ്രീദേവി തന്റെ കാമുകനുമായി ഒളിച്ചോടുന്നു. പച്ച വേഷമിട്ട, വിവാഹിതയായ ജാനമ്മ ഇടയ്ക്കിടെ തിരികെ വന്ന് ജന്മിത്വ വ്യവസ്ഥിതിക്കെതിരെ പോരാടി തന്റേതായ സ്ഥാനം ഉറപ്പിക്കാനും ശ്രമിക്കുന്നു.

**സുമംഗലി - നളിനി ( ശോഭന) - അനന്തരം 1987**

യാഥാർത്ഥ്യവും ഭാവനയും തമ്മിലുള്ള തിർവരമ്പുകൾ ഇല്ലാത്ത, മനഃശാസ്ത്ര കഥയ്ക്കുള്ളിലെ കഥകളിൽ കുരുങ്ങിയ അജയന്റെ (അശോകൻ) സങ്കൽപ്പ കാമുകിയും ( കഥാപാത്രം - നളിനി ) സഹോദരന്റെ ഭാര്യയും ( കഥാപാത്രം - സുമ ) സിനിമയിൽ ഒരേ നടിയാണ് (ശോഭന). രണ്ടും പലപ്പോഴും വേർതിരി ച്ചറിയാൻ കഴിയില്ല . ഈ ഇരട്ട സങ്കീർണ്ണതയിൽ നിന്ന് നളിനി നിഗൂഢമായി പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്നു. സഹോദര ഭാര്യ യായ സുമ മറ്റൊരു വ്യക്തിത്വമാണെന്ന് അജയന് സമ്മതിക്കാനുമാകുന്നില്ല. അജയന്റെ ഭ്രമാവസ്ഥ അയാൾ തന്നെ ഉപകഥകളിലൂടെ ന്യായീകരിക്കാൻ ശ്രമിക്കുകയാണ് . ഒന്നും പൂർത്തിയാവുന്നില്ല . ഒന്നിൽ നിന്ന് അനന്തരം മറ്റൊന്നിലേക്ക്. ശോഭന എന്ന നടിയുടെ ഇരട്ട കഥാപാത്രങ്ങളിൽ ഒന്നായ നളിനി അചഞ്ചലമായ നോട്ടവും സർക്കാർ ബസുകളിലെ വരവും പോക്കും കൊണ്ട് ആശയക്കുഴപ്പം കാണിയിലും വർദ്ധിപ്പിക്കുന്നു. അവസാനം, സുമംഗലിയും നളിനിയും അജയന്റെ മനസ്സിലൂടെ ഉത്തരമില്ലാത്ത രണ്ട് ചോദ്യങ്ങളായി തങ്ങി നിൽക്കുന്നു.



**നാരായണി (ശബ്ദം-കെ.പി.എ.സി.ലളിത) മതിലുകൾ, 1990**

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിനാൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിൽ കഴിയുന്ന യുവാവായ ബഷീർ (മമ്മൂട്ടി) ജയിൽ മതിലിന്റെ മറുവശത്ത് നിന്ന് വ്യക്തവും ഉച്ചത്തിലുള്ളതുമായ ഒരു സ്ത്രീ ശബ്ദം കേട്ട് ആവേശഭരിതനാകുന്നു. ആ സ്ത്രീയുടെ ശബ്ദത്തിന്റെ ഊഷ്മളതയിലേക്ക്



അയാൾ ആകർഷിക്കപ്പെടുന്നു. ചുവരിന്റെ മറുവശത്തുള്ള അദൃശ്യയായ സ്ത്രീയും അയാളും തമ്മിലുള്ള അസാധാരണമായ ഒരു പ്രണയതരംഗമാണ് തുടർന്നുള്ളത്. ഏതൊരു പ്രണയകഥയിലും ഉള്ളത് പോലെ കാത്തിരിപ്പും അനിശ്ചിതത്വങ്ങളും അഭിനിവേശവും തീവ്രമാകുന്ന അടുപ്പം അവർക്കുണ്ട്.

പ്രേക്ഷകൻ ഒരിക്കലും നാരായണിയെ കാണുന്നില്ല . എന്നിട്ടും അവളുടെ വികാരങ്ങളുടെ

തീവ്രത അനുഭവിക്കാൻ കഴിയുന്നു . അവളുടെ ശബ്ദം (ശബ്ദം - കെ.പി.എ.സി ലളിത) ഒരു കാമുകി യുടെ എല്ലാ വികാരങ്ങളും നിറഞ്ഞതാണ്. നാരായണി യഥാർത്ഥമാണോ അതോ ബഷീറി ന്റെ സങ്കല്പം മാത്രമാണോ എന്ന് കണ്ടെ ത്തുന്നത് പ്രേക്ഷകരുടെ ഇഷ്ടത്തിന് അടൂർ വിട്ടുകൊടുക്കുന്നു.

റോസാചെടിയുടെ കമ്പ് എന്ന പ്രതീകം മതിലുകൾക്ക് മുകളിൽ ഉയർന്നു താഴുന്നതിലൂടെ പ്രേക്ഷകർക്കു ബഷീറി ന്റെയും നാരായണിയുടെയും പ്രണയകഥ ഒരു മധുര നൊമ്പരമാക്കുന്നു. അതിലുപരി ശക്തയായ, വെല്ലുവിളികളെ നേരിടുന്ന,ജീവിത പോരാളിയായ, നാരായണി എന്ന അദൃശ്യ സ്ത്രീകഥാപാത്രത്തെ പ്രേക്ഷകന്റെ ഓർമ്മയിൽ നിക്ഷേപിക്കുന്നു.

## നാല് പെണ്ണുങ്ങൾ - 2007

തകഴിയുടെ നാല് വ്യത്യസ്ത കഥകളിലെ നാല് സ്ത്രീകളെ കുറിച്ചാണ് നാലു പെണ്ണു ങ്ങൾ എന്ന സിനിമ പ്രതിപാദിക്കുന്നത്. അവർ അതിജീവനത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്നവരാണ്. സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള സ്ത്രീകളുടെ കഥകൾ ആഖ്യാനത്തിൽ ബന്ധിപ്പിച്ചിട്ടില്ലെങ്കിലും, സിനിമയുടെ ഒഴുക്കിൽ, കാലാനുസൃതമായ പശ്ചാത്തലത്തിൽ സ്ത്രീകളുടെ വ്യക്തിത്വ പ്രാതിനിധ്യം ഉറപ്പാക്കുന്നു.



**കുഞ്ഞിപ്പെണ്ണ് (പദ്മപ്രിയ)**

ഭാര്യാഭർത്താക്കന്മാരായി ജീവിതം തുടങ്ങാൻ തീരുമാനി ക്കുന്ന തെരുവ് വേശ്യയായ കുഞ്ഞിപ്പെണ്ണിന്റെയും പാപ്പുക്കുട്ടിയുടെയും കഥയാണ് ആദ്യഖണ്ഡം ( ഒരു നിയമ ലംഘനത്തിന്റെ കഥ). നിയമപരമായ ഒരു അനുമതിയും രേഖയും ഇല്ലാതെ ദമ്പതി മാരായി ജീവിക്കാൻ തുടങ്ങുന്നു അവർ . എന്നാൽ നിയമം അവരെ പിടികൂടുമ്പോൾ, വിവാഹത്തിന് തെളിവായി ഒന്നും അവർക്കില്ല. വേശ്യാവൃത്തിക്കുറ്റത്തിന് നിസ്സഹായരായ ആ ദമ്പതികൾ ശിക്ഷിക്കപ്പെടുന്നു .

## കുമാരി ( ഗീതു മോഹൻദാസ്)

വളരെ ചെറുപ്പത്തിൽ തന്നെ തന്റെ വീട്ടുജോലി യുടെ ഉത്തരവാദിത്തം ഏറ്റെടുത്ത ഒരു കർഷക ത്തൊഴിലാളിയാണ് കുമാരി . കുമാരി എന്നാൽ അർത്ഥം കന്യക . അവളുടെ പ്രായം



മനസ്സിലാക്കിയ അവളുടെ അച്ഛൻ അവൾക്ക് അനുയോജ്യമായ ഒരു വിവാഹാലോചന സ്വീകരിക്കുന്നു. വിവാഹശേഷം, അവളുടെ ഭർത്താവ് നാരായണൻ വിചിത്രമായി പെരുമാറുന്നു. അവളുമായുള്ള ഏതെങ്കിലും തരത്തിലുള്ള സമ്പർക്കം ഒഴിവാക്കുന്നു. ഭർത്താവിന്റെ നിഗൂഢമായ പെരുമാറ്റം കുമാരിയിലും അകൽച്ചയുണ്ടാക്കുന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം, ദമ്പതികൾ കുമാരിയുടെ വീട്ടിൽ സന്ദർശനം നടത്തു ന്നു. സന്ദർശനത്തിന് ശേഷം കുമാരിയെ

അവളുടെ വീട്ടിൽ വിട്ട നാരായണൻ അവളെ തിരികെ കൊണ്ടു വരാൻ ഒരിക്കലും മടങ്ങിയില്ല. മാസങ്ങൾ കഴിഞ്ഞു . അവളുടെ വിശ്വാസവഞ്ചന കാരണം അയാൾ അവളെ ഉപേക്ഷിച്ചുവെന്ന അഭ്യൂഹങ്ങൾ പരക്കുന്നു . കുമാരി, തന്റെ വിവാഹം ഒരിക്കലും നടന്നിട്ടില്ലെന്ന് പ്രഖ്യാപി ക്കുന്നു. രണ്ടാം ഖണ്ഡം - കന്യക - ശക്തമായ നിശ്ചയത്തിൽ , പ്രതിരോധത്തിൽ ഉറച്ചു നിൽക്കുന്നു .

**ചിന്നു അമ്മ (മഞ്ജു പിള്ള)**

കുട്ടികളില്ലാത്ത വീട്ടമ്മയാണ് ചിന്നു അമ്മ. സ്നേഹനിധിയായ ഭർത്താവിനൊപ്പം അവൾ തികച്ചും സംതൃപ്തമായ ജീവിതം നയിക്കുന്നു. അവളുടെ ഭർത്താവ് അടുത്തുള്ള പട്ടണത്തിൽ ജോലി ചെയ്യുന്നു. അവൾ വീട്ടിൽ തനിച്ചാണ് സമയം ചെലവഴിക്കുന്നത്. ഒരു ദിവസം, ബാല്യകാല സഹപാഠിയായ നാരാ പിള്ള അവളെ സന്ദർശിക്കുന്നു. നാരാ പിള്ള പണ്ടേ തമിഴ്നാട്ടിലേക്ക് ഒളിച്ചോടിപ്പോയതാണ്. സമ്പന്നൻ . സംഭാഷണങ്ങളിൽ നിന്ന്, അവർ രണ്ടുപേരും



അവരുടെ ചെറുപ്പത്തിൽ ഒരു പ്രണയബന്ധം പുലർത്തിയിരുന്നുവെന്നു സൂചനയുണ്ട്. അവളുടെ ഭർത്താവ് ദുർബലനാണെന്ന് നാരാ പിള്ള മനസിലാക്കുന്നു . ആരോഗ്യമുള്ള ഒരു സന്തതിയെ വാഗ്ദാനം ചെയ്തുകൊണ്ട് അയാൾ അവളെ വേഴ്ചയ്ക്ക് ക്ഷണിക്കുന്നു. ചിന്നു അമ്മയുടെ മനസ്സ് ചാഞ്ചാടുന്നുവെങ്കിലും അവൾ ധൈര്യത്തോടെ അയാളുടെ ക്ഷണം നിരസിക്കുന്നു .

സ്ത്രീയുടെ ധർമ്മസങ്കടവും ചാഞ്ചാട്ടവും എന്നാൽ ധർമ്മനിഷ്ഠയു മാണ് ചിന്നു അമ്മ എന്ന ഖണ്ഡത്തിൽ തെളിയുന്നത് .

**കാമാക്ഷി ( നന്ദിത ദാസ് )**

ഇടത്തരക്കാരിയായ പെൺകുട്ടിയാണ് കാമാക്ഷി . വിധവയായ അമ്മയും ഒരു ജ്യേഷ്ഠനും രണ്ട് സഹോദരിമാരും അടങ്ങുന്ന കുടുംബം . അവളെ വിവാഹം കഴിക്കാനെത്തുന്നവൻ അവളുടെ



അനു ജത്തിയെയാണ് വിവാഹം ചെയ്യുന്നത് . വർഷങ്ങൾക്ക് ശേഷം അവളുടെ ജ്യേഷ്ഠനും വിവാഹിതനാകുന്നു. അവൾ മധ്യവയസ്സിലേക്ക് നടക്കുമ്പോൾ അവളുടെ ഇളയ സഹോദരിയും വിവാഹിതയാകുന്നു. അമ്മയും മരിച്ചതോടെ അനുജത്തിയുടെ കുടുംബത്തോടൊപ്പം പോകാൻ അവൾ നിർബന്ധിതയാകുന്നു. എന്നാൽ അനുജത്തി തന്റെ ഭർത്താവും കാമാക്ഷിയും തമ്മിൽ ഇഷ്ടമുണ്ടെന്ന് സങ്കൽപ്പിക്കാൻ തുടങ്ങുന്നു . അനുദിനം പ്രശ്നങ്ങൾ . അതോടെ കാമാക്ഷി ഏകയായി സ്വന്തം വീട്ടിലേക്ക് മടങ്ങുന്നു. മദ്ധ്യവയസ്കയായ അവൾ ഒറ്റയ്ക്ക് ജീവിക്കാൻ തീരുമാനിക്കുന്നു . ജീവിതത്തിന്റെ നിർഭാഗ്യ സാഹചര്യങ്ങൾ വന്നുചേർന്ന് ഒറ്റപ്പെടുന്ന സ്ത്രീയുടെ ദൃഢമനസ്സ് നിത്യകന്യക എന്ന ഈ ഖണ്ഡത്തിൽ അനാവരണം ചെയ്യുന്നു .

**പങ്കിയമ്മ (പ്രവീണ) ഒരു പെണ്ണും രണ്ടാണും - 2008**

ശാലീന സുന്ദരിയാണ് പങ്കി . രാമക്കുറുപ്പ് എന്ന മധ്യവയസ്കൻ അവളെ വിവാഹം ചെയ്തു . ഒരു രാത്രിയിൽ, അവിചാരിതമായി , പങ്കിയുടെ കൂടെ മുൻകാമുകനെ കാണുന്ന കുറുപ്പിന് സംശയമായി . കുറുപ്പ് ആതിഥേയനെ കുത്തുന്നു . വധശ്രമ കേസിൽപ്പെട്ട കുറുപ്പ് ഒളിവിലായി . പോലീസ് അന്വേഷണത്തിന് ശേഷം ജാമ്യം കിട്ടിയ കുറുപ്പ് വീട്ടിലേക്ക് മടങ്ങുന്നു. കോടതിയിൽ കേസ് നടക്കുമ്പോൾ ഇരുപക്ഷത്തെയും അനുകൂലിക്കുന്നവർ തെരുവിൽ ഏറ്റുമുട്ടി. പങ്കിയമ്മയാവട്ടെ നിസ്സഹായ യാണ്. നിഷ്പക്ഷയാണ് . അക്രമത്തിന് പ്രേരിപ്പിച്ചതിന് കുറുപ്പിനും കുത്തേറ്റവനും മൂന്ന് വർഷത്തെ കഠിന തടവ് ശിക്ഷ വിധിച്ചു. ജയിലിൽ, മെല്ലെ ഇരുവരും തങ്ങളുടെ ശത്രുത അവസാനിപ്പിക്കുന്നു . അവരുടെ മോചനത്തിൽ ഒരുമിച്ച് പങ്കിയെ നേരിടാൻ തീരുമാനിക്കുകയും ചെയ്യുന്നു. പങ്കിയമ്മയാവട്ടെ ഇരുവരെയും നേരിടാൻ കരുത്തുള്ളവളുമാണ് .

എഴുപതുകളിൽ മലയാള സിനിമയെ മാറ്റിമറിച്ചതിൽ അടൂർ ഗോപാലകൃഷ്ണൻ വഹിച്ച പങ്ക് വലുതാണ്. അദ്ദേഹത്തിന്റെ പ്രധാന കഥാപാത്രങ്ങൾ പലപ്പോഴും ഒരു വ്യത്യസ്ത വർഗത്തിലോ വിഭാഗത്തിലോ ഉള്ളവരാണ് . അവർ പൊതുവെ ഒരു പോപ്പുലർ നായകനോ നായികയോ എന്ന സങ്കൽപ്പത്തിൽ ഉൾപ്പെട്ടിരുന്നില്ല. സമൂഹത്തിലെ അഭികാമ്യമല്ലാത്ത വിഷയ ങ്ങളായി കണക്കാക്കപ്പെട്ട, ദശലക്ഷക്കണക്കിന് ആളുകളിൽ നിന്നുള്ള , മുഖമില്ലാത്തതും പേരി ല്ലാത്തതുമായ കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ സിനിമകളിൽ പ്രാതിനിധ്യം കണ്ടെത്തി. മനുഷ്യാവകാശ നിഷേധങ്ങളെ അദ്ദേഹത്തിന്റെ കലാദർശനം എതിർത്തതുകൊണ്ടു കൂടിയാണ് അദ്ദേഹത്തിന്റെ സിനിമകളിലെ സ്ത്രീകൾ ശക്തരായത്.

അദ്ദേഹത്തിന്റെ സിനിമകളിലെ സ്ത്രീകൾ പലപ്പോഴും സമൂഹത്തിൽ തങ്ങളുടെ ഐഡന്റിറ്റി നിലനിർത്താൻ പാടുപെടുന്നതായി കാണപ്പെടുന്നു. എന്നിട്ടും പുരുഷാ ധിപത്യത്തിനെതിരെ ശക്തമായി ഉയർന്നും നിൽക്കുന്നു. സ്ത്രീ കഥാപാത്രങ്ങൾ അംഗീകരിക്കപ്പെടുകയോ പ്രാധാന്യം നൽകപ്പെടുകയോ ചെയ്യാത്ത കാലത്ത് അദ്ദേഹം സ്ത്രീകൾക്ക് അവസരം നൽകുകയും മുഖ്യധാരാ സമൂഹത്തിൽ നിന്ന് പലപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ആശങ്കകൾ പങ്ക് വെയ്ക്കുകയും ചെയ്യുന്നു. അടൂർ സിനിമകളിലെ സ്ത്രീകഥാപത്ര ങ്ങൾ യഥാർഥ ജീവിതത്തോട് ലയിച്ചുന ിൽക്കുന്നവരും സ്വത്വവും അസ്തിത്വവും ഉള്ളവരുമാണ്






ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# എലിപ്പത്തായം: ഫ്യൂഡലിസത്തിൽ നിന്നും ആധുനികതയിലേക്കുള്ള പരിവർത്തനം



വിദ്യ ശോഭന
( ഫിൽക്ക)

അടൂർ ഗോപാലകൃഷ്ണൻ രചനയും സംവിധാനവും നിർവഹിച്ച് , 1982 ൽ പുറത്തിറങ്ങിയ ചിത്രമാണ് എലിപ്പത്തായം. ആ വർഷത്തെ ലൻ ഫിലിം ഫെസ്റ്റിവലിൽ സതേർലാൻഡ് ട്രോഫിയും കേരള സംസ്ഥാന ചലച്ചിത്ര അവാർഡും ദേശീയ അവാർഡും ചിത്രം കരസ്ഥമാക്കിയിരുന്നു. ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് ഈ മലയാള ചിത്രത്തെ ലോക പ്രസിദ്ധമാക്കി.

പുരുഷാധിപത്യവും ഫ്യൂഡലിസവും ഈ ചിത്രം വ്യക്തമായി ചർച്ച ചെയ്യുന്നു. മാറ്റം ഉൾക്കൊള്ളാനാകാത്ത, നിർബന്ധബുദ്ധി യിൽ കുടുങ്ങി കിടക്കുന്ന, അവിശ്വസനീയമാവിധം അലസനും നിഷ്ക്രിയനും ഭീരുവും ആണ് കരമന ജനാർദ്ദനൻ നായർ അവതരിപ്പിച്ചിരിക്കുന്ന കേന്ദ്ര കഥാപാത്രമായ ഉണ്ണി.

തന്റെ സഹോദരികളെ ആശ്രയിച്ച്, നിസംഗമായ തന്റെ ജീവിതത്തിനൊത്തു സഞ്ചരിക്കുന്ന കളിപ്പാവകളായി മാത്രം സഹോദരിമാരെ സമീപിക്കുന്ന ഫ്യൂഡൽ മാടമ്പി സ്വഭാവമുള്ള ആളാണ് ഉണ്ണി.അലക്കി തേയ്ച്ചു ചുളിവ് വീഴാത്ത, വടിവൊത്ത, വെള്ളയിൽ നീല കള്ളികളുള്ള ഷർട്ടും മുണ്ടും ധരിച്ചു കല്യാണ വിരുന്നിന് പങ്കെടുക്കുവാൻ തയ്യാറായി മുറ്റത്തു നിൽക്കുമ്പോൾ, സഹോദരി രാജമ്മ, അയാൾക്ക് ധരിക്കാനുള്ള പാദരക്ഷകൾ കാൽച്ചുവട്ടിൽ വച്ചു കൊടുക്കുന്നുണ്ട്. അല്പം നടന്നു കഴിയുമ്പോൾ മറന്നുപോയ കുട രാജമ്മയെ വിളിച്ചു എടുപ്പിക്കുന്നു. ചെളി നിറഞ്ഞ റോഡിലൂടെ അതീവ സൂക്ഷ്മതയോടെ നടന്ന്, വെള്ളക്കെട്ടിലൂടെ നടക്കുവാൻ മടിച്ചു സംശയത്തോടെ നിൽക്കുമ്പോൾ ഒരു ചെറിയ പയ്യൻ യാതൊരു കൂസലുമില്ലാതെ നിഷ്പ്ര യാസം ചെളിവെള്ളം കടന്നു പോകുന്നത് കാണാം. ഉണ്ണി കല്യാണത്തിന് പോകാതെ തിരിച്ചു വീട്ടിലോട്ടു പോകുന്നതും കാണാം. രണ്ടു തരം മനുഷ്യമനസ്സുകളുടെ കടന്നുപോക്ക്.

വീട്ടിലെ വസ്തുക്കൾ മോഷ്ടിക്കപ്പെടുന്നതോ,





സഹോദരി വിവാഹ പ്രായം കടന്നു നിൽക്കുന്നതോ, ഇളയ സഹോദരിയുടെ പ്രണയമോ, അനന്തിരവന്റെ മോഷണ ശ്രമമോ ഒന്നും തന്നെ അയാളിൽ യാതൊരു വിധ ചലനങ്ങളും സൃഷ്ടിക്കുന്നില്ല. മറിച്ചു തനിക്കു കുളിക്കാനായി ചൂടാക്കിയ വെള്ളം തണുത്തുപോയാൽ എനിക്ക് പനി പിടിച്ചോട്ടെ അല്ലേ ? എന്ന് വൈകാരികമായ സംഭാഷണം നടത്തി സഹോദരിയെ കൊണ്ട് വീണ്ടും വെള്ളം ചൂടാക്കുവാൻ യാതൊരു മടിയും കാണിക്കുന്നുമില്ല. ഉറക്കവും എണ്ണ തേയ്ച്ചു കുളിയും ചാരു കസേരയിൽ കാലുകൾ കയറ്റി വച്ചു കിടന്നുള്ള പത്രവായനയുമല്ലാതെ മറ്റൊരു പ്രവൃത്തിയും ഉണ്ണി ചെയ്യുന്നില്ല.

മാറിയ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ചുറ്റുപാടിനെ ഒട്ടും ഉൾക്കൊള്ളാനാവാതെ ഇന്നും തന്റെ കാര്യസ്ഥൻ, പണിക്കാരെ വെച്ച് പണിയെടുപ്പിച്ചു കൊണ്ടുവരുന്നത് കൂസ ലേതുമില്ലാതെ സ്വീകരിക്കുക മാത്രമാണയാൾ



ചെയ്യുന്നത്.

കാര്യസ്ഥന്റെ മകൻ വളർന്നതും പുറംനാട്ടിൽ പോയി കാശുകാരൻ ആയതുമെല്ലാം അയാളിൽ അസഹിഷ്ണുത ഉളവാക്കുന്നുമുണ്ട്. അത്തരം സന്ദർഭങ്ങളിൽ മാത്രമേ അയാളുടെ ശബ്ദം ഉയരുന്നുള്ളൂ. തന്നെക്കാൾ താഴ്ന്നവരായി മുദ്ര കുത്തപ്പെട്ടിരുന്നവരിൽ മാത്രം തന്റെ ജന്മിത്ത സ്വഭാവം പുറത്തെടുക്കുകയും വേണ്ടി വന്നാൽ മോശം ഭാഷ ഉപയോഗിക്കുവാൻ മടിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. അല്ലാത്തപക്ഷം തികഞ്ഞ അലസതയോട് കൂടി തന്റെ സഹോദരിമാരെ ചൂഷണം



ചെയ്തു ജീവിക്കുന്ന , ജീവിതത്തിന്റെ എലിപ്പത്തായത്തിനുള്ളിൽ അകപ്പെട്ടുപോയ പ്രമാണിത്തം ക്ഷയിച്ച , പുരുഷാധിപത്യം നഷ്ടപ്പെട്ട ഒരു എലിയാണയാൾ.

തെങ്ങിൻ തൈ പശു കടിച്ചു തിന്നുന്നത് കിട്ടും അതിനെ ഓടിച്ചു വിടാൻ ഒട്ടും മെനക്കെടാതെ സഹോദരി രാജമ്മയെ അടുക്കളപ്പുറത്തെങ്ങുനിന്നോ വിളിച്ചുവരുത്തി തികഞ്ഞ നിർവ്വികാരതയോടെ പശു എന്നുമാത്രം അയാൾ പറയുന്നു്. തന്റെ അധികാരത്തിന്റെയും സഹോദരിക്ക് മേലുള്ള മേൽക്കോയ്മയുടെയും ഉത്തമോദാഹരണമാണ് ആ രംഗം.

ഓരോ കഥാപാത്രത്തെയും അടയാള പ്പെടുത്തുവാൻ നിറങ്ങളുടെ ഉപയോഗവും മനോഹരമായി ചിത്രത്തിൽ ഉപയോഗി ച്ചിരിക്കുന്നു. മൂത്ത സഹോദരി ജാനമ്മ( രാജം. കെ. നായർ) പച്ച നിറമാണ് ധരിക്കുന്നത്. പച്ച ബുദ്ധിയേയും, പ്രായോഗിക മികവിനെ യും സൂചിപ്പിക്കുന്നു. അവർ വിവാഹം കഴിച്ച് ഭർത്താവും കുട്ടികളുമായി സ്വതന്ത്രമായ ഒരു ജീവിതം നയിക്കുന്നു. ചിത്രത്തിനോട് ചേർത്തുപറഞ്ഞാൽ എലിപ്പത്തായത്തിൽ നിന്നും പുറത്ത് കടന്നവൾ. മാറുന്ന കാലത്തിന് അനുയോജ്യമായി കാരണവർ സ്വത്തു വച്ച് അനുഭവിക്കുന്നത് വിലക്കി, സഹോദരനോട് തനിക്ക് അവകാശപ്പെട്ടത് ചോദിക്കുവാനുള്ള തന്റേടവും അവർക്കു്. സഹോദരി രാജമ്മയുടെ ജീവിതത്തിനോടോ അവരുടെ വേദനകളോടോ യാതൊരുവിധ അനുകമ്പയും അവർ പ്രകടിപ്പിക്കുന്നുമില്ല.

രാമത്തെ സഹോദരി രാജമ്മ( ശാരദ) ധരിക്കുന്ന നീല വസ്ത്രങ്ങൾ സൗമ്യതയുടെയും വിധേയ ത്വത്തിന്റെയും വിധിയുടെയും പ്രതീകങ്ങളാണ്. സ്വയം വേദനയാൽ നരകിക്കുമ്പോഴും തന്റെ സഹോദരന് ദൈനംദിന കാര്യങ്ങളിൽ യാതൊരുവിധ മുടക്കവും വരാതിരിക്കുവാൻ അവർ ശ്രദ്ധിക്കുന്നുണ്ട്. സ്വന്തം സഹോദരൻ എന്ന അച്ചുതിന് ചുറ്റും സ്വയം തിരിഞ്ഞ് ഒടുവിൽ ഗുരുതരമായ എന്തോ രോഗം ബാധിച്ച് മരണത്തിന് കീഴ്പ്പെട്ടുപോകുന്നുവൾ.

മൂന്നാമത്തെ സഹോദരി ശ്രീദേവി(ജലജ) ധരിക്കുന്ന ചെമന്ന നിറത്തിലുള്ള വേഷ ങ്ങൾ പോലെ തന്നെ, അവൾ എപ്പോഴും ചുറുചുറുക്കും പ്രസരിപ്പും യൗവനം തുടിക്കുന്ന മുഖഭാവങ്ങളും വിപ്ലവാത്മ കമായ തീരുമാനങ്ങളുമെടുക്കുവാൻ കെൽപ്പുള്ളവളായിരുന്നു. അതുകൊണ്ടാവാം എലിപ്പത്തായത്തിന് സമാനമായ തന്റെ വീട്ടിൽ നിന്നും പ്രണയിക്കുന്ന ആൾക്കൊപ്പം പുറത്തു ചാടി രക്ഷപ്പെടുവാൻ അവൾക്കായത്.

സിനിമയുടെ തുടക്കത്തിൽ വർണ്ണവും പ്രകാശവുമുള്ള ദൃശ്യങ്ങളാണെങ്കിൽ ഉണ്ണിയുടെ ലോകത്തിലേക്ക് ഒതുങ്ങുമ്പോൾ ഇരുളും നിഴലും വെളിച്ചത്തിന്റെ പാളികളും ചേർന്ന ദൃശ്യങ്ങളാണ് നാം കാണുന്നത്. പ്രമേയത്തിന് അനുസൃതമായ വെളിച്ച വിന്യാസത്തിന്റെ കല ഈ ചിത്രത്തിന്റെ ചാരുത യാണ്. ചിത്രത്തിലുടനീളം ഉണ്ണി ഉപ യോഗിക്കുന്നത് വെളുത്ത നിറവുമാണ്. അതിൽ ലംബരേഖകൾ അശാന്തമായ മനസിനെ സൂചി പ്പിക്കുന്നു.

സഹോദരിമാരെല്ലാം നഷ്ടപ്പെട്ടപ്പോൾ, അഭിമാനവും ക്ഷയിച്ചു പോയ പ്രതാപവും മുറുകെപ്പിടിച്ച് വീടിനുള്ളിൽ നിന്നും പുറത്തിറ ങ്ങാതെ മനോനില തെറ്റിയ നില യിലാണ് ഉണ്ണിയെ പിന്നീട് കാണാനാവുന്നത്. വാതിൽ



പഴുതിലൂടെ പുറത്തേക്ക് നോക്കുന്ന ഉണ്ണി തന്റെ സഹോദരി ശ്രീദേവി അവളുടെ കുഞ്ഞിനെ യും പടിവാതിൽക്കൽ നിന്നും പിടിച്ചുമാറ്റി അകന്നു പോകുന്നത് കാണുന്നുണ്ട്. അത് ചിലപ്പോൾ പുറത്ത് അലയടിച്ചു കൊണ്ടിരുന്ന മാറ്റത്തിന്റെ അല്ലെങ്കിൽ വിപ്ലവത്തിന്റെ പ്രതീക മായിരുന്നിരിക്കാം.
നിശബ്ദതയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട് ചിത്രത്തിൽ. ആ നിശബ്ദതയിലേക്ക് പരിവർത്തനത്തിന്റെ അടയാളമായി വൻ

ഫിലിം വിഷൻ filca
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC കേരള ഭാഗ്യക്കുറി





ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് കടന്നുപോകുന്ന ഏറോപ്ലെയിൻ. അമ്മാവനു മുന്നിൽ മുട്ടിടിച്ചു നിന്നിരുന്ന അനന്തരവന്മാർക്ക് പകരം തല ഉയർത്തി സംസാരിക്കുന്ന, ചോദ്യം ചെയ്യുന്ന പുതുതലമുറക്കാരൻ.

തന്നോട് അടുപ്പം കൂടാൻ ശ്രമിക്കുന്ന മീനാക്ഷി എന്ന സ്ത്രീയെ ഭയത്തോടെ നോക്കുമ്പോൾ, ധൈര്യമില്ലായ്മയോടെ ലൈംഗികതയെ മാറ്റി നിർത്തുമ്പോൾ, നിസ്സീമമായ ലാഘവത്തോടെ അവൾക്ക് പിന്നാലെ പോകുന്ന പുതിയ തലമുറയിലെ സഹോദരീ പുത്രൻ.

ചിത്രത്തിന്റെ തുടക്കത്തിൽ ശ്രീദേവി എലിപ്പത്തായത്തിൽ കുടുങ്ങിയ എലിയെ മുക്കി കൊല്ലുവാൻ കൊണ്ടുപോകുന്നതു പോലെ ഒരുകൂട്ടം ആൾക്കാർ ചേർന്ന് ഉണ്ണിയെ പൊക്കിയെടുത്ത് കൊണ്ടുപോയി അതേ കുളത്തിൽ മുക്കുന്നു. പക്ഷേ മുങ്ങിച്ചാവുന്ന എലിക്ക് പകരം എലിയുടെ വിടർന്നുകൂമ്പുന്ന കൈകളോടെ എഴുന്നേറ്റു നിൽക്കുന്ന ഉണ്ണിയെ കാണിച്ചാണ് ചിത്രം അവസാനിക്കുന്നത്.

ഈ ചിത്രം പ്രേക്ഷകനു നേരെ നിരവധി ചോദ്യങ്ങൾ അവശേഷിപ്പിക്കുന്നു. മാറ്റം ഉൾക്കൊുകൊണ്ട് മാറ്റത്തിന്റെ വക്താവായി ഉണ്ണി മാറുന്നതാണോ അവസാന രംഗം ? നിസ്സംഗവും അലസവുമായ ജീവിതവുമായി, എലിപത്തായത്തിനുള്ളിൽ കുടുങ്ങിക്കിടന്ന സ്വാർത്ഥമതിയായ തന്നെ, സമൂഹത്തിന്റെ നേർക്കാഴ്ചയിലേക്ക് തുറന്നുവിട്ട മനുഷ്യരോടുള്ള നന്ദി സൂചകമാണോ ആ കൈകൾ ?

ഫ്യൂഡലിസത്തിൽ നിന്നും ആധുനികതയിലേക്കുള്ള ചുവടുമാറ്റങ്ങൾ തന്നെയാണ് എലിപ്പത്തായത്തിന്റെയും പ്രമേയം. സങ്കീർണവും അർത്ഥതലങ്ങളിലേക്ക് സഞ്ചരിക്കുന്നതുമാണ് എലിപ്പത്തായം .

കാൻ ഫിലിം ഫെസ്റ്റിവലിൽ മത്സരവിഭാഗത്തിൽ എലിപ്പത്തായം പങ്കെടുത്തിരുന്നുവെങ്കിൽ താൻ തീർച്ചയായും അതിന് വോട്ട് ചെയ്യുമായിരുന്നുവെന്ന് അതിലെ ജൂറി മെമ്പറായിരുന്ന മൃണാൾ സെൻ പറഞ്ഞിട്ടുണ്ട്. 1981ൽ ജനറൽ പിക്ചേഴ്സ് ന്റെ ബാനറിൽ രവീന്ദ്രനാഥൻ നായരാണ് ചിത്രം നിർമ്മിച്ചത്. നിർമ്മാണം നിർവഹിച്ച നാലു ചിത്രങ്ങളിൽ ഏറ്റവും പ്രിയപ്പെട്ടത് എലിപ്പത്തായം ആണെന്ന് അദ്ദേഹവും അഭിപ്രായപ്പെട്ടിട്ടുണ്ട്.

എലി കുടുങ്ങിയ എലിപ്പത്തായവുമായി കുളത്തിലേക്ക് പോകുമ്പോഴും സഹോദരി രാജമ്മ രോഗിണിയായപ്പോൾ മഞ്ചത്തിൽ കൊണ്ടുപോകുമ്പോഴും ഒടുവിൽ സ്വന്തം മനസ്സിന്റെ എലിപ്പത്തായമാകുന്ന വീടിന്റെ ഇരുളിൽ നിന്ന് ഉണ്ണിയെ ഒരു സംഘം ആളുകൾ പിടിച്ചുകൊണ്ട് കുളത്തിൽ മുക്കാൻ കൊണ്ടുപോകുമ്പോഴും നാം അർത്ഥധ്വനിയുള്ള പ്രമേയ സംഗീതം കേൾക്കുന്നു. ചിത്രത്തിന് സംഗീതം നിർവഹിച്ചതു എം. ബി. ശ്രീനിവാസൻ ആണ്. ദൃശ്യത്തിന്റെ അർത്ഥസൂചനകൾ സൂക്ഷ്മമായും നേർത്തും ഒഴുകുന്ന സംഗീതം മുനയുള്ള സമാന്തര ശ്രവ്യാനുഭവമാണ് ●



ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി




# മുഖാമുഖം



ഷീബ. എസ്. ജെയിംസ്
( ഫിൽക്ക)

അടൂർ ഗോപാലകൃഷ്ണൻ രചനയും സംവിധാനവും നിർവ്വഹിച്ച മലയാള ചലച്ചിത്രമാണ് മുഖാമുഖം. അഭിനേതാക്കൾ — പി. ഗംഗാധരൻ നായർ, ബാലൻ.കെ. നായർ, കവിയൂർ പൊന്നമ്മ, കെ.പി.എ.സി ലളിത, അശോകൻ, അടൂർ ഭവാനി, ആലുമ്മൂടൻ, കരമന ജനാർദ്ദനൻ, തിലകൻ തുടങ്ങിയവർ. കമ്മ്യൂണിസ്റ്റ് അപഗ്രഥന ചിത്രം എന്ന് പരക്കെ വിമർശനം ഉയർന്ന ഈ ചിത്രം പുറത്തിറങ്ങിയത് 1984 - ലാണ്. ആ വർഷത്തെ മികച്ച ചിത്രത്തിനും സംവിധായകനും ഉള്ള സംസ്ഥാന പുരസ്കാരവും, മികച്ച തിരക്കഥ, സംവിധാനം, ശബ്ദലേഖനം എന്നിവയ്ക്കുള്ള ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളും മുഖാമുഖത്തിന് ലഭിച്ചു.

രണ്ട് സുപ്രധാന കാലഘട്ടങ്ങളാണ് സിനിമ ഉൾക്കൊള്ളുന്നത്. 1955 - ൽ ആദ്യ പകുതി അവസാനിക്കുന്നു. കമ്മ്യൂണിസ്റ്റ്




പാർട്ടി സംസ്ഥാനത്ത് വൻ നേട്ടമുണ്ടാക്കുകയും 1957 - ലെ തെരഞ്ഞെടുപ്പിൽ വിജയിക്കുകയും ചെയ്തു. രണ്ടാം പകുതി 1964- ലെ തകർച്ചയെ തുടർന്നുള്ള വലിയ നിരാശയുടെ സമയമാണ് (1965 ൽ ) . പാർട്ടിയുടെ പിളർപ്പും, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (സി.പി.ഐ ), കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ - മാർക്സിസ്റ്റ് ( സി പി ഐ-എം) എന്നിവയുടെ രൂപീകരണവും, ഒരു വിഭജിത എന്ന് ബൗദ്ധിക സമൂഹത്തെ സൃഷ്ടിച്ചു. അതിനെ അടൂർ ഗോപാലകൃഷ്ണൻ വിശേഷിപ്പിക്കുന്നത് — ആത്മീയമായി അപര്യാപ്തവും, ധാർമ്മികമായി ആശയ കുഴപ്പത്തിലുമാണ് ഓരോ വിഭാഗവും എന്നാണ്. മുഖാമുഖം എന്ന ചലച്ചിത്രത്തെ മൂന്ന് ഭാഗങ്ങളുള്ള ഒരു ആഖ്യാനമായി മനസ്സിലാക്കുന്നതാണ് പ്രേക്ഷകരെ സംബന്ധിച്ച് കൂടുതൽ എളുപ്പം. ആദ്യത്തെ പത്തു മിനിറ്റ് വരാൻ പോകുന്ന ആഖ്യാന ത്തിന്റെ പശ്ചാത്തലം എന്ന നിലയിലും, അടുത്ത 37 മിനിറ്റ് വരെയുള്ള ഭാഗം പ്രസ്ഥാനത്തിന്റെ വളർച്ച എന്ന നിലയിലും, അടുത്ത 55 മിനിറ്റ് പ്രസ്ഥാന ത്തിന്റെ സങ്കീർണ്ണത എന്ന നിലയിലും തരം തിരിച്ചാൽ ഈ സിനിമയുടെ പ്രത്യേക സ്വഭാവം കൂടുതൽ മനസ്സിലാക്കാൻ പറ്റും.

ഒരു ഓട്ടു കമ്പനിയിലേക്ക് അസംസ്കൃത വസ്തുവായ കളിമണ്ണ് കൊണ്ടുവരുന്ന തോണിയിൽ നിന്നുള്ള ദൃശ്യത്തോടെയാണ് മുഖാമുഖം ആരംഭിക്കുന്നത്. ഒരു ഓട്ടു ഫാക്ടറിയിലെ ഓട് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ ആണ് പിന്നീട് കാണിക്കുന്നത്. ആ കാലഘട്ടത്തിലെ കേരളത്തിലെ ഓട് നിർമ്മാണത്തെ കുറിച്ച്,10 മിനിറ്റ് അധികം സംഭാഷണം ഇല്ലാതെ സിനിമ മനസ്സിലാക്കി തരുന്നു. കേരളത്തിന്റെ വ്യാവസായിക വികസന ഘട്ടമായി ഇതിനെ വായിക്കാം. തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൊടിയും, ഇൻക്വിലാബ് സിന്ദാബാദ് എന്ന സമരവിളിയും ആണ് ദൃശ്യത്തിൽ കാണുന്നത്. സമരക്കാരോട്

ഒത്തു തീർപ്പിലെത്താൻ കമ്പനി മുതലാളി വിസമ്മതിച്ചു എന്ന് ഒരു സഖാവ് ,സമര നേതാവായ ശ്രീധരനോട് പറയുമ്പോൾ ആണ് ശ്രീധരൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ട്രേഡ് യൂണിയൻ നേതാവാണെന്ന് പ്രേക്ഷകൻ അറിയുന്നത്.

ക്രമേണ ചുമരെഴുത്തുകളിലൂടെയും, മുദ്രാ വാക്യ ങ്ങളിലൂടെയും ശ്രീധരനെ കൂടുതൽ അറിയുന്നു. പ്രേക്ഷകരെ ഭാവികാലത്തിലേക്ക് മാറ്റി, മരണത്തിന്റെ ഒരു ദൃശ്യത്തിലേക്ക് സിനിമ മാറുന്നു. ശ്രീധരൻ മരിച്ചു എന്ന് സൂചന തരുന്നത് പത്ര വാർത്തയിലൂടെയാണ്. തുടർന്ന്. ആരാണീ ശ്രീധരൻ ? എന്ന അന്വേഷണത്തി ലേക്ക് സിനിമ തിരിയുന്നു. ശ്രീധരനെ കുറിച്ചു ള്ള ഓർമ്മകൾ അഭിമുഖത്തിലെന്നതു പോലെ അവതരിപ്പിച്ചു കൊണ്ട് 37 മിനിറ്റ് നീളുന്ന ആദ്യഭാഗം അടൂർ രൂപ പ്പെടുത്തിയിരിക്കുന്നത്.

ചായക്കടക്കാരൻ കുട്ടൻ പിള്ള (ബൈബായം തമ്പി ) എന്ന കഥാപാത്രം ശ്രീധരനെ വിവരിക്കാൻ ശ്രമിക്കുന്നതും, അദ്ദേഹത്തിന്റെ ശീലങ്ങളെ കുറിച്ച് സംസാരിക്കുന്നതുമാണ് അടുത്ത് കാണുന്നത്. മുഖാമുഖത്തിനായി വന്ന ആരുടെയോ ചോദ്യത്തിന് മറുപടി പറയുന്നത് പോലെയാണ് അയാൾ സംസാരിക്കുന്നത്. ശ്രീധരൻ ആദ്യമായി ആ നാട്ടിലെത്തി, ചായക്കടയിൽ അന്തിയുറങ്ങാൻ അനുവാദം ചോദി ച്ചതും, കട്ടൻ ചായ കുടിച്ചതും എല്ലാം അയാൾ ഓർത്തെടുക്കുകയാണ്. അടുത്തതായി ശ്രീധരനെ ഓർമ്മിക്കുന്നത് സുധാകരൻ എന്ന യുവാവാണ് (അശോകൻ) . ഒരു സ്കൂളിനു മുകളിൽ നിന്നു കൊണ്ട് ശ്രീധരൻ ലെനിന്റെ ഒരു ചിത്രം ചുവരിൽ ഉറപ്പിക്കുന്നത് സുധാകരൻ ഓർക്കുന്നു. സുധാകരന് ശ്രീധരനോട് ബഹുമാനമാണ്. സുധാകരനും ഒരു അഭി മുഖത്തിലെന്ന പോലെ ക്യാമറയിലേക്ക് നോക്കിയാണ് സംസാരിക്കുന്നത്. കൗമാര ക്കാരനായ സുധാകരൻ, ശ്രീധരൻ കൊടുത്ത മൂലധനം എന്ന പുസ്തകം തറയിൽ ഇരുന്ന് വായിക്കുകയാണ്. സുധാകരന് ഒരു ഗുരുവും നേതാവും ആണ് ശ്രീധരൻ. എല്ലാം ഓർത്തെടുത്ത് സുധാകരൻ സംസാരിക്കുന്നു.

സുഗതൻ (കൃഷ്ണൻ കുട്ടി നായർ) എന്ന കഥാപാത്രം സംസാരിക്കുന്ന ഒരു ദൃശ്യത്തിലേക്കാണ് പിന്നീടത്തെ ഷോട്ട്. വ്യവസ്ഥിതി മാറണം, മാറിയാലേ രക്ഷയുള്ളൂ എന്നാണ് സുഗതൻ ഒരു അഭിമുഖത്തിലെന്നോണം സംസാരിക്കുന്നത്. തൊഴിലാളി സമരങ്ങളുടെ ഫലമായി ഒരു ഗ്രാമം മുഴുവൻ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ഭാഗമാകുന്നതും, ശ്രീധരൻ അവരുടെ അനിഷേധ്യ നേതാവായി തീരുന്നതും ആണ് പിന്നീട് സിനിമയിൽ നാം കാണുന്നത്.

സഖാവ് ശ്രീധരൻ നാണക്കാരനായിരുന്നെന്ന് പറഞ്ഞു കൊണ്ടാണ് പാർട്ടി പ്രവർത്തകയായ വിലാസിനി (കെ.പി.എ.സി ലളിത ) സംസാ രിച്ചു തുടങ്ങുന്നത്. അതും ക്യാമറ നോക്കി സംസാരിക്കുന്നത് പോലെയാണ് ചിത്രീകരിച്ചിരിക്കുന്നത്. സ്ത്രീകളോട് ഇടപഴകാൻ വൈമുഖ്യം കാണിച്ചിരുന്ന, തന്നോട് റൊമാന്റിക് താല്പര്യം ഉണ്ടായി രുന്നിട്ടും തുറന്ന് പറയാത്ത സദാചാരിയായ ശ്രീധരന്റെ ചിത്രമാണ് വിലാസിനി വരച്ചിടുന്നത്. വിലാസിനിയും ശ്രീധരനും തമ്മിലുള്ള ബന്ധം ഓർമ്മകളിലൂടെ, അതേ സമയം ഒതുക്കി പറഞ്ഞും അടൂർ അവതരിപ്പിക്കുന്നു.

തുടർന്ന് ശ്രീധരന്റെ കുടുംബബന്ധത്തെ ക്കുറിച്ചുള്ള വിവരങ്ങൾ അവതരിപ്പിക്കുകയാണ് അടൂർ. വൃദ്ധനായ ഒരു കർഷകൻ (ബി.കെ. നായർ ) അയാളുടെ ഓർമ്മ പറയുന്ന തിലൂടെയാണ് സംഭാഷണം തുടങ്ങുന്നത്. വൃദ്ധൻ ശ്രീധരന്റെ ഭാര്യാപിതാവാണ്. മർദ്ദനമേറ്റ് അവശനായ ശ്രീധരനെ അയാൾ വീട്ടിലേക്ക് കൊവരുന്നു. ശ്രീധരൻ സുഖപ്പെടുന്നത് വരെ വൃദ്ധന്റെ വീട്ടിൽ കഴിയാൻ അവസരം കൊടുക്കുന്നു. വൃദ്ധന്റെ മകൾ സാവിത്രി ( കവിയൂർ പൊന്നമ്മ ) ശുശ്രൂഷിക്കുന്നു. അങ്ങനെ സാവിത്രി , ശ്രീധരന്റെ ഭാര്യയാകുന്നു. ശ്രീധരനെ തേടി



പോലീസുകാരൻ വീട്ടിലെത്തുന്ന രംഗത്തിലാണ് സാവിത്രി ശ്രീധരന്റെ ഭാര്യയാണെന്ന് പറയുന്നത്. സാവിത്രിയുടെ പൂർവ്വ വിവാഹ ത്തെ കുറിച്ചുള്ള സൂചനയും പോലീസുകാര നോട് ആ സമയം പങ്ക് വയ്ക്കുന്നു. ശ്രീധരന്റെ പൂർവകാലത്തെ കുറിച്ച് അവർക്കുള്ള അജ്ഞ തയും, കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ കമ്മ്യൂണിസ്റ്റ് ഭരണകൂടം വേട്ടയാടപ്പെട്ട കാലത്തെ കുറിച്ചും സൂചനകളിലൂടെ നമുക്ക് മനസിലാക്കാം. പാർട്ടി അംഗങ്ങൾ മദ്യ പിക്കരുതെന്ന വിലക്ക് വയറുവേദന വന്നപ്പോൾ മരുന്ന് എന്ന രീതിയിൽ കുടിക്കുന്നതിലൂടെ ശ്രീധരൻ ലംഘിക്കുന്നു. ഇതേ തുടർന്ന് മുതലാളിപക്ഷത്തുള്ള ഒരാൾ ഒന്നുകിൽ തിരുമൻ, അല്ലെങ്കിൽ പെരുങ്കള്ളൻ എന്നാണ് ശ്രീധരനെ കുറിച്ച് പറഞ്ഞത്. ഏഴ് കഥാപാ ത്രങ്ങൾ നൽകിയ ഓർമ്മകളുടെ കഷണങ്ങൾ അടുക്കി വച്ച് ശ്രീധരന്റെ ചിത്രം പൂർത്തിയാക്കാൻ ശ്രമിക്കുകയാണ് അടൂർ.

പോലീസ്, ഓഫീസ് ചവുട്ടിപ്പൊളിക്കുന്നതി ന്റെയും, സമരക്കാരെ ഓടിക്കുന്നതിന്റെയും ദൃശ്യങ്ങളിലേക്കാണ് പിന്നീട് പോകുന്നത്. ചില്ല് പൊട്ടിയ ലെനിന്റെ ചിത്രം, വീണു കിടക്കുന്ന പാർട്ടി പതാക... തുടർന്ന് ഒരു മൃതദേഹത്തിന് സമീപം പോലിസ് എത്തുന്നു. പിന്നീട് വ്യവസായ പ്രമുഖന്റെ കൊലപ ാതകത്തെ കുറിച്ചുള്ള പത്ര വാർത്തകൾ ആണ് കാണിക്കുന്നത്. ശ്രീധരൻ ഒളിവിൽ ആണെന്നുള്ള വാർത്തകളും കാണിക്കുന്നു. കൊലപാതകത്തിന്റെ വിവരം ആദ്യമേ പ്രേക്ഷകർക്ക് നൽകാൻ സംവിധായകൻ വിസമ്മതിക്കുന്നു. പകരം ശ്രീധരന്റെ ഇമേജ് ബിൽഡ് ചെയ്യാനുള്ള, പ്രേക്ഷകർക്ക് ശ്രീധര നോടുള്ള ഇഷ്ടം രൂപപ്പെടുത്താനുള്ള ഒരു നയമാണ് സ്വീകരിച്ചത് .

കാലങ്ങൾക്ക് ശേഷം സിനിമയുടെ രാം ഭാഗം തുടങ്ങുന്നു. ശ്രീധരന്റെ മകനെന്ന് നമ്മൾ പിന്നീട് മനസ്സിലാക്കുന്ന ബാലന്റെ ദൃശ്യ ത്തിലൂടെ സിനിമ അവസാനത്തെ 55 മിനിറ്റിലേക്ക് കടക്കുന്നത്. ശ്രീധരന്റെ കുടും ബാംഗങ്ങളുടെ അനുഭവങ്ങൾ കേന്ദ്രീകരിച്ചാണ് തുടർന്നുള്ള ഷോട്ടുകൾ. ശ്രീധരന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്ന കുടുംബം. മടങ്ങി വരുന്ന ശ്രീധരൻ വാർദ്ധക്യത്തിനടുത്തെത്തിയ, ക്ഷീണി തനായ, സ്ഥിരമായി ഉറങ്ങാൻ മാത്രം താല്പര്യപ്പെടുന്ന ഒരു മദ്യപാനിയാണ്. താൻ ആദ്യമായി കാണുന്ന തന്റെ മകനെ പോലും അയാൾ ശ്രദ്ധിക്കുന്നില്ല. പാർട്ടി പിളർന്ന് പ്രവർത്തകർ അസ്വസ്ഥരായി ഇരിക്കുന്ന സമയത്താണ് ശ്രീധരന്റെ മടങ്ങി വരവ്.

ഉറങ്ങിക്കിടക്കുന്ന മകനരികിൽ ഉറക്കം തൂങ്ങി ഇരിക്കുന്ന സാവിത്രി വാതിലിൽ മുട്ട് കേൾക്കുന്നു. വാതിൽ തുറക്കുമ്പോൾ ശ്രീധരൻ ! ( ഒരു ഭ്രമാത്മകത ഇവിടെ അടൂർ സൃഷ്ടിക്കുന്നുണ്ട്. ചിത്രം അവസാനി ക്കുമ്പോഴും ഉറങ്ങുന്ന മകന്റെ അരികിൽ ഉറക്കം തൂങ്ങി യിരിക്കുന്ന സാവിത്രിയെ നാം വീണ്ടും കാണുന്നുണ്ട്. ആ സമയം വാതിൽ തുറക്കുമ്പോൾ കാണുന്നത് സാവിത്രിയുടെ പിതാവിനെയാണ്. പ്രതിരൂപാത്മകത കഥയ്ക്ക കത്തുതന്നെ അടൂർ പ്രയോഗിക്കുന്നു. )

മടങ്ങി വന്ന ശ്രീധരനെ ആദ്യം കാണാൻ വരുന്നത് ആദ്യം കഥ പറഞ്ഞ ചായക്കടക്കാരൻ കുട്ടൻ പിള്ളയാണ്. വളരെ ഉത്സാഹത്തോടെ കടന്നു വരുന്ന അയാൾ തല കുനിച്ചു വളരെ നിരാശയോടെ മടങ്ങി പോകുന്നത്. കാണാൻ വരുന്നവരെ ശ്രീധരൻ ശ്രദ്ധിക്കുന്നില്ല. നേതാവിനെ കാണാനെത്തുന്ന ആൾക്കൂട്ടത്തിന് മുന്നിലിരുന്ന് അയാൾ ഉറങ്ങുകയാണ്.

സഖാക്കളായ മാത്തുകുട്ടിയും (കരമന ജനാർദ്ദനൻ ), ദാമോദരനും (തിലകൻ) അവരവരുടെ പാർട്ടിയിലേക്ക് ചേർക്കാനായി എത്തുന്നു. എന്നാൽ ആത്മാവ് രണ്ടായി വിഭജിക്കപ്പെട്ട അവസ്ഥയിലാണു ശ്രീധരൻ. ശ്രീധരൻ പാർട്ടിയെ പുച്ഛിക്കുകയും, വീട്ടിൽ നിന്ന് പണം മോഷ്ടിച്ച് പാർട്ടിക്കും, വീട്ടുകാർക്കും ബാധ്യത ആയി മാറുകയും ചെയ്യുന്നു. അച്ഛനെ ആരാധ്യനായി കരുതിയിരുന്ന മകന് അയാൾ അപമാനഹേതു ആകുന്നു. അയാളോട് ഒന്ന് സംസാരിക്കാൻ പോലും ആ മകന് താല്പര്യം ഇല്ല. ആദ്യ ഭാഗത്ത് ശ്രീധരന്റെ കഥ പറഞ്ഞവർ പിന്നീട് ശ്രീധരനെ വിചാരണ ചെയ്യുന്നു. ശ്രീധരനാകട്ടെ ഒരിക്കൽ പോലും സ്വയം ന്യായീകരിക്കാൻ ശ്രമിക്കാതെ നിശ്ശബ്ദനാവുകയാണ്.

പാർട്ടി ഒന്നിൽ നിന്നും രണ്ടായി പിളർന്നപ്പോൾ, ആ ജനകീയ പ്രസ്ഥാനത്തിന്റെ ഭാവിയെ കുറിച്ചുള്ള ആശങ്ക ശ്രീധരന് ഉണ്ടായിരുന്നു. ജീവിച്ചിരിക്കെ സ്മാരകം ഉയർന്നത് പോലും കാണേിവന്നു, തിരിച്ചു വരുന്ന ശ്രീധരന് ! ഇത് ശ്രീധരൻ തന്നെ ആണോ എന്ന് പലരിലും സംശയമുണർത്തുന്നുണ്ട്. അതിന് ഉത്തരമായി, പരിഹാസ്യമായി, മരിച്ച ആനയുടെ കാര്യമാണ് മുകളിൽ പറഞ്ഞത് എന്ന് ശ്രീധരൻ



എഴുതുകയും ഉറക്കെ വായിക്കുകയും ചെയ്യുന്നിടത്ത്, ശ്രീധരന്റെ സാന്നിധ്യം അവസാനിക്കുന്നു. മരിച്ച ശ്രീധരന്റെ അനുസ്മരണ ജാഥയിൽ സിനിമയും അവസാനിക്കുന്നു.

മനുഷ്യാവസ്ഥയിലെ ഏറ്റവും എകാന്ത ഘട്ടമായ വാർധക്യം മുഖാമുഖത്തിലെ നായകനിലൂടെ ഒരേ സമയം രണ്ട് വിധത്തിൽ ആവിഷ്കരിക്കപ്പെടുന്നു. ഒന്ന്, ഒരിക്കൽ അയാൾ പ്രതിനിധീകരിച്ച രാഷ്ട്രീയ സങ്കല്പത്തിന്റെ ക്ഷയിക്കൽ. (വിഭജിത പാർട്ടികൾ ഇന്ന് സംസ്ഥാന പാർട്ടികളായി തീർന്നത് ഒരു യാഥാർത്ഥ്യമാണ്. ക്വാണ്ടിറ്റി അല്ല, ക്വാളിറ്റി ആണ് പ്രധാനം എന്നത് കൂടി ഓർമ്മിപ്പിക്കുന്നു. ) രണ്ട്, വ്യർത്ഥതയിൽ സ്വയം എരിഞ്ഞു തീരൽ.സിനിമയിലെ പല സന്ദർഭങ്ങളിലും അവതരിക്കപ്പെട്ട നായകന്റെ ഉറക്കം ആ കഥയുടെ പരമമായ ഒരവസ്ഥയെ ഓർമ്മിപ്പിക്കുന്നു.


കേരളത്തിലെ മധ്യവർഗ്ഗ കുടുംബത്തിൽ നിന്ന കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രത്തിലേക്കും, വിപ്ലവത്തിലേക്കും ആകർഷിക്കപ്പെട്ട ഒരു യുവാവിന്റെ ശേഷ കാലത്തെയാണ് അടൂർ ഈ ചിത്രത്തിൽ പകർത്തിയത്. ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളും സംയുക്തമായി അയാളുടെ രക്തസാക്ഷിത്വം ആഘോഷിക്കുന്നിടത്ത് ചലച്ചിത്രം അവസാനിക്കുന്നത് പിളർപ്പിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു, ആൾക്കൂട്ടത്തിന്റെ ഉത്സവമായി മാത്രം മാറുന്ന രാഷ്ട്രീയത്തെ ഓർമ്മിപ്പിക്കുന്നു.

സ്വാഭാവികമായും മുഖാമുഖം അക്കാലത്ത് വൻപിച്ച ശ്രദ്ധ നേടുകയും വലിയ തോതിൽ വിമർശിക്കപ്പെടുകയും ചെയ്തതിൽ അതിശയിക്കാൻ ഒന്നുമില്ല. ഓരോന്നിനെയും പ്രമേയപരമായും, ശൈലീപരമായും വ്യാഖ്യാനിച്ച്, തന്റെ ആശങ്കകളെ പ്രതിനിധീകരിക്കുന്ന തരത്തിൽ , തനതായ രീതിയിൽ ആവിഷ്കരിക്കുന്ന അദ്ദേഹത്തിന്റെ പ്രധാന സിനിമകളിൽ ഒന്നാണ് മുഖാമുഖം.

ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# MATHILUKAL.......THAT SPEAKS



ജസീന്ത മോറിസ്
( ഫിൽക്ക)

Often when a Novel or story is made into a movie the readers have felt that the essence of the story is lost and it is not as inspiring as it was when read. Here we find that Padma Vibhooshan Adoor Gopalakrishnan has enhanced the gist of the story written by Vaikom Mohammed Basheer and taken it to a phase that it cannot be erased from the hearts of the viewers. Like a sculpture given breath to live.

The story starts with the slow strides along the path surrounded by great walls of the prison by Mamooty as Vaikom Mohammed Basheer being imprisoned for participating in the freedom fights along with his misused literary skill.

All the viewers get exhilarated on seeing the high dark and lengthy walls of the prison which also separates the Womens' cell in the beginning of the film and ends with the floating of the dry broken branch again and again as it is thrown by the lady prisoner to mark her presence. Though it is just a twig it makes our hearts to miss a beat as Mamooty watches it, standing still, speechless yet leaving behind incomplete story tearfully.

As the saying goes even the walls of ears, one starts to love the walls to hear the sweet words of the person on the other side exchanging loving words at times minced with kisses. It shows however active, energetic and engaged a prisoner is he craves for love especially from a female. The most mysterious part is that the Director makes the viewers feel that a female character exists andstands before us though it is mere voice, proving that words exchanged has got much more power than direct physical appearance of a character.

In the story - Nala Dhamayanthi the swan is the messenger of love notes whereas here the dry broken branch speaks a lot though mute. The intelligent positive approach of a prisoner to make his life useful, helpful and happy by making others to cheer up is well portrayed but when his dreams about forthcoming freedom, preparations, followed by disappointment,takes



him to the other extreme totally confused, fearful and with zero interest in life. It highlights that nothing is as precious as freedom especially to be in their hometown with their near and dear ones.

It's really amazing to see that a writer procured immense respect from the entire police department though he was a prisoner and got special privileges which helped him to continue with his art of writing. Thilakan as the Warden, Azeez as the Inspector, Sreenath as the friendly yet enthusiastic jailor, all of them encourage and promotes the prisoner to write and enjoys reading the manuscript.

When the life of a co-prisoner is taken away at the gallows it drains the spirit of others and evokes fear and sleeplessness.Without showing those tragic scenes Basheer's deep sighs and restlessness tells the tale. The love for nature, growing pretty roses around the prison followed by the vegetable garden imbibes eco-friendly atmosphere among all. The closed peeping hole in the wall meant for having a look at the lady prisoners also speaks a lot bringing into light . Murali who did the role of childhood friend of Basheer. Babu Namboothiri as the political prisoner falsely alleged and driven to prison within a short time after his marriage lives with a bleeding heart thinking about his wife that stirs grief among all. Yet another prisoner Ravi Vallathole with his beaming smile and strong religious belief does well. M R Gopakumar and Karamana Janardhanan with some new faces as political prisoners join the rest in showing their patriotism shouting slogans for India's freedom.

The heroine ofcourse is KPAC Lalitha as Narayani with her enchanting voice speaks everything without appearing.

On the whole the walls speak a lot though it is silent. The drastic change in Basheer□s attitude towards the end of the movie is astonishing as he is not expecting to be freed and doesn't crave for it anymore.

The most significant factor was that this movie Mathilukal was taken at the same time as the sensational break of the Wall of Berlin. Hence it fetched much space for discussions at International film festivals.



ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# അനന്തരം



വിനോദ് കുമാർ. പി,
(ഫിൽക്ക)

വിശ്വ വിഖ്യാത ചലച്ചിത്രകാരൻ ശ്രീ അടൂർ ഗോപാലകൃഷ്ണന്റെ മാസ്റ്റർ പീസ് സിനിമ യാണ് 1987 ൽ റിലീസായ അനന്തരം. അതുല്യമായ തിരക്കഥയും മികവുറ്റ ഛായാഗ്രഹണവുമുള്ള ഈ ചിത്രം ഒരു പരീക്ഷണാത്മക സിനിമയായി അറിയപ്പെടുന്നു. ഈ ഗണത്തിൽപ്പെട്ട സിനി മകൾ അപൂർവവും അതേ സമയം എക്കാലത്തെയും ക്ലാസ്സിക് സൃഷ്ടികളിൽപെ ടുന്നതുമാണ്. ജീവിതം അവസാനമില്ലാത്ത ഒരു സ്വപ്നം മാത്രമാണെന്ന് ചിന്തിക്കാൻ പ്രേക്ഷകരെ പ്രേരിപ്പിക്കുന്നതോടൊപ്പം മനുഷ്യമനസ്സിന്റെ തീവ്രമായ ദാർശനിക ആശയക്കുഴപ്പത്തെയും വളരെ മനോഹരമായി തന്നെ അടൂർ അവതരിപ്പിക്കുന്നു. സത്യവും മിഥ്യയും മനഃശാസ്ത്രവും സിനിമയ്ക്ക് വ്യത്യസ്ത വ്യാകരണം സൃഷ്ടിക്കുന്നു. സിനി മയിലെ പ്രധാന കഥാപാത്രമായ അജയൻ (അശോകൻ) തന്നെക്കുറിച്ച് എഴുതിയ ഒരു വ്യാഖ്യാനത്തിലൂടെയാണ് കഥ ആരംഭിക്കുന്നത്. മോണോ ലോഗ് എന്ന ഇംഗ്ലീഷ് ശീർഷകത്തിന് കാരണം ഇതാണ്.

പിന്നീട് അതേ പശ്ചാത്തലത്തിൽ തന്റെ ജീവിത ത്തെക്കുറിച്ച് മറ്റൊരു കഥ കൂടി പറയുന്നു. ഒടുവിൽ രണ്ടു കഥകളും കൂടിച്ചേരുന്നു. അജയൻ അനാഥനാ യി ജനിച്ചു. ഒരു ഡോക്ടറാണ് അവനെ വളർത്തുന്നത്. മിടുക്കനും അതേ സമയം കൗമാരത്തിൽ അന്തർമുഖനുമായ അജയൻ ആശയക്കുഴപ്പത്തിലാവുകയാണ് . ഡോക്ടറുടെ ബാലു (മമ്മൂട്ടി) , സുന്ദരിയായ സുമയെ (ശോഭന)വിവാഹം കഴിക്കുന്നു . അജയൻ തന്റെ ജ്യേഷ്ഠ ഭാര്യയിൽ ആദ്യ കാഴ്ചയിൽ തന്നെ ആകർഷിക്കപ്പെടുന്നു. ഇത് അവനി ൽ ആന്തരിക സംഘർഷം സൃഷ്ടിക്കുകയും





ആത്യന്തികമായി അവൻ വീട് വിടാനൊരുങ്ങുന്നു .

രാമത്തെ കഥയിൽ അജയൻ തന്റെ കൗമാരത്തിൽ അവന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന നളിനി എന്ന സുന്ദരിയായ പെൺകുട്ടിയെ കുറിച്ചും വിവരിക്കുന്നുണ്ട് . അജയന്റെ മനസ്സ് പലപ്പോഴും യാഥാർത്ഥ്യത്തിനും ഒരു സാങ്കൽപ്പിക പ്രണയ ലോകത്തിനും ഇടയിലാണ് . ഒടുവിൽ ഈ രണ്ടു കഥകളും കൂടിച്ചേരുമ്പോൾ നളിനിയും സുമയും ഒരൊറ്റ അസ്തിത്വമായിത്തീരുന്നു.

കഥ പറച്ചിലിൽ താൻ അതിസമർത്ഥനായിരുന്നു എന്ന് സ്വയം വെളിപ്പെടുത്തുന്ന അജയന്റെ ബാല്യം ഒരു എക്സ്ട്രോവർട്ട് മനഃശാസ്ത്രത്തെ അവതരിപ്പിക്കുന്നു . എന്നാൽ യുവാവായ അജയന്റെ ആത്മഗതം ഒരു ഇൻട്രോവർട്ട് മനഃശാസ്ത്രത്തെയും പ്രകടമാക്കുന്നു . ദ്വിത്വം, ദ്വന്ദം എന്നിവ വെളിപ്പെടുത്തുന്ന രംഗങ്ങൾ കൂടിക്കലർന്ന അപൂർവ്വ ഘടനയാണ് സംവിധായകൻ പരീക്ഷിച്ചിട്ടുള്ളത് . കൊച്ചുകുട്ടിയായിരിക്കുമ്പോൾ തന്നെ ഏകാന്തതയും മൂന്ന് ഭൃത്യരിലൂടെ വിഭ്രാത്മകതയും താൻ അനുഭവിച്ചത് അജയന്റെ ആത്മഗതത്തിലൂടെ പ്രേക്ഷകൻ മനസ്സിലാക്കുന്നുണ്ട് . ഈ സിനിമ കഥപറച്ചിലിനെ കുറിച്ചുള്ള അപൂർവ്വ സിനിമ കൂടിയാണ്. ഇതിന്റെ ശിൽപ്പഘടന കഥകളുടെ അടരുകൾ വേർതിരിക്കുന്ന വൈദഗ്ധ്യത്താൽ സവിശേഷമാണ് . കുളത്തിലേക്കുള്ള കൽപ്പടവുകൾ കുട്ടിയായ അജയൻ എണ്ണുന്ന ക്രമം 1, 3 , 5 , 7 എന്നിങ്ങനെയും 2,4,6,8 എന്നിങ്ങനെയുമാണ്. ഇത് വ്യത്യസ്ത വ്യാഖ്യാനങ്ങളിലേക്കുള്ള താക്കോൽ ആണെന്ന് പറയാം. കൽപ്പടവുകൾ എന്ന യാഥാർത്ഥ്യം നിലനിൽക്കുകയും ചെയ്യുന്നു. കഥ പിന്നെയും അപൂർണ്ണത ശേഷിപ്പിക്കുന്നതിനാൽ അനന്തരം മറ്റൊരു കഥയ്ക്ക് സാദ്ധ്യതയു് എന്ന സൂചനയോടെയാണ് അനന്തരം പൂർണമാവുന്നത്.

1987-ലെ ഫിപ്രസി പുരസ്കാരവും, മികച്ച സംവിധായകൻ, മികച്ച തിരക്കഥ, മികച്ച ഓഡിയോഗ്രഫി എന്നിവ യ്ക്കുള്ള മൂന്ന് ദേശീയ ചലച്ചിത്ര അവാർഡുകളും ഈ ചിത്രം നേടി. ഐ ബി എൻ ലൈവ് നടത്തിയ ഓൺലൈൻ വോട്ടെടുപ്പിൽ എക്കാലത്തെയും മികച്ച 100 ഇന്ത്യൻ സിനിമകളുടെ പട്ടികയിൽ ഈ ചിത്രം ഉൾപ്പെടുത്തിയിട്ടു്. ചലച്ചിത്ര വിദ്യാർത്ഥികൾക്ക് നല്ലൊരു റഫറൻസ് ആണ് അനന്തരം.

ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# വിധേയൻ



ഡോ..പി. അജികുമാർ
( ഫിൽക്ക)

പ്രക്ഷുബ്ധമായ സാഹചര്യങ്ങളിൽ പെട്ടുപോകുന്ന വ്യക്തികളുടെ നിലനിൽപ്പിനായുള്ള ഉൽക്കണ്ഠയെ തുറന്നു കാണിക്കുവാനാണ് വിധേയനിൽ അടൂർ ശ്രമിക്കുന്നത് .ധർമ്മസങ്കടത്തിൽ പെട്ടുപോകുന്ന വ്യക്തിത്വവും സ്വാതന്ത്ര്യം നേടുന്നതിനുള്ള അവന്റെ പരിശ്രമവുമാണ് ദൃശ്യവൽക്കരിച്ചിരിക്കുന്നത്. അധികാരവും അടിമത്തവും തമ്മിലുള്ള പരസ്പര പൂരകത്വം ഈ ചിത്രത്തിൽ ലളിതമായി ആഖ്യാനം ചെയ്തിരിക്കുന്നു . അടിമത്തമുള്ള മനസ്സ് എങ്ങനെ രൂപപ്പെടുന്നു ? അധികാരം എങ്ങനെ കൂടുതൽ പ്രമത്തമാവുന്നു ? എന്നീ ചോദ്യങ്ങളിലേക്കുള്ള മനഃശാസ്ത്ര വഴിത്താര ഈ ചിത്രത്തിൽ അന്തർലീനമാണ് .

ഫ്യൂഡലിസം , രാജവാഴ്ച , കൊളോണിയലിസം എന്നിവ ആധുനിക കാലം വരെയും മനുഷ്യ ചരിത്രത്തിൽ നിലനിന്നു. എന്നാൽ മനുഷ്യചിന്ത ശാസ്ത്രത്തിന്റെയും തത്വശാസ്ത്രത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിന്റെയും നീതിശാസ്ത്രത്തിന്റെയും പുതിയ ലോകത്തേക്ക് കടന്നുചെന്നപ്പോൾ ദേശീയത , ദേശീയ സ്വാതന്ത്ര്യം, ജനാധിപത്യം, സ്വയം നിർണയാവകാശം , രാഷ്ട്രീയസമൂഹം, മനുഷ്യ വ്യക്തിയുടെ സ്വാതന്ത്ര്യം , മനുഷ്യാവകാശം തുടങ്ങി പല ഘടകങ്ങൾ രൂപപ്പെടുത്തിയ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ വിമോചന സമരങ്ങൾക്കും യുദ്ധങ്ങൾക്കും വിപ്ലവങ്ങൾക്കും സാക്ഷ്യം വഹിച്ചു .

പുതിയ സ്വതന്ത്ര രാജ്യങ്ങൾ ലോക ഭൂപടത്തിൽ രൂപപ്പെട്ടതോടെ അടിമത്തം ഭൗതികമായി അർത്ഥത്തിൽ അവസാനിച്ചു. പക്ഷെ അതൊരു സാങ്കേതിക സംജ്ഞയിൽ മാത്രം അവികസിത ദേശങ്ങളിൽ ഒതുങ്ങിനിന്നു.മാനസികമായി പ്രജകളിൽ നിന്നും അടിമകളിൽ സ്വതന്ത്ര പൗരനിലേക്കുള്ള വളർച്ച മൂന്നാംലോക



രാജ്യങ്ങളിൽ വികസിതമായില്ല എന്നതാണ് യാഥാർഥ്യം . വിധേയത്വം അപ്പോഴും നിലനിൽപ്പിന്റെ പേരിൽ തുടരുന്നതിന്റെ പ്രതിനിധാനമാണ് അധികാരിയും ജന്മിയുമായ പട്ടേലർ എന്ന കഥാപാത്രത്തിന് ചുറ്റുമുള്ള സേവകരിലൂടെ പ്രകടമാവുന്നത് . ആ കാട്ടു പ്രദേശത്തേക്ക് പുതുതായി എത്തുന്ന കർഷകൻ തൊമ്മിയും വിധേയനായി തീരുന്നു . പട്ടേലർ എന്ന അധികാര ചിഹ്നം കൂടുതൽ വന്യമാവുന്നു .

കർഷകനായ തൊമ്മി ഭാര്യ ഓമനയുമൊത്ത് , ജന്മനാട്ടിൽ നിന്നും തിരസ്കൃതനായി ഒറ്റപ്പെട്ട പുതിയൊരു ഭൂപ്രദേശത്ത് എത്തുന്നു. ദുഷ്ട നായ മാടമ്പിയാണ് പട്ടേലർ . ജീവിക്കാ നുള്ള കൊതിയാൽ തൊമ്മി തന്റെ വ്യക്തിത്വവും സ്വാതന്ത്ര്യവും അയാൾക്ക് മുന്നിൽ അടിയറവു വയ്ക്കുന്നു. തന്നെക്കാൾ ശക്തനാണ് എതിരാളിയെങ്കിൽ സ്വാഭാവികമായും അയാൾക്ക് കീഴടങ്ങി നിൽക്കുക എന്ന ശീലത്തിൽ തൊമ്മി പട്ടേലർക്ക് അടിമപ്പെടുന്നു. അവിടെ ഒരു യജമാനൻ - വിധേയൻ ബന്ധം ഉടലെടുക്കുന്നു. ഇതിലൂടെ അധികാരത്തിന്റെ മനഃശാസ്ത്രം, ശക്തി, നിസ്സഹായനായ ദുർബ്ബലന്റെ വിധേയത്വം എന്നിവ അടൂർ അനാവരണം ചെയ്യുന്നു.

ജന്മി സമ്പ്രദായം നിലവിലുള്ള കർണാടകയിലെ ദക്ഷിണ കാനറ പശ്ചാത്തലമായ ഈ കഥയിൽ എത്തിച്ചേരുന്ന തൊമ്മിക്ക് ആദ്യം പട്ടേലരോ ടു ഭയവും വെറുപ്പുമായിരുന്നു. അധികാര ഭൂമികയിലെ സ്വാതന്ത്ര്യ വാഞ്ഛയും പട്ടേലർ - തൊമ്മി എന്നിവരുടെ യജമാന - ദാസ്യ ബന്ധവും അപഗ്രഥിക്കാനാണ് സംവിധാ യകൻ ശ്രമിക്കുന്നത്. കണ്ടമാത്രയിൽ തന്നെ, അടിച്ചുവീഴ്ത്തുകയും, മുഖത്ത് തുപ്പു കയും ചെയ്യുന്ന പട്ടേലരോടു കൊല്ലരുതേ എന്ന് കരഞ്ഞു അപേക്ഷിക്കുന്ന തൊമ്മി ക്രമേണ അയാളുടെ വിശ്വസ്ത വിധേയനായി മാറുന്നു.

തന്റെ യജമാനന്റെ നിഷ്കരുണമായ ക്രൂരത കൾക്ക് കൂട്ട് നിൽക്കുകയാണ് തന്റെ വിധി എന്ന് അയാൾ കരുതുന്നു. പട്ടേലരുടെ കുടൽ പുറത്ത് എടുക്കുമെന്ന് പകയോടെ പറയുന്ന തൊമ്മി ഒടുവിൽ ശക്തനായ പട്ടേലരോ ടൊപ്പമുള്ള ജീവിതമാണ് തന്റെ നിലനിൽപ്പിനു നല്ലതെന്നു മനസിലാക്കുന്നു. ഭൗതിക സുരക്ഷയെ കരുതി തന്റെ വ്യക്തിത്വം അടിയറവു വയ്ക്കുന്ന മനുഷ്യന്റെ അടിമത്ത വാസനയാണ് ഇവിടെ തുറന്നു കാട്ടുന്നത്. ശക്തനും അശക്തനും തമ്മിൽ നിലനിൽക്കുന്ന അധീശത്വവും- വിധേയത്വവും. ഒടുവിൽ പട്ടേലരുടെ അന്ത്യത്തോടെ തൊമ്മി സ്വതന്ത്ര നാകുന്നു.



അധികാരവും, അധികാരമില്ലായ്മവും അതോടൊപ്പം തന്നെ സാഹചര്യങ്ങൾക്കും പരിതസ്ഥിതികൾക്കും അനുസരിച്ചുള്ള അതിന്റെ രൂപമാറ്റങ്ങളും ഇവിടെ വിശകലനം ചെയ്യുന്നു. അധികാരമെന്നതിനു നിയതമായ ഒരു അവസ്ഥ ഇല്ല. സാഹചര്യങ്ങൾ അതിനെ മാറ്റി മറിക്കുന്നു. ചരിത്രപരമായ പരിണാമങ്ങൾ ഉൾക്കൊള്ളാൻ ആവാതെ സ്വന്തം ഇഷ്ടാനുസരണം കാര്യങ്ങൾ ചെയ്യുന്ന ജന്മിത്തത്തിന്റെ പ്രതിനിധിയാണ് പട്ടേലർ . അധികാരത്തോടുള്ള ഭ്രമം പട്ടേലരെ നാശത്തിലേയ്ക്ക് നയിക്കുന്നു. കൂടുതൽ തെറ്റുകളിലേയ്ക്കും, കുറ്റങ്ങളിലേയ്ക്കും വഴുതി വീഴുന്നു. പാവമായിരുന്ന പട്ടേലരെ പെണ്ണും, കള്ളും, കൊടുത്തു നാട്ടുകാരാണ് വഷളാക്കിയതെന്നു ഇതിൽ പറയുന്നുണ്ട്.

തൊമ്മിയെ കാണുമ്പോൾ പട്ടേലർ ചോദിക്കുന്നത് നിന്റെ പെണ്ണ് സുന്ദരിയാണോ ? എന്നാണ്. സ്ത്രീകളോടുള്ള അതിക്രമവും ദുർബലന്മാരോടുള്ള കായിക പരാക്രമ ങ്ങളും ഒടുവിൽ പട്ടേലർക്കു വിനയായി മാറുന്നു. തന്റെ ഭാര്യ സരോജയുടെ ഉപദേശങ്ങൾ പട്ടേലരെ അസ്വസ്ഥനാക്കുന്നുണ്ട്. തന്റെ ചെയ്തികൾ സരോജ അറിയാതിരിക്കാൻ അവരെ നിഷ്കരുണം കൊല്ലാൻ അയാൾ പദ്ധതി ഇടുന്നു. ആദ്യ പരിശ്രമത്തിൽ പരിക്ക് പറ്റുന്നത് തൊമ്മിക്കാണ്. എന്നാൽ രണ്ടാമത്തെ തവണ പട്ടേലർ ഭാര്യയെ വകവരുത്തുന്നു. സരോജയെ കൊല്ലുന്നതോടെ കൊന്നത് താനാണെന്ന് അവർ അറിഞ്ഞോ എന്ന ഭയം പട്ടേലരെ പിടികൂടുന്നു. അങ്ങനെ സ്വന്തം ഇച്ഛയുടെയും ഭയത്തിന്റെയും സാഹചര്യങ്ങളുടെയും തടവുകാരനാണ് പട്ടേലർ എന്ന അധികാരി . കൊലപാതകം കഴിഞ്ഞതോടെ വിധിയുടെ വേട്ടമൃഗമായി പട്ടേലർ മാറുന്നു.

എപ്പോഴും തോക്കും പിടിച്ചു അധികാര ഗർവിൽ നടക്കുന്ന പട്ടേലർ ഒടുവിൽ എല്ലാ അധികാരവും നഷ്ടപ്പെട്ടു പ്രാണരക്ഷാർത്ഥം ഒളിച്ചോടുന്നു. തൊമ്മിയുമായി ഒരേ ഇലയിൽ ഭക്ഷണം പങ്കിടുന്ന കാഴ്ച ഇവിടെ കാണാം. ഇങ്ങനെ അധികാരത്തിന്റെ വേട്ടക്കാരൻ ഇരയായി മാറുന്ന അവസ്ഥയും ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. വിധേയനിൽ വ്യത്യസ്ത തലത്തിൽ കഥാപാത്രങ്ങളെ വിലയിരുത്തുന്നതോടൊപ്പം അടിമ ഉടമ ബന്ധത്തിന്റെ ഉഭയ സ്വഭാവം കൂടി വ്യക്തമാക്കുന്നു. തൊമ്മിയും പട്ടേലരും തമ്മിലുള്ള ബന്ധത്തിൽ ഈ പാരസ്പര്യം ഒളിഞ്ഞിരിപ്പുണ്ട്. തൊമ്മിയുടെ വിധേയത്വം പട്ടേലർ ആവശ്യപ്പെടുമ്പോൾ തന്നെ പട്ടേലരെ



നിലനിർത്തിപ്പോരാൻ തൊമ്മിയും ആഗ്രഹിക്കുന്നു. യജമാനന്റെ ദുഷ് പ്രവർത്തികളുടെയും രഹസ്യങ്ങളുടെയും സൂക്ഷിപ്പുകാരനായി അടിമ മാറുന്നു. ഈ രണ്ടു കഥാപാത്രങ്ങളുടെ വിശകലനത്തിൽ സ്റ്റോക്ക് ഹോം സിൻഡ്രോം എന്ന മനഃശാസ്ത്ര പ്രതിഭാസം കൂടി അനാവരണം ചെയ്യുന്നു. തങ്ങളെ അടിമയാക്കുന്ന യജമാനനോട് ഇരയ്ക് ക്രമേണ തോന്നുന്ന സഹതാപവും സ്നേഹവും ആണ് ഫ്രോയിഡിയൻ തിയറിയുമായി ബന്ധപ്പെട്ട ഈ പ്രതിഭാസം. ഇരയ്ക്ക് വേട്ടക്കാരനോട് തോന്നുന്ന ഒരുതരം അനുകമ്പ. സിനിമയിൽ തൊമ്മിക്ക് പട്ടേലരോടു ഒരേ സമയം സഹതാപവും പ്രതികാര മനോഭാവവും ഉണ്ട്. പട്ടേലരെ വകവരുത്താൻ ആലോചിക്കുന്നവരുടെ മറുപക്ഷം ചേരുന്ന തൊമ്മി യജമാനനോട് കൂറുള്ളവനാണ്. ദയയുള്ളവനായാണ് യജമാനനെ അവൻ കാണുന്നത്. തന്റെ ഭാര്യ ഓമനയെ പട്ടേലർ സ്വന്തമാക്കി എന്നറിഞ്ഞിട്ടും ഓമനയിൽ തങ്ങിനിന്ന പട്ടേലരുടെ സെന്റിന്റെ മണം തൊമ്മി ഇഷ്ടപ്പെടുന്നു. തൊമ്മിയുടെ ഭാര്യ ഓമനയും ഒരർത്ഥത്തിൽ വേട്ടക്കാരനെ ഇഷ്ടപ്പെടുന്ന ഇരയാണ്.

അവസാന ഭാഗത്ത് പരിക്കേറ്റ് വീട്ടിൽ വരുന്ന പട്ടേലർ അപകടാവസ്ഥയിലാണ് എന്നറിയുമ്പോൾ അവൾ സങ്കടം സഹിക്കാനാകാതെ പൊട്ടിക്കരയുന്നുണ്ട്. അങ്ങനെ ഓമനയും ഒരു വിധേയയാണ്. എല്ലാം നഷ്ടപ്പെട്ട് ഒറ്റ മുണ്ടു മാത്രമുടുത്ത് മരണത്തിലേയ്ക്ക് നീങ്ങുന്ന പട്ടേലർ തന്റെ ദാസനെ തൊമ്മി എന്ന് പേരെടുത്ത് വിളിക്കുമ്പോൾ തൊമ്മി ആനന്ദ പുളകിതനാകുന്നു. അടിച്ചമർത്തപ്പെടലിന്റെ ദുരവസ്ഥ ചിത്രീകരിച്ചിട്ടില്ലെങ്കിലും അടിച്ചമർത്തലിന്റെയും സ്വാതന്ത്ര്യ വാഞ്ഛയുടെയും പ്രതിധ്വനികൾ ഈ വിധേയത്വത്തിൽ കാണാൻ കഴിയും. പട്ടേലരുടെ ഭാര്യ സരോജം, തൊമ്മി, ഓമന എന്നിവരെല്ലാം ഒരർത്ഥത്തിൽ വിധേയത്വം വഹിക്കുന്നവർ ആണ്. വനത്തിൽ വെച്ച് വെടിയേറ്റ് മരിച്ച പട്ടേലരുടെ തോക്ക് പുഴയിലെറിഞ്ഞ്, ഓമനയുടെ അടുത്തേയ്ക്ക് പായുന്ന തൊമ്മിയുടെ ഓട്ടം സ്വാതന്ത്ര്യത്തിലേക്കാണ്. ഇങ്ങനെ അധികാരം, സ്വാതന്ത്ര്യ സങ്കൽപം എന്നിവയോടൊപ്പം അടിച്ചമർത്തപ്പെട്ടവരുടെ വിധേയത്വത്തിൻറെ മാനസിക യാഥാർഥ്യവും വിധേയനിലൂടെ അടൂർ വിശകലനം ചെയ്യുന്നു.



ഫിലിം വിഷൻ
filca
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



# അടൂർ സിനിമകളിലെ പുരുഷ കഥാപാത്രങ്ങൾ



സാം ആന്റണി

പ്രേക്ഷകരെ ത്രസിപ്പിക്കണമെന്നും രസിപ്പിക്കണമെന്നുമുള്ള നിർബന്ധ ബുദ്ധി ഒട്ടുമില്ലാതെ, കച്ചവടക്കണ്ണുകളിലൂടെ ഇല്ലാതെ, ജീവിതങ്ങളുടെ സ്വാഭാവികമായ വളർച്ചാപരിണാമങ്ങൾ കാലത്തിനൊപ്പം നിന്ന് കാണുകയും പ്രേക്ഷകർക്കായി അവയെ കലർപ്പുകളില്ലാതെ പകർത്തുകയും ചെയ്യുക എന്ന ഒരു യഥാർത്ഥ ചലച്ചിത്രകാരന്റെ സദുദ്ദേശ പരമായ ധാർമ്മികതയാണ് അടൂർ ചിത്രങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നത്.

അടൂർ സിനിമകളിലെ കഥാപാത്രങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ അതിലെ പ്രധാന കഥാ പാത്രവും മൂകനും, നിർവ്വികാരനും, നിശബ്ദ സാക്ഷിയുമായ കാലത്തിനെ കുറിച്ച് ആദ്യം തന്നെ സംസാരിക്കേണ്ടി വരും. ആ അർത്ഥത്തിൽ അടൂരിന്റെ ക്യാമറ കാലത്തിന്റെ പ്രതിനിധിയാണെന്ന് പറയേണ്ടിവരും. മറ്റൊരു ആംഗിളിൽ നിന്ന് നോക്കിയാൽ അടൂരിന്റെ മനസ്സിനെ സ്പർശിച്ച മനുഷ്യരെയും ജീവിതങ്ങളെയും അവർ ജീവിച്ച സാഹചര്യങ്ങളെയും അവരുടെ ജീവിതാവസ്ഥകളെയും കെട്ടുകാഴ്ചകളും പൊലിപ്പിക്കലുമില്ലാതെ പകർത്തി വയ്ക്കുകയാണ് അടൂർ തന്റെ സിനിമ കളിൽ ചെയ്തിട്ടുള്ളത്. അങ്ങനെ നോക്കുകയാണെങ്കിൽ അടൂർ സിനിമകളിലെ കാലമെന്ന അദൃശ്യനായ കഥാപാത്രം അടൂർ തന്നെയാണ്.

എന്നെ അമ്പരപ്പിച്ച ഒരു സത്യം അടൂർ സിനിമകളിൽ നായകനോ നായികയോ വില്ലനോ ഹാസ്യകഥാപാത്രങ്ങളോ ഇല്ല എന്നുള്ളതാണ്. എന്നു മാത്രമല്ല കേന്ദ്ര കഥാപാത്രങ്ങൾ മിക്കപ്പോഴും ദുർബലരും, നിസ്സഹായരും, നിരാലംബ രുമായ സാധാരണക്കാരോ, സമ്പന്നരോ, ഉന്നതകുലജാതരോ, യാഥാസ്ഥിതികരായ പഴയ തറവാടികളോ, ദുഷ്ട കഥാപാത്രങ്ങളോ





ഒക്കെയാണ്. അവരൊക്കെത്തന്നെ തങ്ങളുടെ ജീവിതം സാഹചര്യങ്ങൾ കൊണ്ടും അധമബോധം കൊണ്ടും, അധികാരബോധം കൊണ്ടും, നിസ്സഹായബോധം കൊണ്ടും ചെയ്തു പോകുന്ന പ്രവർത്തികളുടെ പരിണിത ഫലമായി പുതിയ സാഹചര്യങ്ങളിൽ എത്തിപ്പെടുന്നവരാണ്. ആ സാഹചര്യങ്ങൾ നല്ലതാകാം ചീത്തയുമാകാം. പൊതുവായി പറഞ്ഞാൽ സമൂഹത്തിന്റെയും കുടുംബ വ്യവസ്ഥിതികളുടെയും പ്രതിരൂപങ്ങളും പരിണാമങ്ങളും ഒക്കെത്തന്നെയാണവർ. അവരിൽ പലർക്കും തങ്ങളുടെ നിസ്സഹായ തയെ മറികടക്കാനുള്ള വിവേകമോ, മനോശ്ശക്തിയോ, ആഗ്രഹമോ പോലും ഉള്ളതായി കാണുന്നില്ല. ആഗ്രഹമുണ്ടങ്കിൽ തന്നെ തങ്ങളുടെ സാഹചര്യങ്ങൾ കൊും ചുറ്റുമുള്ള മനുഷ്യരുടെ പ്രവർത്തികൾ കൊണ്ടും സമീപനങ്ങൾ കൊണ്ടും കൂടുതൽ ദുർബലരാകുന്നതും കാണാം.

ഇവയൊക്കെത്തന്നെ നമ്മൾ ഓർക്കുന്നതും കാണുന്നതുമായ സമൂഹത്തിന്റെയും ജീവിതത്തിന്റെയും യാഥാർത്ഥ്യങ്ങൾ തന്നെയാണ്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ഒരു സാധാരണക്കാരന്റെ ദൈനംദിന ജീവിതത്തിൽ ഇല്ലാത്തതൊന്നും അടൂർ സിനിമകളിൽ കാണാനാവില്ല. മലയാള സിനിമകൾക്ക് ഒറിജിനാലിറ്റി കൂടുതലാണെന്നും അത് ജീവിതത്തോട് ചേർന്ന് നിൽക്കുന്നു എന്ന് നമ്മൾ വാദിക്കുന്നുങ്കിലും

വിനോദത്തിനായി സൃഷ്ടിക്കപ്പെടുന്ന കച്ചവട സിനിമകളെ അപേക്ഷിച്ച് അടൂർ സിനിമ കളിലുള്ളത്ര സ്വാഭാവികത അവയിൽ കാണാ നാവില്ല എന്നത് യാഥാർത്ഥ്യം തന്നെയാണ്.

അടൂർ സിനിമകളിൽ പുരുഷാധിപത്യമോ സ്ത്രീപക്ഷ പ്രവണതയോ ഉണ്ടെന്ന് തോന്നുന്നില്ല. ജീവിതം തന്നെയാണ് അവയിൽ പ്രധാന പക്ഷത്തു നിൽക്കുന്നത്. അവയും സ്ത്രീയും പുരുഷനും സാഹചര്യങ്ങൾ ക്കനുസരിച്ചും തങ്ങളുടെ മനോനില അനുസരിച്ചും ശരിയും തെറ്റും ദുഷ്ടതയും നന്മയും വിഭ്രമവും പശ്ചാത്താപവും പരിഹാരവും തിരഞ്ഞെടുക്കുന്നു. പലരും ജീവിതത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനാവാതെ വിധിക്കും സാഹചര്യങ്ങൾക്കും മരണത്തി നും വരെ അടിപ്പെട്ട് പോകുന്നു. ഇതും ജീവിതയാഥാർത്ഥ്യങ്ങൾ തന്നെ.

അടൂർ സിനിമകൾ സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവരെയും നിസ്സഹായരേയും ദുർബ ലരേയും ഫോക്കസ് ചെയ്യുന്നത് കൊണ്ട് തന്നെയാണ് അവയിലെ കഥാപാത്രങ്ങൾ മിക്കവരും ദൗർബല്യങ്ങൾ ഉള്ളവരും, നിസ്സഹായരും, നിരാശരുമൊക്കെയാകുന്നതും. കച്ചവട സിനിമകളിൽ ഇത് സാധാര ണമല്ലെങ്കിലും ഇവയൊക്കെ സാധാരണ ജീവിതത്തിന്റെ ഭാഗം തന്നെയാണ് എന്നു നമുക്കറിയാം. അതുകൊണ്ടുതന്നെ സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്നവരുടെ പ്രതിനിധികളും കാല പകർപ്പുകളും പരിച്ഛേദനങ്ങളുമാണ് അടൂർ കഥാ പാത്രങ്ങൾ എന്ന് പറയേണ്ടിവരും.

30 മുതൽ 50 വരെ വർഷങ്ങൾക്കു മുൻ പുള്ള ജീവിതങ്ങളുടെ കഥ പറയുന്നവയാണ് അടൂർ സിനിമകളെന്ന് കാണാമാണെങ്കിലും സൂക്ഷ്മമായ നിരീക്ഷിച്ചാൽ അവയിൽ പറയുന്ന സംഭവങ്ങൾ, സാഹചര്യങ്ങൾ,

മനുഷ്യർ ഒക്കെ തന്നെ വീണ്ടും വീണ്ടും പിറവിയെടുക്കുന്നതും ജീവിക്കുന്നതും മരിക്കുന്നതും കാലത്തിന്റെ തിരശ്ശീലക്ക് പിന്നിലേക്ക് മറയുന്നതും നമുക്ക് കാണാനാവുന്നതാണ്. അവയിലെ കഥാപാത്രങ്ങൾ പല രൂപത്തിൽ പല ഭാവത്തിൽ ഇപ്പോഴും നമ്മുടെ ഇടയിലൊക്കെത്തന്നെ ജീവിച്ചു കൊണ്ടിരിക്കുന്നു.

കഥാപാത്രങ്ങളെ വിശകലനം ചെയ്യാനായി അടൂരിന്റെ ആദ്യ ചലച്ചിത്രമായ സ്വയംവരം തന്നെ എടുത്തു നോക്കാം. അതിലെ നായകനും നായികയും സമൂഹത്തിന്റെയും കുടുംബത്തിന്റെയും എതിർപ്പുകളെ അവഗണിച്ച് ഒന്നാകുന്നവരാണ്. അവർ ഒന്നിച്ചുള്ള ജീവിതത്തിന്റെ തുടക്കത്തിൽ റൊമാന്റിക് സിനിമകളിലെ നായകനും നായികയുമായി സ്വയം സങ്കൽപ്പിക്കുകയും അവരെപ്പോലെ ജീവിക്കാൻ ശ്രമിക്കുകയും അത് ആസ്വദിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ കുടുംബങ്ങളുടെ പിന്തുണയില്ലാത്തതു കൊണ്ടും കുടുംബം നടത്തിക്കൊണ്ടു പോയ ശീലമില്ലാത്തതുകൊണ്ടും മുന്നോട്ടുള്ള ജീവിതം എങ്ങനെ നയിക്കണമെന്ന് അവർക്ക് ഒരു എത്തും പിടിയുമില്ല. സ്ഥിരവരുമാനമുള്ള ഒരു ജോലി കിട്ടുന്നതിനു മുൻപ് തുടങ്ങിവച്ച ജീവിതം, സാമ്പത്തിക പ്രയാസങ്ങളിൽ തട്ടി തകർന്നു തുടങ്ങുന്നു. ഒരു കുട്ടി കൂടി ജനിക്കുന്നതോടെ മാനസികവും ശാരീരികവും സാമ്പത്തികവുമായി തളർന്ന ആ കുടുംബം പരിപൂർണ്ണമായ നിസ്സഹായതയിലേക്ക് വഴുതിവീണു പോകുന്നു. ആ സാഹചര്യങ്ങളിൽ നിന്ന് നായകൻ രോഗത്തിലേക്കും മരണത്തിലേക്കും കടന്നുപോകുമ്പോൾ നായികയ്ക്ക് മുന്നിൽ തുറക്കാൻ മരണത്തിന്റെ അടച്ചിട്ട വാതിൽ മാത്രം ബാക്കിയാകുന്നു. സിംഗിൾ പാരന്റ് എന്നോ സിംഗിൾ മദർ എന്നോ ഉള്ള സങ്കല്പങ്ങൾ ഇല്ലാതിരുന്ന ആ കാലത്ത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും സഹായങ്ങളും പിന്തുണകളും ഇല്ലാത്ത ഒരു സ്ത്രീക്ക്



മറ്റു വഴികൾ ഇല്ല. വിവാഹത്തിനു മുൻപ ്ജീവിതഭദ്രത വേണമെന്നുള്ള ചിന്തകളിലേക്ക് സമൂഹത്തിനെ ഈ സിനിമ നയിക്കുന്നു്. ഒരർത്ഥത്തിൽ ജീവിതം തന്നെ നമ്മൾ സ്വയം വരിക്കുന്ന ഒന്നാണെന്ന് അടൂർ പറഞ്ഞു വയ്ക്കുന്നു.

കൊടിയേറ്റം ഒരു കമിങ് ഓഫ് ഏജ് മൂവി ആണെന്ന് പറയാം. മാതാപിതാക്കളുടെയും സഹോദരന്റെയും മരണം ജീവിതത്തിലെ സന്തോഷങ്ങൾ കെടുത്തി കളഞ്ഞത് കൊണ്ട് തന്നെ നിസ്സാര സന്തോഷങ്ങൾക്ക് പിന്നാലെ പായുന്ന പക്വതയില്ലാത്ത ഒരു ചെറുപ്പക്കാരനാണ് ഇതിലെ നായകൻ. സഹോദരിയുടെ ദുഃഖങ്ങളും മറ്റുള്ളവരുടെ പരിഹാസങ്ങളും അയാളെ ബാധിക്കുന്നതേയില്ല. ഒന്നിനെയും എതിർക്കാൻ ആകാത്ത ദുർബലനാണെന്ന് അയാൾ സ്വയം വിശ്വസിക്കുന്നു. സ്നേഹത്തോടെ ഭക്ഷണം വിളമ്പിക്കൊടുക്കുകയും പരിചരിക്കുകയും ചെയ്യുന്ന സഹോദരിയോടും അയൽക്കാരിയോടും അയാൾക്ക് സ്നേഹമുണ്ട്. എങ്കിലും ഉത്സവം കാണാൻ പോകുന്ന അതെ താല്പര്യത്തോടെയും നിസ്സാര മനോഭാവത്തോടെയും കൂടെയാണ് അയാൾ എല്ലാത്തിനെയും സമീപിക്കുന്നത്. ആരുടെയോ നിർബന്ധ പ്രകാരം കഴിക്കുന്ന വിവാഹത്തിന് പോലും ആ ഒരു പ്രാധാന്യം മാത്രമേ അയാൾ കൽപ്പിക്കുന്നുള്ളു.

ഉത്സവത്തിനും കുട്ടികളോടൊത്തുള്ള

കളികൾക്കുമായി അയാൾ കുടുംബത്തെ മറന്ന് ദിവസങ്ങളും ആഴ്ചകളും കഴിക്കുന്നു. സഹിക്കെട്ട ഭാര്യയുടെ എതിർപ്പുകൾക്കു മുമ്പിൽ അയാൾ നിസ്സഹായനും നിശബ്ദനുമാണ്. അത് അയാളുടെ ശീലവും ജീവിതരീതിയുമാണ്. സഹോദരി പണിയെടുത്തയക്കുന്ന പണം കൊണ്ടും, ചെറിയ പണികൾ ചെയ്തും ചായക്കടയിൽ കടം പറഞ്ഞും ജീവിച്ചു വന്ന അയാൾ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ബോധവാനോ ,ശരിയായ അറിവുള്ളവനോ പോലുമല്ല. ആരുടെയൊക്കെയോ തണലിൽ തട്ടിമുട്ടി ജീവിച്ചു എന്ന് മാത്രം.

ഒരു കൊച്ചു കുട്ടിയുടെ മനസ്സോടെയാണ് അയാൾ ജീവിതത്തെയും മനുഷ്യരെയും സംഭവങ്ങളെയും കാണുന്നത്. ഭാര്യ യോടൊത്തുള്ള ആദ്യ യാത്രയിൽ ഒരു ലോറി തങ്ങൾക്ക് മേൽ ചെളി തെറുപ്പിക്കുന്നതിനെ അയാൾ കാണുന്ന രീതിയിൽ നിന്ന് തന്നെ അത് മനസ്സിലാക്കാം. തന്റെ പുതിയ ഷർട്ടിലും മുണ്ടിലും ഭാര്യയുടെ സാരിയിലും പറ്റിയ ചെളി കഴുകിയാൽ പോകില്ലേ? എന്നു ഭാര്യയുടെ വിഷമം കണക്കാക്കാതെ നിസ്സാരമായി അയാൾ പറയുന്നത് ഒരു കൊച്ചു കുട്ടിയുടെ നിഷ്കളങ്കതയോടെയാണ്. അതേ സമയം തന്നെ ആ ലോറിക്ക് എന്തൊരു സ്പീഡ് ആണെന്ന് അയാൾ അത്ഭുത പ്പെടുന്നുമുണ്ട്. പല വർണ്ണങ്ങളുള്ള, പല രീതിയിൽ പറക്കുന്ന പട്ടങ്ങളാണ് അയാൾക്ക് എല്ലാം. അവയുടെ എല്ലാം പിന്നാലെ അയാൾ ഒരു കൊച്ചു കുട്ടിയെ പോലെ ഓടുന്നു.

സ്ഥിരമായി പണമയച്ചുകൊണ്ടിരുന്ന പെങ്ങളുടെ മണിയോർഡർ വരുന്നത് നിലക്കുന്നതിന്റെ കാരണം അയാൾക്ക് മന സ്സിലാകുന്നില്ല. എങ്കിലും വിവരം അന്വേഷിച്ചു പോകാൻ അയാൾ തയ്യാറാകുന്നില്ല. മാതാപിതാക്കളും സഹോദരങ്ങളും മരിച്ചു പോയപ്പോൾ തന്നെ ഗ്രസിച്ച് നിസ്സഹായതയും ഭയവും അയാളെ അതിൽ നിന്ന് പിന്തിരി പ്പിക്കുന്നു. അയാളുടെ പ്രവർത്തികളിൽ സഹികെട്ട് ഗർഭിണിയായ ഭാര്യ അയാളെ വിട്ടു പോകുന്നതോടു കൂടി ഏകാന്തതാബോധവും ഒറ്റപ്പെടുമെന്നുള്ള ഭയവും അയാളെ പിടികൂടുന്നു. അത്രയും നാൾ ഒപ്പം കളിച്ചു നടന്ന കുട്ടികൾ അയാളെ കളിയാക്കിക്കൊണ്ട് അയാൾക്ക് ചുറ്റും ഓടുമ്പോൾ അതയാളെ അരിശപ്പെടുത്തുകയും ചെയ്യുന്നു. തനിക്ക് ഇഷ്ടപ്പെടാത്ത സാഹചര്യങ്ങളോട് എതിർപ്പ് പ്രകടിപ്പിക്കാൻ അത് അയാളെ ആദ്യമായി പ്രേരിപ്പിക്കുകയും ചെയ്യുന്നു. അയാളുടെ മാറ്റത്തിന് തുടക്കം അവിടെ നിന്നാണ്. തന്റെ അയൽക്കാരിക്കു തന്നോട് അടുപ്പം കാട്ടിയിരുന്ന മുതലാളിയുമായിട്ടുള്ള അസ്വാഭാവികമായിട്ടുള്ള സ്നേഹ ബന്ധത്തെ അയാൾ സംശയത്തോടെ വീക്ഷിക്കുന്നു ണ്ട്. ഭാര്യയും കുട്ടിയും ഉള്ള ഒരാൾക്ക് എങ്ങനെ ഇങ്ങനെ ഒരു അവിഹിതബന്ധം തുടങ്ങാൻ സാധിക്കുന്നുവെന്ന ചിന്ത അയാളെ അലട്ടുന്നത് കാണാം. ആ ബന്ധം മുറിയുമ്പോൾ അയൽക്കാരി ആത്മഹത്യ ചെയ്യുന്നത് അയാളെ വല്ലാതെ വേദനിപ്പിക്കുകയും പൊട്ടിക്കരയിക്കുകയും ചെയ്യുന്നു . അയാളെ സ്നേഹിച്ചിരുന്ന ചുരുക്കം ചില വ്യക്തികളിൽ ഒരാളാണ് നഷ്ടപ്പെട്ടത്. ആ വ്യക്തി ചെയ്ത തെറ്റുകൾ അയാൾ കണക്കാക്കുന്നില്ല.

പിന്നീട് ഒരു ലോറിക്കാരന്റെ സഹായിയായി



അയാൾ മാറുന്നു. ഒരിക്കൽ തന്നേ ഭ്രമിപ്പിച്ചിരുന്ന ലോറിപ്പണിയുടെ കഠിനതകളും പരുക്കൻ വശങ്ങളും ആദ്യമൊന്നും അയാൾക്ക് ദഹിക്കുന്നില്ല. എങ്കിലും ഡ്രൈവറുടെ പണിയും ലോറിയുടെ വേഗതയും ഉത്തരവാദിത്വങ്ങൾ പ്രധാനം ചെയ്യുന്ന അഭിമാനവും സുഖവും അയാളെ അതിലെക്കടുപ്പിച്ചു നിർത്തുന്നു. അയാളെ തന്റെ ജീവിതത്തിന്റെ ഭാഗമായി കണക്കാക്കുന്ന, ഒപ്പം കൊു നടക്കുന്ന കരുത്ത നായ ഒരാളുടെ ആജ്ഞാനുവർത്തിയാകാൻ അയാൾ സന്തോഷപൂർവ്വം തയ്യാറാകുന്നു. മരിച്ചുപോയ തന്റെ അച്ഛനെ തന്നെ അയാൾ ആ ഡ്രൈവറിൽ കണ്ടിരുന്നിരിക്കാം. ജോലിയുടെ സ്ഥിരതയും ഉത്തരവാദിത്വങ്ങളും ചിട്ടകളും അയാളുടെ ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങൾ അയാളുടെ ഭാര്യയിലും ഭാര്യാവീട്ടുകാരിലും മാറ്റങ്ങൾ വരുത്തുന്നു്. അത് അയാളെ സന്തോഷിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു.

വീണ്ടുമൊരു ഉത്സവത്തിന്റെ രാത്രിയിൽ പുതിയ പുടവയുമായി തിരിച്ചെത്തുന്ന അയാൾ തന്റെ ഭാര്യയ്ക്ക് അത് സമ്മാനിക്കുമ്പോൾ തന്റെ കുടുംബത്തിന്റെ തകർച്ചകളിൽ നിന്നുള്ള കൊടിയേറ്റം കണ്ട് അവൾ പൊട്ടി കരയുന്നു. കൊടിയേറ്റം എന്ന സിനിമ എത്രയോ മനസ്സുകളെ സ്വാധീനിച്ചിട്ടുണ്ടാകാം. ഉത്തരവാദിത്വമില്ലായ്മകളിൽ നിന്ന് സമാധാനത്തിലും സന്തോഷത്തിലും നയിച്ചിട്ടുണ്ടാകാം. ദുർബലകഥാപാത്രങ്ങൾ



സ്വയം ആർജിക്കുന്ന കരുത്തിലൂടെ ആകാശത്തോളം വളരുന്നതുമായ ജീവിതകാഴ്ചകളിൽ ഒന്നാണ് ഇതും.

എലിപ്പത്തായം എന്ന സിനിമയിൽ നായകൻ പഴയ പ്രതാപങ്ങളുടെയും മരിച്ചുപോയ കാരണവന്മാരുടെയും ഒക്കെ ചലിക്കുന്ന നിഴലാണ്. തറവാടിന്റെ ഉള്ളിൽ വീണു കിടക്കുന്ന ഇരുളും നിഴലും അതിന്റെ ഉള്ളിലെ പേടിപ്പെടുത്തുന്ന സുരക്ഷിതത്വവും വിവാഹം കഴിക്കാത്ത സഹോദരിമാരും ചുറ്റുമുള്ള വസ്തുവകകളും അതിൽ നിന്നുള്ള വരുമാന വും മാത്രമാണ് അയാളുടെ സ്വന്തം എന്ന് അയാൾ കരുതുന്നതായി ജീവിതത്തിൽ അവശേഷിക്കുന്നത്. അവയൊക്കെ നഷ്ടപ്പെടുമോ എന്നുള്ള പരിഭ്രാന്തി കലർന്ന ഭയം അയാളെ സ്വയം പെട്ടു കിടക്കുന്ന ഒരു എലിയാക്കി മാറ്റുന്നു. സ്വന്തം വീട് എന്ന എലിപ്പത്തായത്തിൽ കുടുങ്ങിക്കിടക്കുന്ന, അതിൽ നിന്ന് പുറത്തു കടക്കാൻ ആഗ്രഹിക്കാത്ത ഒരു എലിയാണ് അയാൾ.

മണ്മറഞ്ഞുപോയ കാരണവന്മാരുടെ ശീലങ്ങൾ അയാളും പിന്തുടരുന്നു. ചാരുകസേരയിൽ കിടക്കുകയും, അധികാര സ്വരത്തിൽ ആജ്ഞാപിക്കുകയും, എണ്ണ തേച്ചു കുളിക്കുകയും, കുളി വെള്ളത്തിന് പ്രത്യേക ചൂട് വേണമെന്ന് നിർബന്ധം പിടി ക്കുകയും, തന്റെ കുടുംബത്തിലുള്ളവരുടെ ആഗ്രഹങ്ങളെ കണക്കാക്കാതിരിക്കുകയും, ആവശ്യങ്ങളെ നിരാകരിക്കുകയും, തനിക്ക് കീഴിലുള്ളവരെ പരിഹസിക്കുകയും പുച്ഛിക്കുകയും, മേൽക്കോയ്മകളെയും, അധികാരബോധത്തെയും ഒക്കെ ചുമന്നു നടക്കുകയുമൊക്കെ ചെയ്യുന്നുയാൾ. എങ്കിലും ഇരുട്ടിനേയും, തന്നെ എതിർക്കാൻ മടിയില്ലാത്തവരെയും, ഇരുട്ടിൽ മറഞ്ഞിരുന്ന് ആക്രമിക്കാൻ സാധ്യതയുള്ളവരെയും അയാൾക്ക് ഭയമാണ്. ആ ഭയത്തെയൊക്കെ അയാൾ സ്വയം പറഞ്ഞു വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന കള്ളങ്ങളിലൂടെയാണ് നേരിടുന്നത്.

എതിർത്താലൊ, തിരിഞ്ഞുനിന്ന് ചോദ്യം ചെയ്താലൊ തിരിച്ചെന്തു പറയണമെന്ന് അയാൾക്ക് അറിയില്ല.

ഇളയ സഹോദരിയുടെ പ്രേമലേഖനത്തേയും ഒളിച്ചോട്ടത്തേയും മോഷ്ടാക്കളെയും എലികളെയും അയാൾ ഒരുപോലെ അവഗണിക്കുകയും ഭയക്കുകയും ചെയ്യുന്നു. തനിക്കുവേി ജീവിതം ഉഴിഞ്ഞുവെച്ച സഹോദരിയുടെ അസുഖത്തെ പോലും അയാൾ കണക്കാക്കുന്നില്ല. അവളെ മരണാസന്നയായ നിലയിൽ എടുത്തു കൊണ്ടു ആരൊക്കെയോ ചേർന്ന് എടുത്തു കൊണ്ടു പോകുമ്പോൾ എലിപ്പത്തായത്തിനുള്ളിൽ നിന്ന് എലി നോക്കുന്നതുപോലെ ആ കാഴ്ച നോക്കി കാണുന്നു്. കുടുങ്ങിയ പത്തായത്തിൽ കുടുങ്ങിയ എലിയെ കുളത്തിൽ മുക്കിക്കൊല്ലാൻ പോകുന്നതു പോലെ തന്നെയാണ് അയാൾ അതിനെയും നോക്കിക്കാണുന്നത്.

തന്റെ സഹോദരികളും താൻ കുടുക്കിയിട്ട എലികൾ തന്നെയാണെന്ന് അയാൾക്ക് പരിപൂർണ്ണ ബോധ്യമുണ്ട്. മൂത്ത സഹോദരി കല്യാണം കഴിച്ചു പോകുകയും മറ്റൊരുവൾ ഒളിച്ചോടുകയും, ഒരാൾ മരണത്തിന് കീഴടങ്ങുകയും ചെയ്തത് അയാളിൽ പ്രതിഷേധം ഉണ്ടാക്കുന്നെങ്കിലും ആ പ്രതിഷേധം തന്റെ സുഖവും സുരക്ഷിതത്വവും സംരക്ഷണവും ഉപേക്ഷിച്ചു പോയതിനുള്ള പ്രതിഷേധം മാത്രമാണ്.

ചിത്രത്തിന്റെ ഒടുവിൽ അയാളെ ഒരു കൂട്ടം ആളുകൾ ഓടിച്ചിട്ട് പിടിക്കുന്നതും, ഇരുട്ടിൽ തട്ടിപ്പിടഞ്ഞു വീണ അയാളെ അവർ പിടികൂടി കുളത്തിൽ എറിയുന്നതും കാണാം. ആരും നോക്കാനില്ലാതെ, ഒറ്റപ്പെട്ടു കിടന്ന അയാൾക്കുണ്ടായ ഹാലൂസിനേഷനുമാകാമത്.

വിശപ്പും, ഭയവും ഏകാന്തതയും അയാളെ സ്കീസോഫ്രീനിയയിലേക്കു നയിച്ചിട്ടുമുണ്ടാകാം. അതല്ല മൂത്ത സഹോദരിയുടെ



ഭർത്താവിന്റെ ആളുകൾ പിടിച്ചുകൊണ്ടു പോയതാണെങ്കിൽ തന്നെ എലിപ്പത്തായത്തിൽ നിന്ന്, നനഞ്ഞു കുതിർന്ന് പുറത്തു കടന്ന് ഒരു എലിയെ പോലെ അയാൾ തന്റെ മാളത്തിലേക്ക് തന്നെ തിരിച്ചു പോകാൻ ശ്രമിച്ചേക്കാം. എങ്കിലും താൻ അറിഞ്ഞോ അറിയാതെയോ അയാൾ ചെയ്തു പോയ പാപങ്ങളുടെ അവസാന വിധി ഒട്ടും നല്ലതാകാൻ സാധ്യതയില്ല. ഇതു പോലെയുള്ള തറവാടുകളിൽ കുടുങ്ങിക്കിടക്കുന്ന അനേകം ആത്മാക്കളിൽ ഒരാളായി അയാൾ മാറുക തന്നെ ചെയ്യും. അപ്പോഴും കണ്ണീരും നിശ്വാസങ്ങളും നിരാശകളും ഉള്ളിൽ ഒതുക്കി ജീവിച്ച അനേകം ആത്മാക്കൾ അയാൾക്ക് ചുറ്റും ഭീതി പടർത്തിക്കൊണ്ടേയിരിക്കുന്നുണ്ടാകും.

പഴയ തറവാടുകളിൽ നിന്നും, അതിന്റെ ഉള്ളിലെ അടിമത്തങ്ങളിൽ നിന്നും ഇരുട്ടിൽ നിന്നും, ശ്മശാനമൂകതയിൽ നിന്നും പുറത്തു കടക്കാൻ അനേകരെ പ്രേരിപ്പിച്ച ഒരു സിനിമയാകും എലിപ്പത്തായം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മുഖാമുഖത്തിൽ തത്വശാസ്ത്രങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കുമിടയിൽ പെടുകയും ജീവിതത്തിലെ രണ്ട് അവസ്ഥകളിലുള്ള സ്വന്തം വ്യക്തിത്വം തന്റെ നേർക്കു നേരെ നിന്ന് വെല്ലുവിളിക്കുകയും, ആക്രമിക്കുകയും പരാജയപ്പെടുത്തുകയും ചെയ്യുന്നത് നേരിട്ട് അനുഭവിക്കേിവന്ന ഒരു പഴയ രാഷ്ട്രീയക്കാരന്റെ ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിലേക്കാണ് ആണ് ഈ ചിത്രം

വാതിൽ തുറന്നിടുന്നത്.

രാഷ്ട്രീയത്തിൽ തത്വശാസ്ത്രങ്ങൾക്കും, നിയമങ്ങൾക്കുമുള്ള ശക്തിയും അധികാരവും മനുഷ്യബന്ധങ്ങൾക്കോ വിചാരവികാരങ്ങൾക്കോ ഇല്ല എന്നുള്ളത് ഒരു സൂചനയാണ് ഈ സിനിമ. പാർട്ടിക്കുവേി ഒളിവിൽ പോകുന്ന അയാൾ മരിച്ചവനായി കണക്കാക്കപ്പെടുന്നു. എന്നാൽ തിരിച്ചെത്തുമ്പോഴാണ് അയാൾ താൻ പ്രേതാവസ്ഥയിലേക്കാണ് കടന്നിരിക്കുന്നത് എന്ന് അയാൾക്ക് മനസ്സിലാകുന്നത്.
മനസ്സിന്റെ സമനില തെറ്റിയ അയാൾ മദ്യപാനത്തിലേക്ക് ഇടറി വീഴുകയും ഒടുവിൽ മരണപ്പെടുകയും അയാളുടെ മരണം ആഘോഷിക്കപ്പെടുകയും ചെയ്യുന്നു. ഇതും ഒരു ജീവിതത്തിന്റെ യാഥാർത്ഥ്യം തന്നെയാണ്.

ജീവിച്ചിരിക്കുമ്പോൾ ഉപേക്ഷിക്കപ്പെടുന്നവരും അവഗണിക്കപ്പെടുന്നവരും മരിച്ചു കഴിയുമ്പോൾ നല്ലവരായും മഹാന്മാരായും സ്വന്തം ബന്ധുക്കളാലും, സുഹൃത്തുക്കളാലും, സ്വന്തം പാർട്ടിയുടെ അണികളാലും മഹത്വവൽക്കരിക്കപ്പെടുന്നതും, വിഗ്രഹങ്ങളാക്കി തീർക്കപ്പെടുന്നതും ഒട്ടും അസാധാരണമായ കാഴ്ചയല്ല എന്നുകൂടി ഈ ചിത്രം ഓർമ്മിപ്പിക്കുന്നു. ഒപ്പം മറ്റുള്ളവർക്ക് വേി, അത് ബന്ധുക്കൾ ആകട്ടെ സുഹൃത്തുക്കളാകട്ടെ രാഷ്ട്രീയപാർട്ടികൾ ആകട്ടെ സംഘടനകൾ ആകട്ടെ, ആർക്കുവേി തന്നെയായാലും സ്വയം മറന്നും സ്വന്തം ജീവിതം മറന്നും എടുത്തു ചാടുന്നത് ദുർവ്വിധിയിലെ അവസാനിക്കു എന്നും ഈ ചിത്രം ഓർമിപ്പിക്കുന്നു. ഇത്തരം സാമൂഹിക സാംസ്കാരിക വ്യക്തിബന്ധ അസംബന്ധ അപചയങ്ങളെ കാണാൻ കണ്ണൊന്നു തുറന്നു പിടിച്ചാൽ മതി എന്ന് ഓർമ്മിപ്പിക്കുകയാണ് ഇതിലെ പ്രധാന കഥാപാത്രത്തിലൂടെ അടൂർ ചെയ്യുന്നത്.

അടൂർ സിനിമകളിൽ ഏറ്റവും കോംപ്ലക്സ് ആയിട്ടുള്ള കഥാപാത്ര സൃഷ്ടിയാണ് അനന്തരത്തിലെ അജയൻ



എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.
അജയൻ എന്ന പേര് പോലും തന്റെതല്ല എന്ന് വിശ്വസിക്കുന്നയാളാണ് ഇതിലെ മുഖ്യ കഥാപാത്രം. തന്നെ ആശുപത്രിയിൽ ഉപേക്ഷിച്ചു കടന്നുകളഞ്ഞ അമ്മയോടുള്ള പക അയാൾക്കൊപ്പം വളർന്നു വരുന്നുണ്ട്. താനൊരു അനാഥനാണെന്നും ഉപേക്ഷിക്കപ്പെട്ടവനാണെന്നു തന്നെ എടുത്തു വളർത്തിയ ഡോക്ടർ അങ്കിളിന്റെയും അയാളുടെ മകൻ ബാലുവിന്റെയും, ഡോക്ടറുടെ വീട്ടിലുള്ള വേലക്കാരുടെയും കാരുണ്യത്തിലും സഹായത്തിലുമാണ് തന്റെ ജീവിതം മുന്നോട്ടു പോകുന്നത് എന്നും അജയന് ബോധ്യമുണ്ട്. അജയൻ സ്വയം പറയുന്ന കഥയാണ് അനന്തരം.

അമ്മയാൽ ഉപേക്ഷിക്കപ്പെട്ട്, അമ്മയുടെ സ്ഥാനത്തുള്ള ഒരു സ്ത്രീയുടെ സ്നേഹം കിട്ടാൻ ഭാഗ്യമില്ലാതെ വളർന്ന അജയന്റെ ഉള്ളിൽ തെറ്റിദ്ധാരണകളും അന്ധവിശ്വാസങ്ങളും ഭയങ്ങളും നിറയ്ക്കാനാണ് ഡോക്ടറുടെ വീട്ടിലെ ജോലിക്കാരായ ഡ്രൈവറും പാചകക്കാരനും കമ്പൗണ്ടറും ശ്രമിക്കുന്നത്. തനിക്ക് കിട്ടിയ അറിവുകൾ സത്യങ്ങൾ ആണെന്ന് വാദിക്കാൻ അവന് മടിയില്ല. അവന്റെ ധാരണകൾ പലതും തെറ്റാണെന്ന് തെളിയിക്കാനും അവനെ തിരുത്താനും ഡോക്ടറുടെ മകൻ ശ്രമിക്കുന്നെങ്കിലും തന്റെ ജനനം മുതൽ തന്നെ ബാധിച്ചു തുടങ്ങിയ കൺഫ്യൂഷൻ അവനെ

അനുവദിക്കുന്നില്ല.

ശരിയേത്, തെറ്റേത്, യാഥാർഥ്യമേത്, സങ്കല്പമേത് എന്നൊക്കെ തിരിച്ചറിയാൻ പറ്റാത്ത വണ്ണം ഒരുതരം അങ്കലാപ്പിലൂടെയാണ് അവൻ കടന്നുപോകുന്നത്. ഇടയ്ക്ക് എപ്പോഴോ അസുഖമായി കിടന്നപ്പോൾ തന്നെ കാണാൻ വന്ന യോഗിനിയമ്മ കരഞ്ഞതും, ഉമ്മ വെച്ചതും അവനെ കൂടുതൽ പരിഭ്രമിപ്പിക്കുന്നു. അവർ ഒരിക്കൽ കൂടി തിരിച്ചു വന്നിരുന്നെങ്കിൽ എന്ന് അവൻ ആഗ്രഹിക്കുന്നു.

ബാല്യകാലത്ത് ബുദ്ധിയും, ധൈര്യവും മിടുക്കും പ്രകടിപ്പിച്ചിരുന്ന അവൻ തന്റെ അസ്തിത്വത്തിന്റെ നിരർഥകതയെ വിശകലനം ചെയ്തു തുടങ്ങുന്നതോടെ അവനിലെ നന്മകൾ മങ്ങിത്തുടങ്ങുന്നു. തന്നെ ഉപേക്ഷിച്ചു കടന്നുകളഞ്ഞ അമ്മയെ എന്നെങ്കിലും കാണുമ്പോൾ കഴുത്തു ഞെരിക്കുമെന്ന് അവൻ ബാലുവിനോട് പറയുന്നുണ്ട്. പത്താം വയസ്സിൽ സ്വന്തം അമ്മയെ നഷ്ടപ്പെട്ട ബാലുവിന് അമ്മയാൽ ഉപേക്ഷിക്കപ്പെട്ട അവന്റെ ദുഃഖത്തെയും പകയേയും അതിന്റെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നു്. അവനെ സഹതാപത്തോടെ കാണുന്ന ബാലു ഒരു മൂത്ത സഹോദരന്റെ കരുണയോടെയാണ് അവനോട് പെരുമാറുന്നത്. എങ്കിലും ആ സ്നേഹവും കരുണയും സ്വീകരിക്കാൻ അവന്റെ മനസ്സു തയാറല്ല. തന്റെ അമ്മ തനിക്ക് തരാത്ത സ്നേഹം മറ്റൊരാൾ തരുമ്പോൾ അത് സ്വീകരിക്കാൻ അവന്റെ മനസ്സ് തയാറാകുന്നില്ല എന്നുള്ളത് തന്നെയാണ് അതിന്റെ കാരണം എന്നു തോന്നുന്നു.

ബാലുവിന്റെ കല്യാണം കഴിയുന്നതോടെ അജയന്റെ ജീവിതം കീഴ്മേൽ മറിയുന്നു. ബാലു വിവാഹം ചെയ്തത് താൻ എപ്പോഴൊക്കെയോ കണ്ടുമുട്ടിയിരുന്ന, തന്നെ തേടി വന്നിരുന്ന നളിനി എന്ന പെൺകുട്ടിയാണെന്ന് അജയൻ വിശ്വസിക്കുന്നു. അജയന്റെ ഭാഗത്ത് നിന്നു നോക്കിയാൽ ആ വിശ്വാസം ശരിയുമാണ്.

എങ്കിലും മറ്റൊരു ആംഗിളിൽ നിന്നും ചിന്തിച്ചാൽ, ഒരിക്കലും തിരിച്ചു വരില്ല എന്ന് അജയൻ വിശ്വസിക്കുന്ന സ്വന്തം അമ്മക്ക് പകരമായി, പിന്നീടൊരിക്കലും തിരിച്ചു വരാതിരുന്ന, മരിച്ചുപോയി കഴിഞ്ഞ പോയ യോഗിനിയമ്മയ്ക്ക് പകരമായി, മരിച്ചു പോയില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ തനിക്ക് കൂടി അമ്മ ആയേക്കുമായിരുന്ന ബാലുവിന്റെ അമ്മയ്ക്ക് പകരമായി, തനിക്ക് എന്നെന്നേക്കുമായി സ്വന്തമാക്കാൻ, തന്റെ അമ്മ കൂടിയാകാൻ അവന് ഒരു സ്ത്രീയെ ആവശ്യമായിരുന്നു.

പേരിലുള്ള വ്യത്യാസത്തെ ഒഴിച്ചുനിർത്തിയാൽ ഒരേ അച്ചിൽ വാർത്തതുപോലെയുള്ള രണ്ടു സ്ത്രീകൾ അജയന്റെ ജീവിതത്തിലേക്ക് കടന്നു വരിക സാമാന്യ ബുദ്ധികൊണ്ട് ചിന്തിച്ചാൽ സാധ്യമല്ല. സുമംഗലി എന്ന ബാലുവിന്റെ ഭാര്യ ഒരിക്കൽ നളിനിയായിരുന്നു എന്നോ, നളിനിയായി അവൾ അജയന്റെ മുന്നിൽ എത്തിയെന്നോ വിശ്വസിക്കാനും സാധിക്കുകയില്ല. ഇടയ്ക്കൊക്കെ പ്രത്യക്ഷപ്പെടുകയും അധിക നേരം നിൽക്കാതെ മറഞ്ഞു പോവുകയും ചെയ്തിരുന്ന നളിനി അജയന് തന്നെ ഒരു പ്രഹേളികയാണ്. ഒരിക്കൽ തന്നെ തേടി നളിനിയുടെ അച്ഛൻ വരുന്നതായും ഇനിയൊരിക്കലും കാണരുതെന്ന് ഭീഷണിപ്പെടുത്തുന്നതായും ചിത്രത്തിലു്. അതും നളിനി ഒരു യാഥാർത്ഥ്യമാണെന്നുള്ള സൂചനകൾ തരുന്നുങ്കെിലും പിന്നീടുള്ള സംഭവങ്ങൾ നമ്മെ മറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്.

ഒരിക്കൽ അജയനെ തേടിയെത്തുന്ന ഡോക്ടർ അങ്കിൾ അജയന്റെ അവസ്ഥ കണ്ടു കരഞ്ഞു കൊണ്ട് തിരിച്ചു പോകുന്നു്. നളിനിയുടെ പിന്നാലെ അലഞ്ഞു തുടങ്ങിയ അജയൻ ഒരു പക്ഷേ ഡ്രഗ്സിൽ അഭയം പ്രാപിച്ചിരുന്നിരിക്കാം. മുറിയിൽ ചിതറിക്കിടന്ന സിഗരറ്റ് കുറ്റികളെ അതിന്റെ തെളിവുകളായി കാണാവുന്നതാണ്. ബാലുവിന്റെ ഭാര്യ സുമംഗലി തന്നെയാണോ അതോ തന്റെ

നളിനിയാണോ എന്ന കൺഫ്യൂഷൻ നില നിൽക്കെ ഏട്ടന്റെ ഭാര്യയെ പ്രേമിക്കാൻ ശ്രമിച്ചു എന്ന കുറ്റബോധം അജയനെ വേട്ടയാടുന്നുണ്ട്.

അജയൻ, തുടക്കം വ്യക്തമല്ലാത്ത, അസ്ഥിരമായ ഭാവങ്ങളും ചിന്തകളും നിറഞ്ഞ, അവ്യക്തവും ചിതറിയതുമായ ലക്ഷ്യങ്ങളോടെ അനന്തമായ് നീങ്ങുന്ന ഒരു കഥയാണ് അയാൾ. ഒരുപക്ഷേ സ്വയം സൃഷ്ടിച്ച, അജയൻ സ്വയമായി പറഞ്ഞ കഥ. സിനിമയുടെ അന്ത്യത്തിൽ കുട്ടിയായ അജയൻ കുളത്തിന്റെ പടവുകളുടെ എണ്ണം ഇരട്ടിച്ചെണ്ണി പടവുകൾ ഇറങ്ങുകയും കയറുകയും ചെയ്തുകൊണ്ടേയിരിക്കുന്നത് കാണാം. സിനി മ യുടെ ഇടയ്ക്കെപ്പോഴോ മുറിയുടെ ഇരു വെളിച്ചത്തിൽ ചുമരുകളിലേക്ക് നോക്കി ഒറ്റയ്ക്ക് നിന്ന് സ്വയം കറങ്ങുന്ന അജയനെയും കാണാം. ഇതും പടവുകൾ കയറിയിറങ്ങുന്ന അജയനേയും കൂട്ടി വായിച്ചാൽ തന്റെ കൺഫ്യൂഷനുകളെ നേരിടാൻ ആകാതെ അജയൻ ആത്മഹത്യ ചെയ്തിട്ടുണ്ടാകണം. തന്റെ അനാഥമായ ബാല്യത്തെ തടവിലിട്ട ആ വീടിനെയും കുളപ്പടവുകളെയും വിട്ടു പോകാനാകാതെ അജയന്റെ ആത്മാവ് തന്റെ ജീവിത ദുരിതങ്ങളെയും ദുഃഖങ്ങളെയും ഇരട്ടി വേഗത്തിൽ മറികടക്കാൻ ശ്രമിച്ചു കൊണ്ട് ഇപ്പോഴും അവിടെയൊക്കെ തന്നെയുണ്ട് എന്ന് നമുക്ക് അനുമാനിക്കാം.

മതിലുകൾ മഹാനായ എഴുത്തുകാരൻ ബഷീറിന്റെ തന്നെ കഥയായതു കൊണ്ടും, അടൂർ മഹാചാരുതയോടുകൂടി അത് പകർത്തി വച്ചിരിക്കുന്നത് കൊണ്ടും അതിനെപ്പറ്റി പ്രത്യേകിച്ച് പറയേ ആവശ്യമുണ്ടെ ന്ന് തോന്നുന്നില്ല. എങ്കിലും ആദര പൂർവ്വം ആ സിനിമയെപ്പറ്റി ഈ അവസരത്തിൽ ഓർമിക്കുന്നു.വിധേയൻ എന്ന സിനിമയിലെ തൊമ്മി വിധേയൻ എന്ന വാക്കിന്റെ പര്യായം തന്നെയാണ്. പട്ടേലർ എന്ന ക്രൂരനും നിഷ്ഠൂരനും ആയ ജന്മിയുടെ



കുടിയാനായി തീരുന്ന, അഞ്ചേക്കറിന്റെ ഉടമ കൂടിയായ കുടിയേറ്റ കർഷകനാണ് തൊമ്മി.

പട്ടേലർക്ക് കള്ളു വാങ്ങി കൊടുക്കുകയും അയാളുടെ പെൺവേട്ടകൾക്ക് കൂട്ടുനിൽക്കുകയും ചെയ്യുന്നു് തൊമ്മി. സ്വന്തം വീട്ടിൽ വച്ച് സ്വന്തം ഭാര്യയെ ഭാര്യയെ പട്ടേലർ ബലാത്സംഗം ചെയ്യുന്നത് അറിഞ്ഞിട്ടും കെട്ടിയിട്ട നായയെപ്പോലെ നോക്കി നിൽക്കുകയാണ് അയാൾ ചെയ്യുന്നത്. പുരുഷനെന്നു പോലും വിളിക്കാൻ ആവാത്ത വിധം നട്ടെല്ലില്ലാത്ത ഒരു കഥാപാത്രമാണ് തൊമ്മി. പട്ടാപ്പകൽ ഒരു അടിയാത്തി പെണ്ണിനെ ബലാൽസംഗം ചെയ്യുന്നതിനു മുൻപ് നിനക്കും വേണോടാ എന്ന് തൊമ്മിയോട് പട്ടേലർ ചോദിക്കുന്നുണ്ട്. സഹായത്തിന് നിലവിളിക്കുന്ന അടിയാത്തി പെണ്ണിന്റെ കരച്ചിൽ ശ്രദ്ധിക്കാതെ നിന്ന തൊമ്മിയുടെ ശ്രദ്ധ മുഴുവനും പട്ടേലരുടെ തോക്കിലാണ്. പട്ടേലൊരോടുള്ള ബഹുമാനം ഭീതി പരത്തുകയും അയാളുടെ അധികാരം ഉറപ്പിക്കുകയും ചെയ്യാൻ സഹായിക്കുന്ന ആ തോക്കിനോടുംതൊമ്മിക്കുണ്ട്. സ്വന്തം ഭാര്യയെ ബലാത്സംഗം ചെയ്ത പട്ടേലരെ കൊലപ്പെടുത്താൻ കിട്ടിയ ആ സുവർണ്ണാവസരം പോലും തൊമ്മി ഉപയോഗപെടുത്തുന്നില്ല. യജമാനന്റെ വാലാട്ടി പട്ടിയായ ഒരു അടിമയായി അയാൾ മാറി കഴിഞ്ഞിരുന്നു.

ഫിലിം വിഷൻ
filca
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി



ഇടയ്ക്ക് എപ്പോഴോ തന്റെ ഭാര്യക്ക് പട്ടേലരുടെ സെന്റിന്റെ മണം ആണെന്ന് പറഞ്ഞ് അയാൾ ചിരിക്കുന്നുണ്ട്. നിസ്സഹായനായ, ദുർബലനായ, പ്രതികരിക്കാൻ കരുത്തില്ലാത്ത ഒരു രണ്ടും കെട്ട ജന്മത്തെയും, അതേ അവസ്ഥ യിലായി തീർന്ന അയാളുടെ ഭാര്യയെയും നമുക്ക് കാണാം.

ക്രൂരനായ പട്ടേലർ ഒരുകാലത്ത് ശുദ്ധനും പാവമായിരുന്നു എന്ന് സിനിമയിലെ കപ്പിയാർ കഥാപാത്രം പറഞ്ഞുവെക്കുന്നു. പട്ടേലരുടെ കൂടെ നിൽക്കുന്നവർ തന്നെയാണ് അയാളെ ഈ അവസ്ഥയിൽ എത്തിച്ചത് എന്നും പറയുന്നുണ്ട്. അയാളുടെ കൂടെ കൂടിയാൽ നീ നശിച്ചുപോകുകയുള്ളൂ എന്ന് പുരോഹിതൻ പറഞ്ഞത് കേൾക്കാതെ അനുസരണയുള്ള ഒരു നായയെ പോലെ അപ്പോൾ വന്ന പട്ടേലുടെ ജീപ്പിൽ കയറിതൊമ്മി പോകുന്നതും കാണാം.

ആരുടെയും ഉപദേശങ്ങളെയും ചോദ്യം ചെയ്യലുകളെയും സഹിക്കാൻ കഴിയാത്ത പ്രകൃതമാണ് പട്ടേലർക്ക്. ധനികനും ജന്മിയുമായ പട്ടേലർ താമസിക്കുന്ന ആ വലിയ വീടിന്റെ പഴക്കവും അയാൾക്ക് ചുറ്റുമുള്ള ആളുകളുടെ രീതിയും വച്ചു നോക്കിയാൽ പ ട്ടേലരുടെ മുൻതലമുറയും ഇതേ പ്രകൃതക്കാരായിരുന്നു എന്ന് അനുമാനി ക്കേ ണ്ടി വരും. സ്വന്തം ഭർത്താവിനെ ദൈവത്തെപ്പോലെ കാണുന്ന തന്റെ ഭാര്യയുടെ അപേക്ഷകൾ അയാൾക്ക് സഹിക്കാനാകുന്നില്ല. ക്രൂരതകൾ ചെയ്തു കൂട്ടുമ്പോഴും തന്റെ വേലക്കാരനെ ചതിച്ച ഭാര്യയുടെ കാമുകനെ യും അയാൾ തല്ലി ചതക്കുന്നുണ്ട്. സ്വന്തം ഭാര്യയെ നിയന്ത്രിക്കാൻ നിനക്ക് ആയില്ലേ എന്ന് ചോദിച്ചു കൊണ്ടാണ് അയാൾ വേലക്കാരനെ തല്ലുന്നത്. ആ വിരോധാഭാസത്തെ പട്ടേലരുടെ ഭാര്യയും നിസ്സഹായതയോടെ നോക്കി നിൽക്കുന്നുണ്ട്. അവിടെയും നിസ്സഹായനാ യി നോക്കി നിൽക്കുന്ന തൊമ്മിക്ക് പട്ടേലരുടെ തോന്ന്യവാസങ്ങൾക്ക് പിന്നെയും കൂട്ടു നിൽക്കേണ്ടി വരുന്നു.



സ്വന്തം ഭാര്യയെ പട്ടേലർ ഉപയോഗിക്കുന്നതിന് സാക്ഷിയാകേണ്ടി വരുന്ന തൊമ്മിക്ക് പക്ഷേ പട്ടേലർ സ്വന്തം ഭാര്യയെ കൊലപ്പെടുത്താൻ തീരുമാനിക്കുമ്പോൾ അത് സഹിക്കാൻ കഴിയുന്നില്ല. അത് ചെയ്യരുത് എന്ന് തൊമ്മി അയാളോട് അപേക്ഷിക്കുന്നു. എങ്കിലും പട്ടേലർക്ക് വഴങ്ങി അയാൾ ആ ചതിക്കു കൂട്ടു നിൽക്കുകയും ചെയ്യുന്നു. ആ ശ്രമത്തി നിടയിൽ തൊമ്മിക്ക് വെടിയേൽക്കുകയും ചെയ്യുന്നു. പരിക്കേറ്റ് ചികിത്സയിലായിരുന്ന തൊമ്മിയെ കാണാൻ പട്ടേലരുടെ ഭാര്യ വരുന്നു. തൊമ്മിയുടെ ഭാര്യയെ പട്ടേലർ ഉപ യോഗിക്കുന്നുണ്ടെന്ന് അവർക്കറിയാം. പട്ടേലരുടെ ഭാര്യ കനിവുള്ളവളാണെന്ന് തൊമ്മിയുടെ ഭാര്യക്കും അറിയാം. പട്ടേലർ കാരണം വേദന അനുഭവിക്കുന്ന തങ്ങൾക്കിടയിൽ സ്നേഹത്തിന്റെ നീർച്ചാൽ ഒഴുകുന്നത് അവർ അറിയുന്നുണ്ട്.

ഒടുവിൽ ഒരു ബിസിനസുകാരനുമായി ഇടയുന്ന പട്ടേലരെ അയാളുടെ ആൾക്കാർ വെടിവെച്ച് വീഴ്ത്തുമ്പോൾ തൊമ്മി പൊട്ടിക്കരയുന്നത് കാണാം. സാധാരണ ജീവിതത്തിൽ കാണാത്ത ഒരു അസാധാരണ കാഴ്ചയാണത്. ഇതിനോ ടൊപ്പം മറ്റൊരു അസാധാരണത്വവും നമുക്ക് കാണാനാകും. തന്റെ തന്നിഷ്ടങ്ങളെ ചോദ്യം ചെയ്യുന്ന ഭാര്യയെ പട്ടേലർ കൊലപ്പെടു ത്തുന്നുണ്ട്. കൊലപാതകത്തിനു ശേഷം അവളെ കൊന്നത് താനാണ് എന്ന് തന്റെ ഭാര്യ അറിഞ്ഞിട്ടുണ്ടാകുമോ എന്ന് പട്ടേലർ ഭയക്കുന്നുണ്ട്. പട്ടേലരുടെ സ്വഭാവ പ്രകൃതമ

നുസരിച്ച് അങ്ങനെയൊരു ഭയം അയാൾക്ക് ഉണ്ടാകേണ്ടതല്ല. ഒരുപക്ഷേ പട്ടേലർ തന്റെ ഭാര്യയിൽ കണ്ടത് ക്രൂരനായ തന്റെ അച്ഛന്റെ പീഡനങ്ങളേറ്റു മരണപ്പെട്ടുപോയ തന്റെ അമ്മയെ തന്നെയാകാം.

തന്റെ ഭാര്യ ശുദ്ധയും പാവവും പതിവ്രത യുമായ ഒരു സ്ത്രീയാണെന്ന് അയാൾക്കറിയാം. എങ്കിലും സ്വന്തം അച്ഛനെപ്പോലെതന്നെ തനിക്ക് തടസ്സം നിൽക്കുന്ന ആരെയും വെറുതെ വിടാൻ അയാൾക്ക് കഴിയുന്നില്ല. താൻ ഒരിക്കൽ ഭയപ്പെട്ടിരുന്ന തന്റെ അച്ഛന്റെ ഹീനമായ പ്രവർത്തികൾ ആവർത്തിക്കുന്നത് കൊണ്ടുകിട്ടുന്ന അധികാരപ്രയോഗത്തിന്റെ സുഖം അയാളെ കീഴ്പെടുത്തിരുന്നു.

ഒടുവിൽ സ്വന്തം ഭാര്യയെ കൊലപ്പെടുത്തിയ തിന്റെ കുറ്റബോധം തന്നെ കീഴ്പ്പെടുത്തുമെന്ന് തോന്നുമ്പോൾ ആത്മഗതം എന്നോണം അയാൾ തൊമ്മിയോടായി പറയുന്നുണ്ട്. അവളെ കൊല്ലാൻ നിന്നോട് പറഞ്ഞാൽ മതിയായിരുന്നു എന്ന്. ആ പറച്ചിൽ തൊമ്മിയെ നടുക്കി കളയുന്നു. എങ്കിലും ആ സംഭവം മുതൽ പട്ടേലരിൽ ഉണ്ടാകുന്ന ഒരു ട്രാൻസിഷൻ നമുക്ക് കാണാനാകുന്നതാണ്. യൂസഫിന്റെ ആളുകളെയും ഭാര്യയുടെ വീട്ടുകാരെയും പോലീസുകാരെയും ഭയന്ന് പട്ടേലർ നാടുവിടുന്നു. എങ്കിലും അയാളെ അപ്പോഴും പിന്തുടരുന്നത് ഭാര്യയെ കൊന്നതിലുള്ള കുറ്റബോധമാണ് എന്ന് പട്ടേലരുടെ മരണ സമയത്തെ വാക്കുകൾ തളിയിക്കുന്നുണ്ട്.

ദിവസങ്ങൾക്കുശേഷം പട്ടേലർ തിരിച്ചെത്തുന്നു. എല്ലാവരെയും നഷ്ടപ്പെടുത്തിയ തന്റെ കൂടെ നിൽക്കാൻ തൊമ്മി മാത്രമേ കാണുകയുള്ളൂ എന്ന വിശ്വാസം അയാൾക്കുണ്ടായിരുന്നു തോന്നുന്നു. യാത്ര പറയുന്ന തന്നെ നോക്കി തന്റെ ഭാര്യ പൊട്ടിക്കരയുന്നത് കണ്ട തൊമ്മി അവളെ ആശ്വസിപ്പിക്കുന്നത്, എന്തിനാ ഭയക്കുന്നത് പട്ടേലരുടെ കൂടെ താൻ ഇല്ലേ എന്നു പറഞ്ഞാണ്. തന്റെ സാഹചര്യവും അടിമത്തവുമായി അയാൾ അത്രത്തോളം സമരസപ്പെട്ടു എന്ന് ഇതിലൂടെ മനസ്സിലാക്കാം.


യൂസഫിന്റെ ആളുകൾ തന്നെ വളഞ്ഞു പിടിക്കുന്നതിന് മുൻപ് പോലും താനാണ് കൊന്നത് എന്ന് തന്റെ ഭാര്യ അറിഞ്ഞു കാണുമോ എന്ന് തൊമ്മിയോട് പട്ടേലർ ചോദിക്കുന്നുണ്ട്. തന്റെ നേരെ തോക്ക് ചൂണ്ടു വന്നവർക്ക് നേരെ ഒരു വെടി പോലും ഉതിർക്കാതെ പട്ടേലർ തോക്ക് ഉയർത്തി കീഴടങ്ങുന്നത് കാണാം. അത് തൊമ്മിയുടെ മുമ്പിലും മരിച്ചുപോയ ഭാര്യയുടെ മുമ്പിലും, താൻ തെറ്റ് ചെയ്തിട്ടുള്ള മറ്റെല്ലാവരുടെയും മുമ്പിലുമുള്ള കീഴടങ്ങലാണ്. മാപ്പു പറയാൻ പട്ടേലർ എന്ന ക്രൂരനായ മനുഷ്യന് കഴിയുന്നില്ല. അയാൾ തന്റെ അനിവാര്യമായ വിധിക്ക് വിധേയനാ യിത്തീരുന്നു. അപ്പോഴും തൊമ്മി പൊട്ടിക്കരയുന്നുണ്ട്. പിന്നീട് പട്ടേലരുടെ അന്ത്യം ഭാര്യയെ അറിയിക്കാൻ അയാൾ കുതിച്ചു പായുന്നതും കാണാം. തൊമ്മി തന്റെ പുരുഷത്വം വീണ്ടെടുക്കുന്നതായി കാണിക്കുന്നില്ല. ഈ സിനിമ ആ കാല ഘട്ടത്തിലെ സ്വാഭാവിക ജീവിതത്തിന്റെ അസ്വാഭാവികതകളെ വരച്ചു കാട്ടുന്ന ഒന്നാണ്.

അടൂർ സിനിമകൾ നേർക്കാഴ്ചകളിൽ ഫോക്കസ് ചെയ്തിരിക്കുന്നത് കൊണ്ട് തന്നെ അവയിലെ സംഭവങ്ങളും മനുഷ്യരും എന്തുകൊണ്ട് അങ്ങനെ പെരുമാറുന്നു , എങ്ങനെയൊക്കെ അവരുടെ സാഹചര്യങ്ങളിൽ അവർ എത്തിച്ചേരുന്നു എന്നുള്ളത് വിശദവും ആഴത്തിലും ഉള്ള പഠനങ്ങളിലൂടെയല്ലാതെ വിശദമാക്കാനാവില്ല. ഈ ലേഖനത്തിലൂടെ ഉദ്ദേശിച്ചത് മേൽപ്പറഞ്ഞ അടൂർ സിനിമ കളിലെ പുരുഷ കഥാപാത്രങ്ങളുടെ ഒരു പൊതു സ്വഭാവം ചുരുങ്ങിയ വാക്കുകളിലൂടെ വരച്ചു കാട്ടുക മാത്രമാണ്.

# അടൂർ ഗോപാലകൃഷ്ണൻ ഫിലിം ആർക്കൈവ് ആൻഡ് റിസർച്ച് സെന്റർ അമേരിക്ക



പി.എസ്.ജ്യോതിഷ്കുമാർ
( ഫിൽക്ക)



വിശ്വവിഖ്യാതനും അതോടൊപ്പം മലയാളത്തിന്റെ സ്വന്തവുമായ ചലച്ചിത്ര സംവിധായകൻ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ പൈതൃകത്തെ ആദരിക്കുന്നതാണ് അമേരിക്കയിൽ , യൂനിവേഴ്സിറ്റി ഓഫ് വിസ്കോൺസിൻ - മിൽവോക്കിയിൽ സ്ഥിതി ചെയ്യുന്ന , അടൂർ ഗോപാലകൃഷ്ണൻ ഫിലിം ആർക്കൈവ് ആൻഡ് റിസർച്ച് സെന്റർ.അദ്ദേഹത്തിന്റെ സിനിമകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ ഈ സ്ഥാപനം അദ്ദേഹത്തിലെ ചലച്ചിത്രകാരന്റെ ആത്മാവ് ഉൾക്കൊ് പുതിയ സിനിമകൾ സൃഷ്ടിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ പ്രിയ പത്നി, 2015-ൽ അന്തരിച്ച സുനന്ദ ഗോപാലകൃഷ്ണന്റെ ബഹുമാനാർത്ഥം 2015 ജൂണിൽ സ്ഥാപിച്ച സുനന്ദ ഗോപാലകൃഷ്ണൻ ഡിജിറ്റൽ ഫിലിം ആർക്കൈവിൽ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ ചിത്രങ്ങൾ ഡിജിറ്റൽ ഫോർമാറ്റിൽ (ബിആർഡി) സൂക്ഷിച്ചിരിക്കുന്നു. ഗുണനിലവാരം സംരക്ഷിക്കുന്നതിനായി, യഥാർത്ഥ 35mm പ്രിന്റുകളും ഡിജിറ്റൽ ഫോർമാറ്റുകളും ഡണങ്ങ ലൈബ്രറികളിൽ ആർക്കൈവ് ചെയ്തിരിക്കുന്നു. ഓൺസൈറ്റ് കാണുന്നതിനും സമൂഹത്തിൽ ഇടപഴകുന്നതിനും പ്രബോധന, ഗവേഷണ ആവശ്യങ്ങൾക്കും അവയുടെ പകർപ്പുകൾ ലഭ്യമാണ്.

സിനിമകൾ അവയുടെ യഥാർത്ഥ ഫോർമാറ്റിൽ പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി, ഒരു ആർക്കൈവൽ 35 എംഎം പ്രൊജക്ടർ സിസ്റ്റം ഉൾപ്പെടുത്തി UWM യൂണിയൻ തിയേറ്ററിനെ മാറ്റം വരുത്തിയിട്ടു്.

ശ്രീ. അടൂർ ഗോപാലകൃഷ്ണനെ ആദരിച്ചും അദ്ദേഹത്തിന്റെ പ്രിയപ്പെട്ട അമ്മ ശ്രീമതി ഗൗരി കുഞ്ഞമ്മയെ സ്മരിച്ചും ഉപഹാരം നൽകിക്കൊം അടൂർ ഗോപാലകൃഷ്ണൻ ഫിലിം ആർക്കൈവ് ആൻഡ് റിസർച്ച് സെന്റർ ഫിലേക്കുള്ള സംഭാവനകൾ സെന്ററിന്റെ അക്കാദമിക് ഗവേഷണത്തിനും പാഠ്യപദ്ധതി പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്നു.

ഫിലിം, വീഡിയോ, ആനിമേഷൻ, ന്യൂ ജേർണേഴ്സ് വകുപ്പിലെ വിദ്യാർത്ഥികൾക്ക് അടൂർ ഗോപാലകൃഷ്ണന്റെ, സിനിമയെക്കുറിച്ചോ അദ്ദേഹത്തിന്റേത് പോലെയുള്ള മറ്റ് ഇന്ത്യൻ സിനിമകളെക്കുറിച്ചോ പഠിക്കാനും സാധിക്കുന്നു .

അടൂരെന്ന ചലച്ചിത്രകാരന്റെ തനിമയിൽ നൂതനവും ധീരവും വിട്ടുവീഴ്ചയില്ലാത്തതുമായ ആവിഷ്കാരങ്ങൾ സൃഷ്ടിക്കുന്ന പുതിയ സിനിമകൾ സൃഷ്ടിക്കാനും അതുവഴി ലോകവുമായി വിമർശനാത്മക സംഭാഷണങ്ങളിൽ ഏർപ്പെടുവാനും പ്രോത്സാഹനവും സാമ്പത്തിക പിന്തുണയും ഈ സെന്റർ നൽകുന്നു.

# നൊമ്പരത്താൽ ഇണക്കപ്പെട്ട പ്രണയ ജീവിതം നയിച്ച രണ്ടു ചലച്ചിത്ര പ്രതിഭകൾ




ജോൺ തോമസ്
( ഫിൽക്ക)





ച അവിസ്മരണീയമായ ഒരുപറ്റം സിനിമകൾ സമ്മാനിച്ചു കൊണ്ടാണ് ഓരോ ചലച്ചിത്രമേളയും കടന്നുപോവുക. അത്തരത്തിലുള്ള കുറേ സിനിമകൾ കാണാൻ കഴിഞ്ഞ ഒരു ചലച്ചിത്രമേളയായിരുന്നു 2024 ജൂലൈ മാസത്തിൽ നടന്ന ഇൻറർ നാഷണൽ ഡോക്യുമെൻററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ കേരള (ഐ. ഡി.എസ്.എഫ.എഫ്.കെ). വർണ്ണ വിവേചനം പശ്ചാത്തലമായ റൗൾ പെക്കിന്റെ ലോസ്റ്റ് ആൻഡ് ഫൌണ്ട് എന്ന ഉദ്ഘാടന ചിത്രം, ബേദി സഹോദരന്മാരുടെ ഹിമ കരടികളുടെ ജീവിതത്തെ ആസ്പദമാക്കിയ ചെയ്സിംഗ് ഷാഡോസ് അടക്കമുള്ള സിനിമകൾ, ഋത്വിക് ഘട്ടക്, അപർണാ സെൻ, ഹിന്ദുസ്ഥാനി ഗായിക അന്നപൂർണ്ണാ ദേവി, ചിത്രകാരൻ സുധീർ പട് വർദ്ധൻ,ആനന്ദതീർത്ഥൻ, ഗ്രോ വാസു, ചെലവൂർ വേണു തുടങ്ങിയവരുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഡോക്യുമെൻററികൾ, ചിത്രകാരനും ശില്പിയുമായ ആൻസലം കീഫറിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി നിർമ്മിച്ച വിം വെൻഡേഴ്സിന്റെ ത്രീഡി സിക്സ് കെ ചിത്രം, കർഷക സമരം പശ്ചാത്തലമാക്കി സൃഷ്ടിച്ച ഡോക്യുമെൻററി, ആനന്ദ് പട് വർദ്ധന്റെ വസുധൈവ കുടുംബകം എന്ന ഡോക്യുമെൻററി, ഇവ അവയിൽ ചിലതായിരുന്നു.

റോഡ് ലെസ് ട്രാവൽഡ്: പോർ ട്രേറ്റ് ഓഫ് ലിവ് ഉൾമാൻ എന്ന തലക്കെട്ടിൽ അവതരിപ്പിച്ച രണ്ട് ഡോക്യുമെൻററി ചിത്രങ്ങൾ സവിശേഷമായ ശ്രദ്ധിയാകർഷിച്ചു.അവയെ ക്കുറിച്ചാണ് ഈ കുറിപ്പ്.
2012ൽ നിർമ്മിച്ച ലിവ് ആൻഡ് ഇംഗ് മാർ, 2023ൽ റിലീസ് ചെയ്ത ലിവ് ഉൾമാൻ:എ റോഡ് ലെസ് ട്രാവൽഡ് എന്നിവയായിരുന്നു ആ ചിത്രങ്ങൾ. ലണ്ടൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇന്ത്യക്കാരൻ ധീരജ് അകോൽക്കർ ആണ് ഈ ര ണ്ടു ചിത്ര ങ്ങളുടെയും സംവിധായകൻ. ലിവ് & ഇംഗ് മാർ എന്ന ചിത്രത്തിന്റെ ശബ്ദ രൂപകൽപ്പന നിർവഹിച്ചത് റസൂൽപൂക്കുട്ടിയാണ്. ലിവ് ഉൾമാനെ പരിചയപ്പെടാൻ ഇടയായതും ഈ സിനിമയുടെ നിർമ്മാണ പ്രക്രിയയിൽ ഭാഗമാകാൻ കഴിഞ്ഞതും തന്റെ ജീവിതത്തിലെ ധന്യ നിമിഷങ്ങളിൽ ഒന്നായിരുന്നുവെന്ന് സിനിമയ്ക്കു മുൻപ് പ്രേക്ഷകരെ അഭിസംബോധന ചെയ്ത വേളയിൽ അദ്ദേഹം ഓർമ്മിച്ചു.

നോർവീജിയൻ മാതാപിതാക്കൾക്ക് ടോക്കിയോയിൽ പിറന്ന ലിവിന്റെ ബാല്യം ഹാൻസ് ക്രിസ്ത്യൻ ആൻഡേഴ്സൺ കൃതികൾ വായിച്ചും ഹാൻസ് ആൻഡ് ഗ്രെറ്റൽ പോലുള്ള കഥകൾ കേട്ടുമായിരുന്നു. സ്കൂൾ ക്ലാസുകളിൽ സാഹിത്യകൃതികൾ വായിച്ച് അവതരിപ്പിച്ചതിലൂടെ തന്റെ അഭിനയ ശേഷി തിരിച്ചറിഞ്ഞുവെന്നവർ പറയുന്നു.

നോർവീജിയൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം ലഭിക്കാൻ ഉള്ള ശ്രമം പ

പെഴ്സോണയിൽ അഭിനയിക്കുവാൻ വേണ്ടി ക്ഷണിക്കുകയായിരുന്നു. വിശ്വപ്രസിദ്ധനായ സംവിധായകന്റെ ക്ഷണം അത്ഭുതത്തോടും ആദരവോടും സ്വീകരിച്ചു എന്ന് അവർ പറയുന്നു.

വിവാഹിതയായിരുന്ന തന്നെക്കാൾ ഏറെ മുതിർന്നയാളും കുടുംബസ്ഥനുമായിരുന്ന ബർഗ്മാന് ഒപ്പം അദ്ദേഹത്തിന്റെ പ്രസിദ്ധമായ 11 സിനിമകളിൽ അഭിനയിക്കുകയും അദ്ദേഹത്തിന്റെ ജീവിതപങ്കാളിയായി സ്വീഡനിലെ ഫൊറോ ദ്വീപിലെ ഭവനത്തിൽ താമസം ആരംഭിക്കുകയും ചെയ്യുന്നു. സീൻസ് ഫ്രം ദ് മാര്യേജ്,ഫേസ്, ഓട്ടം സോണറ്റ, സാറബാൻഡ് എന്നിവയൊക്കെ ഈ കാലയളവിൽ രൂപം കൊണ്ട സിനിമകളാണ്. എഴുത്തുകാരി, പത്രപ്രവർത്തക എന്നീ നിലകളിൽ ശ്രദ്ധേയയായ ലിൻ ഉൾമാൻ ഈ ബന്ധത്തിൽ പിറന്ന മകളാണ്.

എന്നാൽ ഏകാന്തത ഇഷ്ടപ്പെട്ട ഏറെക്കുറെ അന്തർമുഖനായ ബർഗ്മാന് ഒപ്പമുള്ള ജീവിതം ഒരു കാരാഗ്രഹ വാസം പോലെ തോന്നിച്ചു എന്നവർ പറയുന്നു. മനുഷ്യർ തമ്മിലുള്ള ബന്ധം, പ്രതിസന്ധികളിൽ ഈശ്വരനെ തിരയുന്ന നിസ്സഹായനായനും നിരാലംബനുമായ മനുഷ്യൻ, മനുഷ്യന്റെ മന: പോരാട്ടങ്ങൾ ഇവയൊക്കെ അത്രമേൽ ശക്തമായി സിനിമയിൽ ആവിഷ്കരിച്ച ബർഗ്മാൻ എന്ന പ്രതിഭാശാലി ഫാരോ ദ്വീപിൽ തന്റെ സിനിമകൾക്ക് രംഗഭാഷ തയ്യാറാക്കുന്നതിനും സംഗീതം ശ്രവിക്കുന്നതിനും ആണ് കൂടുതൽ സമയവും ചെലവഴിച്ചത്.

കടൽ ഇരമ്പം കേൾക്കാവുന്ന ആ ദ്വീപിൽ സന്ദർശകർ വിരളമായിരുന്നു. കടുത്ത പ്രകാശത്തേക്കാൾ, അരണ്ട വെളിച്ചമാണ് തനിക്ക് ഇഷ്ടമെന്ന് മറ്റൊരു അഭിമുഖത്തിൽ ബർഗ്മാൻ പറയുന്നു്. ഇത്തരം ഒരു അവസ്ഥയിൽ മകളാണ് തനിക്ക് പലപ്പോഴും കൂട്ടെന്ന് ലിവ് ഓർക്കുന്നു. സംവിധായകൻ ഗൊദാർദും നടി അന്ന കരീനയും തമ്മിലുള്ള ഭാര്യാ ഭർതൃബന്ധം ആവിഷ്കരിച്ച റീ ഡൗട്ട ബിൾ എന്ന സിനിമ ഈ അവസരത്തിൽ ഓർമ്മ വന്നു. അന്ത:ഛിദ്രം നിറഞ്ഞ ആ ബന്ധത്തിൽ നിന്നും അഞ്ചു വർഷത്തിനു ശേഷം മനസ്സില്ലാ മനസ്സോടെ അവർ സ്വതന്ത്രയായി നോർവേക്ക് പോകുന്നു. ഏതു ഭാവവും പ്രത്യേകിച്ച് ശോകം ഫലപ്രദമായി ആവിഷ്കരിക്കാൻ കഴിയുന്ന തന്റെ പ്രിയ നടിയുടെ പിരിഞ്ഞു പോക്ക് ബർഗ്മാനും സന്തോഷപ്രദമായിരുന്നില്ല.

ഓണററി ഓസ്കാർ വരെ നേടുന്ന നടിയായി ലിവ് പിന്നീട് പേരെടുത്തു. ഗ്രേറ്റ ഗാർബോയ്ക്കു ശേഷം ഈ പുരസ്കാരം നേടുന്ന നോർവീജിയൻ നടിയാണ് ലിവ്. ഹോളിവുഡിൽ നടിയും സംവിധായകയും ആകുന്നു. എന്നാൽ ഹോളിവുഡിന്റെ പരിമിതികൾ തിരിച്ചറിഞ്ഞപ്പോൾ അവർ തിരികെ നോർവെയിൽ എത്തുന്നു.

അഭയാർത്ഥി പ്രശ്നം, യുദ്ധം, പലായനം, ദാരിദ്ര്യം എന്നിവയിലൊക്കെ തന്റെ നിലപാടുകൾ വ്യക്തമാക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിത്വമായി അവർ മാറി. യൂണിസെഫിന്റെ ഓണററി അംബാസിഡറായി പ്രവർത്തിച്ചു. അവരുടെ ആത്മകഥ, ചെയ്ഞ്ചിങ് ബെസ്റ്റ് സെല്ലർ ആയി മാറി. ബർഗ്മാനിൽ നിന്നും പിരിഞ്ഞ ലിവ് അദ്ദേഹത്തിന്റെ സുഹൃത്തായി തുടർന്നു. അദ്ദേഹത്തിന്റെ സ്ക്രീൻപ്ലേകളെ അധികരിച്ച് സിനിമകൾ നിർമ്മിച്ചു . സംവിധാന രംഗത്തെ തന്റെ പുതിയ



കാൽവെപ്പുകളിൽ അദ്ദേഹത്തിന്റെ ഉപദേശം തേടിയിരുന്നു. തന്റെ ഉയർച്ചയ്ക്ക് അദ്ദേഹം ഒരു നിമിത്തം ആയിരുന്നു വെന്ന് അവർ തുറന്നു പറഞ്ഞു. അവർ പരസ്പരം അയച്ച കത്തുകളും സുവനീറകളും ഇരുവരും നിധി പോലെ സൂക്ഷിച്ചുവച്ചു. ബർഗ്മാൻ മരിക്കുന്ന ദിവസം ഒരു ഇൻറ്റ്യൂഷനിലൂടെ എന്ന പോലെ അവർ സ്വീഡനിൽ എത്തി അദ്ദേഹത്തെ കണ്ട കാര്യവും പറയുന്നുണ്ട്.

ലിവ് ഉൾമാനുമായുള്ള പ്രണയവും പൊരുത്തക്കേടും കലഹവും ഒക്കെ തന്നെ വിവിധ ചിത്രങ്ങളിൽ വ്യത്യസ്ത കഥാപാത്ര ങ്ങളിൽ കൂടി ബർഗ്മാൻ ആവിഷ്കരിച്ചു. ആ ചിത്രങ്ങളിൽ നിന്നുള്ള ഫുട്ടേജുകൾ ഈ ഡോക്യുമെൻററികളിൽ ഉചിതമായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്.

ഒരു ബർഗ്മാൻ ചിത്രത്തിന് ചേരുന്ന ഛായാഗ്രഹണവും ഹൃദ്യമായ സംഗീതവും ഈ ചിത്രത്തിൻെറ ഗാംഭീര്യം വർദ്ധിപ്പിക്കുന്നു. ലിവ് ഉൾമാന്റെ ജീവിത സങ്കല്പങ്ങളും തുറന്നു പറച്ചിലുകളും നമ്മെ ആകർഷിക്കും. തങ്ങൾ തമ്മിലുള്ള ബന്ധത്തെ ‘painfully connected’ എന്നവർ വിശേഷിപ്പിക്കുന്നു. പ്രഗൽഭനായ ചലച്ചിത്ര സംവിധായകനും വിശ്രുതയായ നടിയും തമ്മിലുള്ള ബന്ധത്തിന്റെ ചിത്രീകരണത്തിലൂടെ ആ രണ്ടു വ്യക്തിത്വങ്ങളുടെ ജീവിതം അനാവരണം ചെയ്യുന്നതോടൊപ്പം മികച്ച ജീവിത പാഠങ്ങൾ നൽകുകയും ചെയ്യുന്ന ഡോക്യുമെൻററികളായിരുന്നു ഇവ. ●











ഫിലിം വിഷൻ
Adoor Gopalakrishnan Film Festival
Published by Filca Film Society
KSFDC
കേരള ഭാഗ്യക്കുറി




# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app


FILM VISION MONTHLY MARCH 2024 RS. 2/ RNI-KER BIL/2002/8043


**Membership**


| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090


വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




★ 13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ജലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online



| | | |
|---|---|---|
| Chief Editor | - | Dr. B. Radhakrishnan. |
| Associate Editors | - | Jyothishkumar, Girija Surendran. |
| Design | - | Shaji CAD |
| Circulation | - | Vinodkumar P. |
| Editor and Publisher | - | Sabu Sankar , General Secretary, FILCA, PB 2224. Trivandrum -10. Kerala. |